നവംബർ 2017

Price ₹ 25

# ജീവനും വെളിച്ചവും




ക്രിസ്തുരാജത്വ തിരുനാൾ മഹോത്സവം
സെന്റ് മേരിമഗ്ദലേന ദേവാലയം, പരുത്തിയൂർ
2017 നവംബർ 17 മുതൽ 26 വരെ
40 മണിക്കൂർ
ദിവ്യകാരുണ്യ ആരാധനയും
ദിവ്യകാരുണ്യ പ്രദിക്ഷണം
നവംബർ 22
എല്ലാം മാസാദ്യ വെള്ളിയാഴ്ചകളിൽ
ആരാധന, കുമ്പസാരം,
കൗൺസിലിംഗ്, കൈവയ്പ്
ശുശ്രൂഷയും ദിവ്യബലിയും
ഭക്തജനങ്ങൾക്ക് സ്വാഗതം

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2017 നവംബർ
പുസ്തകം - 41 ലക്കം - 11
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. ലോറൻസ് കുലാസ്
ഫാ. ശാന്തപ്പൻ എം.
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
ഫാ. ദീപക് ആന്റോ
**പത്രാധിപ സമിതി**
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യൂ വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ

# ലത്തീൻ സഭയുടെ ചരിത്ര മുഹൂർത്തം

ഏറെ ശ്രദ്ധേയമായിരുന്നു 2017 ഒക്ടോബർ 6, 7, 8 തീയതികളിൽ വല്ലാർപാടത്ത് കേരള ലത്തീൻ സഭ സംഘടിപ്പിച്ച മിഷൻ കോൺഗ്രസും ബിസിസി കൺവെൻഷനും. അത് ലത്തീൻ സഭയുടെ സമഗ്രമായ മുന്നേറ്റ പ്രക്രിയയിൽ നിർണായകമായൊരു നാഴിക കല്ലായി ഭവിച്ചു വെന്നത് എല്ലാവർക്കും അഭിമാനിക്കാൻ വക നല്കുന്നു. സഭ അതിൽ തന്നെ പ്രേഷിതയാണെന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനത്തെ കാലിക പ്രസക്തിയോടെ ഏറ്റെടുക്കുവാൻ ലത്തീൻ സഭ സന്നദ്ധമായത് മാതൃകപരമാണ്.

കേരളത്തിലെ 12 ലത്തീൻ രൂപതകളെയും കഴിഞ്ഞ 15 വർഷമായി ഏകോപിപ്പിക്കാൻ നടത്തിവന്ന ശ്രമങ്ങളുടെ ഫലമാണ് ഈ മഹാസംഗമമെന്ന് വിശേഷിപ്പിക്കാം. സംഘാടനത്തിലെ മികവ് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. ഒരു പിന്നാക്ക സമുദായമെന്ന വിശേഷണം ഒരു ഭൂഷണമല്ല എന്ന തിരിച്ചറിവോടെ വളരുവാൻ ഇച്ഛാശക്തിയോടെ മുന്നേറുന്ന ഒരു സഭാ സമൂഹമാണെന്ന് ലത്തീൻസഭ തെളിയിച്ചിരിക്കുന്നു. ഇതൊരു വെല്ലുവിളികൂടിയാണ്. ഓരോ നേട്ടവും മുന്നോട്ടുപോകാനുള്ള അവസരവും സാധ്യതയുമാണ്. ഏകോപിപ്പിക്കപ്പെട്ട ലത്തീൻ സഭയുടെ ശക്തി ക്രിയാത്മകമായി ഉപയോഗിക്കുവാൻ നമുക്ക് വീണ്ടും സാധിക്കണം.

മിഷൻ കോൺഗ്രസും ബിസിസി കൺവെൻഷനും ഒരു അസുലഭ അനുഭവമായിരുന്നു. ഏറെ ആശങ്കയോടെയാണ് തങ്ങളുടെ ഭവനങ്ങളിലേക്ക് സംഗമ പ്രതിനിധികളെ സ്വീകരിക്കാൻ പലരും സന്നദ്ധത പ്രകടിപ്പിച്ചത്. അറിയാത്തൊരു ഭവനത്തിൽ താമസിക്കുന്നതിന്റെ സാങ്കേതികത്വവും പ്രതിനിധികൾക്ക് ആകാംക്ഷ ഉളവാക്കിയിരുന്നു. പക്ഷേ, അനുഭവങ്ങൾ തികച്ചും വ്യത്യസ്തമായിരുന്നു. തങ്ങൾക്കുള്ളത് പങ്കുവച്ചതും കുടുംബകൂട്ടായ്മകളിലെ അനുഭവങ്ങളും ആതിഥേയ മര്യാദയും വിശ്വാസ സാക്ഷ്യങ്ങളും ശുശ്രൂഷയിലൂന്നിയ നേതൃശൈലികളും ഒരുമിച്ചുളവാക്കിയ ആ അനുഭവം ഏറെ വിലപ്പെട്ട ഒരു നിധിയായിട്ടാണ് വിലയിരുത്തപ്പെട്ടത്.

ഡിസംബർ ആദ്യ ഞായർ സമുദായ ദിനമായി ആചരിച്ചുവരികയാണല്ലോ. മിഷൻ കോൺഗ്രസും ബിസിസി കൺവെൻഷനും പകർന്നുതന്ന ദിശാബോധവും പ്രേഷിത ചൈതന്യവുമാകണം മുന്നോട്ടുള്ള ഏതൊരു സംരംഭത്തിലും നാം പ്രതിഫലിപ്പിക്കേണ്ടത്. വരുവിൻ, സഭാ മക്കളായ നമുക്കോരോരുത്തർക്കും ജീവിതചുറ്റുപാടുകളിൽ ക്രിസ്തുസ്നേഹത്തിന്റെ ശുശ്രൂഷകരും സുവിശേഷത്തിന്റെ പുത്തൻ പ്രേഷിതരുമാകാം. ഈ ലക്കത്തിലെ വിഭവങ്ങൾ അതിന് നമ്മെ സഹായിക്കട്ടെ...

- പത്രാധിപർ




## ആത്മീയത പള്ളിക്കു പുറത്തും വേണം

'നിങ്ങൾ സർവ്വാംഗം ശുദ്ധിയുള്ളവരായിരിക്കുവിൻ എന്ന വർത്തമാനം വായിച്ചു. മിഷൻകോൺ ഗ്രസ് വല്ലാർപാടത്തുനടക്കുന്ന അവസരത്തിൽ വന്ന ലേഖനം 'വല്ലാർപാടത്തും' ചർച്ചചെയ്യപ്പെടേണ്ടതായിരുന്നു, സ്വയം വിമർശനം എപ്പോഴും നല്ലതാണ്. ആത്യന്തികമായി വിശ്വാസക്കുറവുള്ളതിനാൽ പല പ്രവർത്തനങ്ങൾക്കും വേണ്ടത്ര ഫലം പുറപ്പെടുവിക്കാൻ കഴിയുന്നില്ല.

മീൻചരുവം ചുമന്ന് തലയും നടുവും തളർന്ന നമ്മുടെ അമ്മപെങ്ങന്മാർക്ക് എന്നാണ് അതിൽ നിന്നും മോചനം? പകൽ മുതൽ പാതിരാ വരെ ജീവിതഭാരം ചുമക്കുന്ന ഇവരുടെ കണ്ണീര് എന്നാണ് ഉണങ്ങുക?

പള്ളിക്കു പുറത്ത് ആത്മീയതയില്ലാത്തത് ലത്തീൻ സമുദായത്തിന്റെ വിശ്വാസക്ഷയത്തിന്റെ മുഖ്യ കാരണമാണ്. ദൈവാലയത്തിനകത്തല്ല പുറത്താണ് ആത്മീയ ചൈതന്യത്തിന്റെ ശോഭ പടർത്തേണ്ടത്. ലേഖകന് അഭിനന്ദനങ്ങൾ..

ജെറാൾഡ് ബി.മിരാൻഡ
മുരുക്കുംപുഴ

## സംതൃപ്ത കുടുംബത്തിന് 10 കൽപ്പനകൾ

ഫാമിലി കോർണറിൽ ഫാ. എ.ആർ. ജോൺ എഴുതിയ ലേഖനം കുടുംബജീവിത സന്തോഷത്തിന് പത്തുകല്പനകൾ എന്നുവിശേഷിപ്പിക്കാം. കുമ്പസാരക്കൂടിൽ നമ്മൾ എല്ലാം ഏറ്റുപറഞ്ഞ് മനസ്താപത്തോടെ എഴുന്നേറ്റുപോകുന്നപോലെ തെറ്റുകുറ്റങ്ങൾ ദമ്പതികൾക്ക് പരസ്പരം ഏറ്റുപറയാനുള്ള ഇടമാകണം കുടുംബം. കണ്ണീരൊപ്പാൻ കൈനീട്ടുമ്പോഴും കൈയോങ്ങി കരണത്തടിക്കേണ്ട ഗതികേടിലേക്ക് ഭർത്താവിനെ തള്ളിവിടുന്നത് ഭാര്യമാരാണ്. ധാർഷ്ട്യവും മർക്കടമുഷ്ടിയും അതിന്റെ പ്രേരകങ്ങളായി മാറുന്നു. ദമ്പതികൾ മാലാഖമാരല്ലായിരിക്കാം. കുറവുകളില്ലാത്തവരുമില്ല. ആ കുറവുകളോടെ സ്നേഹിക്കുമ്പോഴും പരസ്പര ബഹുമാനില്ലാത്ത സ്നേഹം കൊണ്ട് എന്തുപ്രയോജനമെന്ന് ചിന്തിച്ചു പോകുന്ന അവസരങ്ങളും ദാമ്പത്യ ജീവിതത്തിൽ ധാരാളം. ദമ്പതികൾ ഉദ്യോഗസ്ഥരാണെങ്കിൽ നീയോ ഞാനോ വലുത് എന്ന മനോഭാവം കുടുംബജീവിതത്തെ ശിഥിലമാക്കുന്നു.

മക്കളോട് സ്നേഹം പ്രകടിപ്പിക്കുന്നത് എന്തോ കുറവാണെന്ന ഗർവ് പലപ്പോഴും മക്കളെ മാതാപിതാക്കളിൽ നിന്നുമകറ്റുന്നു. പ്രകടിപ്പിക്കാത്ത സ്നേഹം ചവറ്റുകുട്ടയിലെ പവിഴം പോലെയാണെന്നത് സമ്മതിക്കുമ്പോഴും, മകളെ പവിഴം പോലെ സംരക്ഷിച്ച മാതാപിതാക്കളെ അവരുടെ വാർധക്യകാലത്ത് വേസ്റ്റു പോലെ ചവറ്റുകുട്ടയിലെറിയുന്നതിന് എന്ത് ന്യായീകരണം. ദാരിദ്ര്യം ഭവനത്തിൽ കൊടികുത്തി വാഴുമ്പോഴും പൊങ്ങച്ചത്തിന് ഒരു കുറവും വരുത്താതെ സാമ്പത്തിക ഭദ്രത തകർന്ന് സ്നേഹവും കൂട്ടായ്മയും അടുക്കള വാതിലിലൂടെ പുറത്തേക്ക് ചാടുന്നതിന് ഉത്തരവാദികൾ നമ്മൾ തന്നെയല്ലേ.

സാബു ജോളിലാൻഡ്
പുതുക്കുറുച്ചി.

## 'ബാർ' ദൂര സിദ്ധാന്തം

ഫോർസ്റ്റാർ, ഫൈവ്സ്റ്റാർ, ഫൈവ്സ്റ്റാർ ഡീലക്സ്, ഹെറിറ്റേജ് ബാർ ഇവയുടെ ദൂരപരിധി 200 മീറ്ററിൽ നിന്നും 50 മീറ്ററായി കുറച്ചത് ടൂറിസം വിപണിക്കുവേണ്ടിയുള്ള സർക്കാരിന്റെ രാഷ്ട്രീയ-സാമൂഹിക കാഴ്ചപ്പാടാണ് വെളിവാക്കുന്നത്. ഇത് ടൂറിസ്റ്റ് മുതലാളിമാർക്ക് കൊള്ളലാഭം കൊയ്യാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കലാണെങ്കിലും ടൂറിസം വികസനത്തിനാണെന്നാണ് സർക്കാരിന്റെ പക്ഷം.

ടൂറിസത്തിന്റെ പേരിൽ മലയാളികളെ ഇരകളാക്കി അവന്റെ സ്വത്വബോധം നഷ്ടപ്പെടുത്തുന്നു. മുതലാളിത്ത മൗലികവാദം പുലർത്തുന്ന ഒരു പുത്തൻ സാമ്പത്തികഭരണകൂടമായി സർക്കാർ രൂപം പ്രാപിച്ചുകൊണ്ടിരിക്കുന്നു. സ്കൂളുകളിൽ നിന്നും ആരാധനാലയങ്ങളിൽ നിന്നും ബാറുകളുടെ ദൂരപരിധി 100 മീറ്ററൽ നിന്നും 50 മീറ്ററാക്കി കുറയ്ക്കുന്നതാണ് വികസനത്തിന്റെ കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രമായി മാറ്റിയെടുത്തിരിക്കുന്നു. ബാറുകളുടെ താല്പര്യങ്ങൾക്കനുസൃതമല്ല മദ്യനയം രൂപപ്പെടേണ്ടത്. ടൂറിസത്തിന്റെ ശീതളഛായയിലല്ല സാമൂഹിക നീതിയിലൂന്നിയാണ് നയങ്ങൾക്ക് രൂപം കൊടുക്കേണ്ടത്. ടൂറിസം വികസനം എന്നത് ബാറുകളുടെ ദൂരപരിധി കുറയ്ക്കലാണെന്ന് സിദ്ധാന്തത്തിൽ ജനങ്ങളെ വിശ്വസിപ്പിക്കുന്നു. ടൂറിസ്റ്റുകൾ മദ്യപാനത്തിനാണ് ഇവിടെ വരുന്നതെന്ന് വിലയിരുത്തുന്ന ബോധം അൽപ്പത്തരമാണ്. ജനങ്ങളെ കുടിപ്പിച്ച് ഖജനാവ് നിറയ്ക്കുന്ന സംസ്കാരത്തിന്റെ ഭാഗമായെ ബാറിന്റെ ദൂരപരിധി കുറയ്ക്കലിനെ കാണാനാവൂ.

എം.ജോൺസൺ റോച്ച്

# താളുകളിൽ

## ലേഖനം

6 വിശ്വാസ പൈതൃക വഴികളിലൂടെ മുന്നോട്ട്
ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം

10 അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലൂടെ പ്രകാശിതമാകുന്ന സഭ
ഡോ. ജേക്കബ് പ്രസാദ്

14 മിഷൻ കോൺഗ്രസ് നൽകിയത് ഒരിക്കലും ലഭിക്കാത്ത സ്നേഹാനുഭവ കൂട്ടായ്മ

21 പുണ്യവാന്മാരുടെ ഐക്യത്തിൽ
ഫാ. തോമസ് ജെ.നെറ്റോ

22 മീൻചരുവത്തിലെ പിടയ്ക്കുന്ന ജീവിതങ്ങൾ
ഡോ. ഐറിസ്

24 സമുദായ ദിനാചരണം: സമുദായ മുന്നേറ്റത്തിന്
അഡ്വ. എം.എ. ഫ്രാൻസിസ്

## സ്ഥിരം പംക്തികൾ

25 വാർത്തകൾ

27 അജപാലനം

28 അല്മായ വേദി

29 അടിസ്ഥാന ക്രൈസ്തവ സമൂഹം

30 നീർച്ചാലുകൾ

36 വചനജ്വാല

40 ഇളംതൂവൽ

42 നേർക്കാഴ്ച
ജെ.സി.

മിഷൻ കോൺഗ്രസ്
& ബിസിസി
കൺവെൻഷൻ 2017



*മിഷൻ കോൺഗ്രസ് ബിസിസി കൺവെൻഷനിൽ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ആമുഖപ്രസംഗം നടത്തുന്നു*

# വിശ്വാസ പൈതൃകവഴി

ഒരേ സമയം സഭയും സമുദായവുമായ ലത്തീൻ സമൂഹം കൂട്ടായ്മയിലൂന്നിയ ഒരു പ്രവർത്തന സംസ്കാരത്തിലൂടെ സഭയുടെ പ്രേഷിതരായിത്തീരണമെന്ന് വല്ലാർപാടത്തു നടന്ന മിഷൻ കോൺഗ്രസ് ബിസിസി കൺവെൻഷൻ ആഹ്വാനം ചെയ്യുന്നു. ആയതിന് ദിശാബോധം നൽകിക്കൊണ്ട് കെആർഎൽസിബിസി പ്രസിഡന്റ് ആർച്ച് ബിഷപ് **ഡോ. സൂസപാക്യം** നടത്തിയ ആമുഖപ്രസംഗത്തിന്റെ പൂർണ്ണരൂപം.

കേരള ലത്തീൻ കത്തോലിക്കാസഭയെ സംബന്ധിച്ചേടത്തോളം 2017-ലെ 'മിഷൻ കോൺഗ്രസ്സും ബി.സി.സി. സംഗമവും' ഒരു പുതിയ ഉണർവിന്റെ ഉത്സവമായിരുന്നു. സഭയുടെ തനതായ പ്രേഷിതചൈതന്യവും കൂട്ടായ്മയുടെ സംസ്കാരവും വീണ്ടെടുക്കാനുള്ള നമ്മുടെ എളിയ ശ്രമമാണ് ഈ സംഗമം. യേശു അരുൾചെയ്തു: 'നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ (മത്താ 28:19-20). യേശുവിന്റെ ഈ പ്രേഷിതാഹ്വാനം തുടർന്നുകൊണ്ടുപോകാൻ സഭ, സദാ നിദാന്ത ജാഗ്രതപുലർത്തുന്നു. ആദിമസഭയിൽ യേശുവിൽ 'വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ ഏകമനസ്സോടെ താത്പര്യപൂർവം അനുദിനം ദേവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനംതോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു (അപ്പ 2:44-46). ഈ കൂട്ടായ്മയുടെ ചൈതന്യം വീണ്ടെടുക്കാൻ നാം ഏറെ പരിശ്രമിക്കുന്നുണ്ട്. സഭ ദൈവജനമാണ് എന്ന ദർശനത്തിന്റെ പശ്ചാത്തലത്തിൽ സഭാസംവിധാനങ്ങളിൽ സജീവമായി പങ്കുചേരാനും ഒരു സ്നേഹകൂട്ടായ്മയായി തീരാനുമുള്ള ആത്മാർഥമായ പരിശ്രമങ്ങൾ പ്രത്യേകിച്ചും വത്തിക്കാൻ സൂനഹദോസിനുശേഷം പലരൂപേണ സഭയിൽ ദൃശ്യമാണ്. കേരള ലത്തീൻസഭയിൽ മേൽസൂചിപ്പിച്ച എല്ലാ പരിശ്രമങ്ങളുടെയും ദൃശ്യമായ അനുഭവംതന്നെയാണ് ചരിത്രമായിമാറിയ ബി.സി.സി. മിഷൻ സംഗമം.

## ഒരു കടുകുമണിയുടെ തുടക്കം

2012 ജൂലൈ 13-15 തീയതികളിൽ പാലാരിവട്ടം പി.ഒ.സിയിൽ വച്ച് നടത്തപ്പെട്ട കെ.ആർ.എൽ.സി.സി.യുടെ ഇരുപതാമത് ജനറൽ അസംബ്ലിയുടെ പ്രധാന ചർച്ചാവിഷയം 'ലത്തീൻസഭയ്ക്ക് ഒരു പങ്കാളിത്ത അജപാലന പദ്ധതി' എന്നതായിരുന്നു. ഇതിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങൾ ഉൾക്കൊണ്ട് കേരള ലത്തീൻ മെത്രാൻസമിതി കേരളത്തിലെ എല്ലാ ലത്തീൻ രൂപതകളിലും ബി.സി.സി. കുടും

ബയൂണിറ്റ് സംവിധാനത്തെ സഭയുടെ യഥാർഥ ചെറുപതിപ്പുകളാക്കി ശക്തിപ്പെടുത്താനും തീരുമാനിച്ചു. അജപാലനം, കുടുംബം, വിദ്യാഭ്യാസം, സാമൂഹികപ്രവർത്തനം, യുവജനം, അല്മായർ എന്നീ ശുശ്രൂഷകളെ ബി.സി.സി./കുടുംബയൂണിറ്റ് തലത്തിൽ രൂപീകരിക്കാനുള്ള നിർദ്ദേശങ്ങളാണ് ജനറൽ അസംബ്ലി നല്കിയത്. ഇടവക-ഫെറോന-രൂപതാതലങ്ങളിൽ ഈ തീരുമാനങ്ങളും നിർദ്ദേശ ങ്ങളും പ്രവർത്തനക്ഷമമാക്കാനും എല്ലാ ഇടവകകളിലും കെ.ആർ.എൽ.സി.സി. വിഭാവനചെയ്യുന്ന ശുശ്രൂഷാസംവിധാനം രൂപപ്പെടുത്താനുമായി ഒരു തീവ്രയജ്ഞ പരിപാടിയ്ക്ക് 2014 ഒക്ടോബറിലെ മിഷൻ ഞായറാഴ്ച ആരംഭം കുറിച്ചു. തുടർന്നുള്ള വർഷങ്ങളിൽ മൂന്നു പശ്ചാത്തലത്തിൽ ഇക്കാലഘട്ടത്തിൽ പ്രേഷിതപ്രവർത്തനം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ലത്തീൻസഭയിലെ പ്രേഷിതപ്രവർത്തനം വിവിധ ശുശ്രൂഷകളിലൂടെ എങ്ങനെ സാധ്യമാകും എന്നും നാം ചിന്തിച്ചു. സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാകയാൽ എല്ലാവരെയും പ്രേഷിതചൈതന്യമുള്ളവരാക്കുക എന്ന ലക്ഷ്യപ്രാപ്തിയിലേക്ക് ഈ മഹാസംഗമം ലത്തീൻ സഭയെ എത്തിക്കും എന്ന് പ്രാർഥനാപൂർവം നാം സ്വപ്നംകാണുന്നു. അതിന്റെ ഒരു മാതൃകാചുവടുവയ്പാണ് സംഗമത്തിന്റെ സമാപനത്തിൽ നാം ഉദ്ഘാടനം ചെയ്ത ഹാർട്ട് ടു ഹാർട്ട് മിഷൻ ലിങ്കേജ് പദ്ധതി. ബി.സി.സി.കളുടെ സജീവ പ്രവർത്തനത്തിലൂടെ സഭാജീവിതത്തിൽ കൂടുതൽ അല്മായർ പങ്കാളികളാകുകയും ഓരോരുത്തരുടെയും കൃപാദാനങ്ങൾക്കനുസൃതമായി വിവിധ ശുശ്രൂഷാപ്രവർത്തനങ്ങളിലൂടെ നേതൃത്വരംഗത്തേക്ക് വരുകയും ചെയ്യുന്ന ഒരു പങ്കാളിത്തസംവിധാനത്തിന്റെ സാക്ഷാത്കാരമാണ് ലത്തീൻസഭയ്ക്ക് ഈ മിഷൻ കോൺഗ്രസ്സ്.

### കെ.ആർ.എൽ.സി.സി. സംവിധാനവും - മിഷൻ കോൺഗ്രസ്സും

സഭാസമൂഹവും സമുദായവുമെന്ന നിലയിൽ കേരള ലത്തീൻസഭയുടെ വളർച്ചയ്ക്ക് നിതാന്തമായ സ്വപ്നങ്ങളും ആകുലതകളും ഇടപെടലുകളുമായി ബന്ധപ്പെട്ട് ഒത്തിരി ചോദ്യങ്ങൾ നമുക്കുണ്ട് എന്നത് ഒരു

# കളിലൂടെ മുന്നോട്ട്

ഘട്ടങ്ങളിലായി, ഇടവക രൂപതാ സംസ്ഥാന തലങ്ങളിൽ ഇതിനായുള്ള ഒരുക്കങ്ങൾ നടത്തിവരുകയായിരുന്നു.

ഇതിന്റെയൊക്കെ ഫലമായി കേരള ലത്തീൻസഭയിലെ പന്ത്രണ്ട് രൂപതകളിൽനിന്നും മെത്രാന്മാരും, വൈദികരും, സന്ന്യസ്തരും, അല്മായരും ഉൾപ്പെടുന്ന 4000-ത്തോളം പ്രതിനിധികളാണ് ഈ മിഷൻ കോൺഗ്രസ്സിൽ പങ്കെടുത്തത്. ബി.സി.സി. കൺവെൻഷനും മിഷൻ കോൺഗ്രസ്സും കേരള ലത്തീൻസഭാചരിത്രത്തിലെ വലിയ ഒരു നാഴികക്കല്ലായിത്തീർന്നു. ഇതിലൂടെ ഒരേ ദർശനവും ഒരേ സംവിധാനവുമുള്ള പങ്കാളിത്ത സഭയെ ലത്തീൻസഭയിൽ രൂപപ്പെടുത്താനാകും എന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുതകുന്ന വിഷയങ്ങൾ കേരള ലത്തീൻസഭയിലെ പ്രതിനിധികൾ ഒരേ മനസ്സോടെ ചർച്ച ചെയ്ത് പങ്കാളിത്ത സഭാപ്രവർത്തനങ്ങളുടെ സമീപനങ്ങളും സാധ്യതകളും ബി.സി.സി.യിലൂടെ സജീവമാകുന്ന ഇടവകകളെയും, ശുശ്രൂഷകളിലൂടെ സജീവമാകുന്ന ബി.സി.സി.കളെയുംകുറിച്ചും കേരള

**മിഷൻ കോൺഗ്രസ്സ് എന്ന മഹാസംഗമത്തിലൂടെ കേരളലത്തീൻ സഭ സ്വയം തിരിച്ചറിയാനാഗ്രഹിക്കേണ്ടത്, നമ്മുടെ ശക്തിയും ആസ്തിയും പ്രഥമമായി പങ്കാളിത്ത സ്നേഹകൂട്ടായ്മയിൽ ഒരുമിക്കപ്പെടുന്ന സഭയുടെ ദൈവജനം തന്നെയാണ് എന്നതാണ്. ഈ ദൈവജനത്തിന്റെ വിശ്വാസശേഷിയും മാനവ വിഭവശേഷിയുമാണ് നമ്മുടെ മഹാശക്തി.**



*മിഷൻ കോൺഗ്രസ് ബിസിസി കൺവെൻഷനിൽ പങ്കെടുത്ത പ്രതിനിധികൾ*

യാഥാർഥ്യമാണ്. ഈ ചോദ്യങ്ങൾക്കും നമ്മുടെ ആശങ്കകൾക്കും ഉത്തരം നല്കേണ്ടത് നാമടങ്ങുന്ന ലത്തീൻസമൂഹംതന്നെയാണ്. പുരോഗതിയുടെ പടവുകൾ സ്വപ്നംകണ്ട് പിന്നോക്കാവസ്ഥയിൽനിന്നും മുന്നോക്കം കുതിക്കുന്ന നമ്മുടെ പ്രകടമായ മുഖമാണ് കെ.ആർ.എൽ.സി.സി സമിതിയും സംവിധാനങ്ങളും. നിലവിലുള്ള ആധ്യാത്മിക നേതൃത്വത്തോടൊപ്പം ശക്തമായ ഒരു അല്മായ നേതൃത്വത്തെ വളർത്തിയെടുക്കാനും ലത്തീൻ സമൂഹത്തിലെ ഓരോ അംഗത്തെയും ഇതിൽ അണിനിരത്തി, ഒരു പങ്കാളിത്ത സഭാ-സമുദായ മുന്നേറ്റം സാധ്യമാക്കാനും പ്രതിജ്ഞാബദ്ധമായ സംവിധാനമാണ് കെ.ആർ.എൽ.സി.സി. ഏകോപനം, പങ്കാളിത്തം, ശാക്തീകരണം എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് മുന്നോട്ടു നീങ്ങുന്ന കെ.ആർ.എൽ.സി.സി.യുടെ ലക്ഷ്യത്തിലെത്താൻ വല്ലാർപാടത്തെ ചരിത്രമുഹൂർത്തങ്ങൾ ഏറെ സഹായകമാകും.

## ദൈവജനം മഹാശക്തി

മിഷൻ കോൺഗ്രസ്സ് എന്ന മഹാസംഗമത്തിലൂടെ കേരളലത്തീൻ സഭ സ്വയം തിരിച്ചറിയാനാഗ്രഹിക്കേണ്ടത്, നമ്മുടെ ശക്തിയും ആസ്തിയും പ്രഥമമായി പങ്കാളിത്ത സ്നേഹകൂട്ടായ്മയിൽ ഒരുമിക്കപ്പെടുന്ന സഭയുടെ ദൈവജനം തന്നെയാണ് എന്നതാണ്. ഈ ദൈവജനത്തിന്റെ വിശ്വാസശേഷിയും മാനവവിഭവശേഷിയുമാണ് നമ്മുടെ മഹാശക്തി. നമ്മുടെ രൂപതകളുടെ വിവിധ സ്ഥാപനങ്ങളും മറ്റു സാമ്പത്തിക സ്രോതസ്സുകളും ആപേക്ഷികമായി നമ്മുടെ രണ്ടാംതര സമ്പന്നത മാത്രമാണ്. ദൈവജനമാണ് ശക്തിയെന്ന തിരിച്ചറിവ് നമ്മുടെ സ്വത്വബോധത്തിന്റെതന്നെ ഭാഗമായിത്തീരണം.


## സ്വത്വശാക്തീകരണം വിശ്വാസ പങ്കാളിത്ത കൂട്ടായ്മയിലൂടെ

കെ.ആർ.എൽ.സി.സി.യിലൂടെ സാമുദായിക വിമോചനാത്മകമായ പ്രവർത്തനങ്ങൾക്ക് രൂപം നല്കി അവ നടപ്പാക്കുന്നതിൽ നാം വളരെയേറെ മുന്നോട്ടുപോയിട്ടുണ്ട്. എങ്കിൽത്തന്നെയും ഈ അവസരത്തിൽ നമ്മുടെ സ്വത്വബോധത്തെക്കുറിച്ച് ആവർത്തിച്ച് ഓർമിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ ലത്തീൻ കത്തോലിക്കർ ഒരേസമയം സഭാസമൂഹവും സമുദായവുമാണ്. സാമുദായികമായ സ്വത്വബോധം ഉണർത്തുമ്പോഴും അതുമായി ബന്ധപ്പെട്ട അവകാശങ്ങൾക്കുവേണ്ടി പോരാടുമ്പോഴും അടിസ്ഥാനപരമായ രണ്ട് വസ്തുതകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഈ മിഷൻ സംഗമത്തിനു കഴിയണം. ഒന്നാമതായി ആഴമേറിയ ദൈവാനുഭവവും, ദൈവാശ്രയബോധവും ആവശ്യമാണ്. നമ്മുടെ പ്രവർത്തനങ്ങൾ തുലോം സാമൂഹികവും മാനുഷികവുമായ നന്മകൾക്കുപരിയായി സുവിശേഷവത്കരണ പ്രക്രിയയിലുള്ള പങ്കാളിത്തമാണ് എന്ന അവബോധം വീണ്ടെടുക്കണം. അതിനു വചനകേന്ദ്രീകൃതവും ക്രിസ്തുകേന്ദ്രീകൃതവുമായ ഒരു ആധ്യാത്മികതയ്ക്ക് ഊന്നൽ നല്കണം. സമൂഹത്തിന്റെ സമുദ്ധാരണത്തിനു എന്തൊക്കെ ചെയ്താലും ദൈവസഹായംകൂടാതെ നമ്മുടെ പ്രയത്നങ്ങളൊന്നും ഫലമണിയാൻ പോകുന്നില്ല എന്ന് സങ്കീർത്തകൻ നമ്മെ അറിയിക്കുന്നു: 'കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അധ്വാനം വ്യർഥമാണ്' (സങ്കീ 127:1; മത്താ 6:33).

രണ്ടാമതായി വികസനവും വളർച്ചയും ലക്ഷ്യംവയ്ക്കുന്ന ലത്തീൻസമൂഹത്തിനു അവശ്യം വേണ്ടതു സ്നേഹകൂട്ടായ്മ അടിസ്ഥാനമായുള്ള പങ്കാളിത്തസ്വഭാവമാണ്. യേശു വിഭാവനചെയ്യുന്ന ഒരു സഭാസമൂഹമായി രൂപാന്തരംപ്രാപിക്കുന്നതിനനുസരിച്ചേ ലത്തീൻ സമൂഹത്തിന്റെ വളർച്ചയും സ്വപ്നങ്ങളും സാക്ഷാത്കരിക്കപ്പെടുകയുള്ളു. ഈ വളർച്ച നമ്മുടെ സുവിശേഷവത്കരണ ദൗത്യത്തിന്റെ ഭാഗമായി കാണണം, കാരണം സഭയുടെ പല ദൗത്യങ്ങളിലൊന്ന് മാത്രമല്ല, മറിച്ച് സഭയുടെ ഒരേയൊരു ദൗത്യമാണ് സുവിശേഷവത്കരണം. തിന്മയുടെ ശക്തിയാൽ വഞ്ചിക്കപ്പെട്ട് മരണസംസ്കാരത്തിൽ വിഹരിച്ച് നാശത്തിലൂടെ സഞ്ചരിക്കുന്ന ഇന്നത്തെ സമൂഹത്തിന്റെ മധ്യേ, ഒരു പ്രതിസംസ്കാര ശക്തിയായി എഴുന്നേറ്റ് നിന്നുകൊണ്ട് വഴിയും സത്യവും ജീവനുമായ ക്രിസ്തുവിന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള സദ്വാർത്ത അറിയിക്കാൻ പങ്കാളിത്ത സ്വഭാവമുള്ള ഒരു ലത്തീൻസഭാ കൂട്ടായ്മ ഇന്നിന്റെ ആവശ്യമാണ്.

## വിശ്വാസപൈതൃകവഴികളിലൂടെ മുന്നോട്ട്

വളർച്ചയുടെ മുന്നാക്കങ്ങളിൽ സമൂഹങ്ങൾ അവർ വന്നവഴി മറക്കുന്നതും ആദിചൈതന്യത്തിൽനിന്നു വ്യതിചലിക്കുന്നതും അപകടകരമായ പ്രവണതയാണ്. കേരള ലത്തീൻസഭയുടെ ചരിത്രവഴികളിലൂടെ നമുക്ക് ലഭിച്ച വിശ്വാസ പൈതൃകപാഠങ്ങൾ



പുനർവായന നടത്തുക എന്നത് സഭയുടെ മിഷനറി സ്വഭാവത്തെക്കുറിച്ച് ചിന്തിച്ചത് ഈ ബി.സി.സി. മിഷൻ കോൺഗ്രസ്സിന്റെ മറ്റൊരു ലക്ഷ്യംകൂടിയാണ്. ലത്തീൻ മിഷണറിമാരുടെ സുവിശേഷപ്രഘോഷണത്തിന്റെയും സഭാപരമായ ക്രോഡീകരണത്തിന്റെയും ഫലമായി ഉത്ഭവിച്ചതാണ് ആധുനിക കേരള ലത്തീൻ സഭാസമുദായം. തത്ഫലമായി ജാതി ഉപജാതികളിൽനിന്നും അനേകംപേർ ഈ വിശ്വാസ കൂട്ടായ്മയിലേക്ക് കടന്നുവരുകയും ജാതിമതഭേദമെന്യേ

എല്ലാവരെയും സ്വാഗതം ചെയ്യുന്ന പള്ളികളും തുടർന്ന് പള്ളിക്കൂടങ്ങളും ഉണ്ടായി. പിന്നീട് ആതുരാലയങ്ങൾ ഉണ്ടായി. അങ്ങനെ നാം വളർച്ചയുടെ പാതയിലാണ്.

## ബലവും ബലഹീനതയും മിഷൻകോൺഗ്രസ്സും

ലത്തീൻ സമൂഹം ഒരേ സമയം സഭയും സമുദായവുമാണ്. പലപ്പോഴും ഈ രണ്ട് വശങ്ങളും പരസ്പര പൂരകങ്ങളാകാതെ പ്രവർത്തനമണ്ഡലങ്ങളിൽ രണ്ട് വ്യത്യസ്ത ധ്രുവങ്ങളായി നിലകൊള്ളുന്ന അവസ്ഥ നമ്മുടെ ബലഹീനതയായി കാണണം. അതേസമയം സഭയും സമുദായവും എന്ന നിലയിൽ ഈ സമൂഹത്തിനുണ്ടാകേണ്ട അവിഭാജ്യ



ബന്ധം നമ്മുടെതന്നെ ബലമായിത്തീരുകയും ചെയ്യണം. ഈ വൈരുദ്ധ്യാത്മകതയുടെ തീവ്രത കുറച്ചുകൊണ്ട് നമ്മുടെ പ്രവൃത്തിപഥങ്ങളിൽ ഈ രണ്ട് തലങ്ങളെയും ഏകോപിപ്പിക്കാനും അങ്ങനെ പരസ്പരാശ്രയ മനോഭാവം ജനിപ്പിക്കാനും മിഷൻ കോൺഗ്രസ്സ് വേദിയാകണം. ഉദാഹരണത്തിനു സമുദായത്തിനു കക്ഷിരാഷ്ട്രീയമാവാം, സഭയ്ക്ക് കക്ഷിരാഷ്ട്രീയം പാടില്ല; സമുദായം പ്രയോഗിക്കുന്ന സമ്മർദ്ദതന്ത്രങ്ങളും സമീപനങ്ങളും സഭയ്ക്ക് പ്രയോഗിക്കാനാവില്ല. സമുദായം അവകാശങ്ങൾക്കുവേണ്ടി പൊരുതുമ്പോൾ വേണ്ടിവന്നാൽ ഉള്ളതു പരിത്യജിച്ച് സ്നേഹത്തിന്റെ മാതൃക നല്കാനാണ് സഭ നിലകൊള്ളേണ്ടത്. പക്ഷേ, സുവിശേഷത്തിന്റെ ആഴമേറിയ വിമോചനനിലപാടുകളും സഭയുടെ തനതായ പാരമ്പര്യങ്ങളും പഠനവിഷയമാകുമ്പോൾ ഈ വൈരുദ്ധ്യാത്മകതയ്ക്ക് അടിസ്ഥാനമുണ്ടോ. സമുദായ സംഘാതം വർഗീയതയ്ക്ക് വഴിതെളിക്കാതിരിക്കുന്നത് ഈ രണ്ടു തലങ്ങളും ശരിയായ ആദ്ധ്യാത്മിക അന്തരീക്ഷത്തിൽ സമന്വയിപ്പിക്കാൻ കഴിയുമ്പോഴാണ് എന്നും നമ്മുടെ മനസ്സുകളിൽ ഇടം നേടണം.

## കൂട്ടായ്മയുടെ സംസ്കാരം

കൂട്ടായ്മയിലൂന്നിയ പ്രവർത്തന സംസ്കാരം ലത്തീൻ കത്തോലിക്കർ കൂടുതൽ പരിശീലിക്കേണ്ടിയിരിക്കുന്നു എന്ന അവബോധം നമുക്കുണ്ടാകണം. കെ.ആർ.എൽ.സി.സി.യുടെ ആവിർഭാവത്തോടെ സജീവപങ്കാളിത്തത്തെ സംബന്ധിച്ച് കുറെയേറെ വ്യത്യാസങ്ങൾ വരുത്താൻ നമ്മുടെ കൂടിവരവുകൾക്കും സഹകരണങ്ങൾക്കും സാധിച്ചിട്ടുണ്ട്. എങ്കിൽത്തന്നെയും സജീവപങ്കാളിത്തം സമഗ്രമായിട്ടുള്ള വളർച്ച ഇന്നും കീഴ്ത്തട്ടിലേക്ക് വ്യാപിച്ചിട്ടില്ല എന്നതു സത്യംതന്നെ. പ്രാദേശികതലങ്ങളിൽ ഈ പങ്കാളിത്ത സ്വഭാവം സഭ കൈവരിക്കാൻ വളരെ ക്രിയാത്മകമായ ഇടങ്ങളാണ് നമ്മുടെ ഇടവകകളിലെ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ. ബി.സി.സി. കൺവെൻഷന്റെ രണ്ടാം ദിനം മാറ്റിവച്ചത് മാതൃകാപരമായ രീതിയിൽ ജനപങ്കാളിത്തസഭയുടെ കെട്ടുറപ്പിനു അടിസ്ഥാന ക്രൈസ്തവസമൂഹങ്ങൾ വഹിക്കേണ്ട പങ്കിനെക്കുറിച്ച് ഇരുപത്തിരണ്ട് കേന്ദ്രങ്ങളിലായി നടക്കുന്ന ചർച്ചകളും തുടർന്ന് പ്രതിനിധികൾ ഇടവകകൂട്ടായ്മകളിൽ പങ്കുവച്ച അനുഭവങ്ങളും ഭവനങ്ങളിലെ താമസവും ഈ പങ്കാളിത്ത കൂട്ടായ്മയുടെ സഭയെക്കുറിച്ചുള്ള പുതിയ അനുഭവങ്ങളും ഉൾക്കാഴ്ചകളും സമ്മാനിക്കുന്നതായിരുന്നു. എന്നതിൽ സംശയമില്ല. കോൺഗ്രസ്സിന്റെ അവസാനദിവസം പുറത്തിറക്കിയ കേരള ലത്തീൻസഭയുടെ ദശവത്സര പദ്ധതി വരുന്ന പത്തുവർഷത്തെ അജപാലനപദ്ധതിയുടെ ഒരു രൂപരേഖ നമുക്കു നല്കുന്നു. അതനുസരിച്ച് കർമപരിപാടികൾ വ്യക്തതയോടെ ആവിഷ്കരിക്കാൻ സാധിക്കും. ഇതിലേക്ക് എല്ലാ ശുശ്രൂഷാ കമ്മീഷനുകളുടെ മാനവ വിഭവശേഷികൾ സ്വരൂപിക്കാനും പ്രാദേശികസഭകളുടെ അടിത്തട്ടിലേക്ക് അത് പ്രയോജനപ്പെടുത്താനും ബി. സി. സി. മിഷൻ കോൺഗ്രസ്സ്‌വഴി നമുക്ക് സാധ്യമാവണം.

## സാമൂഹിക പരിവർത്തനവും മിഷൻ സംഗമവും

അല്മായ നേതൃത്വത്തെ ശക്തിപ്പെടുത്തുക എന്നത് കെ.ആർ.എൽ.സി.സി.യുടെ പ്രധാനപ്പെട്ട ലക്ഷ്യമാണല്ലോ. അല്മായരെ സംഘടിപ്പിക്കുന്നതിലും സഭയിലും സമൂഹത്തിലും അവരുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിലും, സാമൂഹിക രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ അവസരോചിതമായി പ്രതികരിക്കാൻ അവരെ സജ്ജമാക്കുന്നതിലും ലത്തീൻ സഭയുടെ എല്ലാ പ്രയത്നങ്ങൾക്കും ഒരു ത്വരകശക്തിയായി വല്ലാർപാടം മിഷൻ കൂട്ടായ്മ മാറണം. സാമൂഹിക തിന്മകൾ ഒന്നിനൊന്ന് കേരളത്തിൽ വർധിച്ചുവരുന്നു - മദ്യപാനം, സ്ത്രീപീഡനം, മതവർഗീയ ധ്രുവീകരണം, അഴിമതി, ആഡംബരം, ധൂർത്ത്, രാഷ്ട്രീയ അക്രമം, കൊലപാതകം, അടിക്കടിയുള്ള ഹർത്താൽ, ദളിദ് പീഡനം, ശിശു പീഡനങ്ങൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ, മാലിന്യനിർമാർജനവിഷയങ്ങൾ, തീവ്രവാദ ഗുണ്ടാപ്രവർത്തനങ്ങൾ എന്നിങ്ങനെ പട്ടിക നീളുന്നു. നമ്മുടെ ദേവാലയങ്ങളുടെ നാലുകെട്ടുകളിൽനിന്നും കിട്ടുന്ന വിശ്വാസപരവും ആത്മീയവുമായ ആർജവം, നമ്മെ 'പള്ളിക്കെട്ടുകളിൽ' മാത്രം ഒതുക്കിനിർത്താതെ, കേരളസമൂഹത്തിന്റെ പൊതു ഇടങ്ങളിൽ സാമൂഹികതിന്മകൾക്കെതിരേ ശക്തമായി പ്രതികരിക്കാനും അവയെ പ്രതിരോധിക്കാനും അവയ്ക്കെതിരെ പോരാടാനും ഒരു തിരുത്തൽസ്വരമായി പ്രതിധ്വനിക്കാനും മിഷൻ കോൺഗ്രസ്-ബിസിസി സംഗമത്തിന്റെ ചൈതന്യം നമുക്ക് ദിശാബോധവും ഉൾക്കരുത്തും നൽകട്ടെ. ■

ലേഖനം

# അടിസ്ഥാന ക്രൈ
# പ്രകാശിതമാ

**മിഷൻ കോൺഗ്രസ് & ബിസിസി കൺവെൻഷൻ 2017**

2017 ഒക്ടോബർ 6 മുതൽ 8 വരെ തീയതികളിൽ വല്ലാർപാടത്തുനടന്ന മിഷൻ കോൺഗ്രസ് - ബിസിസി സംഗമത്തെ അതിന്റെ ഉദ്ദേശലക്ഷ്യങ്ങളെയും സാധ്യതയെയും സംഘാടനത്തിന്റെയും പങ്കാളിത്തത്തിന്റെയും പശ്ചാത്തലത്തിൽ വിലയിരുത്തുകയാണ് ഈ ലേഖനത്തിലൂടെ

ഡോ. ജേക്കബ് പ്രസാദ്

2017 ഒക്ടോബർ 6,7,8 എന്നീ മൂന്നുദിവസങ്ങളിൽ നടന്ന മിഷൻ കോൺഗ്രസും ബി.സി.സി. കൺവെൻഷനും കേരളത്തിലെ ലത്തീൻസഭയ്ക്ക് ഒരു പുത്തൻ അനുഭവമായിരുന്നു. വരാപ്പുഴ അതിരൂപതയിൽ വല്ലാർപാടത്തുള്ള ദേശീയ തീർത്ഥാടന കേന്ദ്രമായ വീണ്ടെടുപ്പ് മാതാവിന്റെ ബസിലിക്കാ കേന്ദ്രമാക്കി നടത്തിയ സംഗമം കേരളത്തിലെ 12 ലത്തീൻ രൂപതകളിൽ നിന്നുള്ള 4000 ത്തോളം പ്രതിനിധികൾ (മെത്രാന്മാർ, വൈദികർ, സന്യസ്തർ, അല്മായർ) ഈ സമ്മേളനത്തിൽ പങ്കുചേർന്നു. സീറോ-മലബാർ, സീറോ-മലങ്കര സഭയും ഇതിൽ അണിചേർന്നു. ഭാരതത്തിലെ സഭയും ആഗോള കത്തോലിക്കാ സഭയും പ്രതിനിധീകരിക്കപ്പെട്ടു. മുംബൈ ആർച്ച്ബിഷപ്പ് കർദ്ദിനാൾ ഒസ്വാൾഡ് ഗ്രേഷ്യസ് ഉദ്ഘാടകനായപ്പോൾ ഉത്തരേന്ത്യയിൽ നിന്നുള്ള 12 രൂപതകളിലെ മെത്രാന്മാർ മൂന്നു ദിവസത്തേയും പരിപാടികളിൽ ഭാഗഭാക്കുകളായി. വത്തിക്കാനിൽ നിന്നുള്ള സുവിശേഷ പ്രഘോഷണ തിരുസംഘത്തിന്റെ അഡ്ജണ്ട് സെക്രട്ടറി ആർച്ച്ബിഷപ്പ് പ്രൊട്ടാസ് റുഗാംബ്വാ ആഗോളസഭയെ പ്രതിനിധീകരിച്ചു (ആഫ്രിക്കൻ വംശജനായ അദ്ദേഹം ടാൻസാനിയാക്കാരനാണ്). ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ്പ് ജാംബത്തിസ്ത ദിക്വാത്രോ ഉദ്ഘാടന ദിവ്യപൂജയിൽ മുഖ്യ കാർമ്മികനായി. ബി.സി.സി.കളിലൂടെ രൂപീകൃതമാകുന്ന സഭാസമൂഹങ്ങൾ എപ്രകാരം സുവിശേഷ പ്രഘോഷണത്തിനും സാക്ഷ്യത്തിനും നിദാനമാകുന്നു എന്നതായിരുന്നു മുഖ്യചിന്താവിഷയം. ആഘോഷവും, പഠനവും, വിചിന്തനവും, കാഴ്ചപ്പാടുകളും, പുത്തൻ പ്രവർത്തന ശൈലിയും, മേഖലകളും ആസൂത്രണം ചെയ്യുക എന്നിവ ഇഴചേർന്നതായിരുന്നു ഈ പരിപാടി. ആദ്യത്തേയും അവസാനത്തെയും ആഘോഷമായ ദിവ്യപൂജാർപ്പണങ്ങൾ ആരാധനയുടെ അനിതരസാധാരണമായ വേളകളായിരുന്നു. ബി.സി.സി. സംവിധാനത്തി



*മിഷൻ കോൺഗ്രസ് ബിസിസി സംഗ*
*ഒസ്വാൾഡ് ഗ്രേഷ്യസ് ഉദ്ഘാടനം*

ലൂടെ മുന്നേറുന്ന സഭ പങ്കാളിത്ത സ്വഭാവം ഉള്ളതായിരിക്കുമെന്നും അതുവഴിയായി രക്ഷയുടെ കൂദാശയായി (തിരുസഭ, 1. 48; സഭ ആധുനീക ലോകത്തിൽ, 45) മാറി സഭ തന്റെ പ്രേഷിതദൗത്യം നിറവേറ്റുവാൻ സാധിക്കുന്നതായി മാറാൻ കഴിയുമെന്നുള്ള ചിന്തയാണ് സമ്മേളനത്തിൽ ഉരുത്തിരിഞ്ഞത്.

## അടിസ്ഥാന സഭാവിജ്ഞാനീയം

അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലൂടെ (ബി.സി.സി. കളിലൂടെ) പുതിയ രീതിയിൽ സഭയായിരിക്കുക (a new way of being the church) എന്നത് ഒരു അടിസ്ഥാന സഭാ വിജ്ഞാനീയത്തിൽ നിന്ന് (തികച്ചും ലളിതമായ ഭാഷയിൽ പറഞ്ഞാൽ, 'പള്ളിശാസ്ത്രത്തിൽ' നിന്ന്) ഉരുത്തിരിയുന്ന ഒന്നാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിലാണ് ഇപ്രകാരമൊരു കാഴ്ചപ്പാട് ഉടലെടുത്തത്.

# സ്തവ സമൂഹങ്ങളിലൂടെ
# കുന്ന സഭ



*മം ആർച്ച് ബിഷപ്പ് കർദ്ദിനാൾ ചെയ്യുന്നു*

'അപ്രതീക്ഷിതമായ ഒരു വസന്തകാലത്തെ സൂചിപ്പിക്കാനായി വന്നുചേർന്ന ഒരു മന്ദമാരുതൻ പോലെയാണ്' രണ്ടാം വത്തിക്കാൻ കൗൺസിലെന്ന് അത് വിളിച്ചുകൂട്ടിയ ജോൺ 23-ാമൻ മാർപാപ്പയുടെ വാക്കുകളിൽ തന്നെ പറയാം. അതിനുമുൻപുള്ള കൗൺസിലുകളൊക്കെ ഏതെങ്കിലും പാഷണ്ഡതയോ തെറ്റായ പഠനമോ ഉണ്ടായതിന്റെ പശ്ചാത്തലത്തിൽ സത്യത്തെക്കുറിച്ച് അസന്നിഗ്ദമായി പറയുവാനായി വിളിച്ചുകൂട്ടപ്പെട്ടതായിരുന്നെങ്കിൽ ഇതാകട്ടെ സഭയ്ക്ക് ആധുനിക സമൂഹത്തിൽ ക്രിയാത്മകവും പങ്കാളിത്തപരവുമായി എങ്ങനെ ഇടപെടാൻ സാധിക്കുമെന്നതായിരുന്നു ചിന്തിച്ചത്. സഭയുടെ മുന്നിലുണ്ടായിരുന്ന പ്രശ്നങ്ങളെ കേവലം ഭീഷണികളെന്ന് കരുതിയതിനേക്കാൾ ഉപരി വെല്ലുവിളികളായി ഏറ്റെടുക്കുവാനാണ് കൗൺസിൽ തയ്യാറായത്. അല്മായർക്ക് സഭയിൽ എപ്രകാരം പങ്കാളിത്തം ഉറപ്പുവരുത്താമെന്നും സഭയിൽ അവരവരുടെ ദൗത്യം എന്താണെന്നും കൗൺസിൽ ആഴമായി ചിന്തിച്ചു. അല്മായൻ എന്നാൽ, വൈദികനോ, സന്യാസിയോ, സമർപ്പിതനോ അല്ലാത്ത ഒരാൾ എന്ന നിഷേധാത്മക നിർവചനം തന്നെ ഉപേക്ഷിക്കുവാൻ കൗൺസിൽ തയ്യാറായി. ക്രിയാത്മകമായി നിർവചിച്ചാൽ അല്മായർ ജ്ഞാനസ്നാനം വഴി ദൈവജനത്തിന്റെ ഭാഗമായിത്തീർന്നവരും, സഭയിലെ സജീവ അംഗങ്ങളും സഭയെ പടുത്തുയർത്താൻ ഉത്തരവാദിത്വപ്പെട്ടവരുമാണെന്ന് കൗൺസിൽ നിരീക്ഷിച്ചു.

യഥാർത്ഥത്തിൽ പുതിയ നിയമത്തിൽ സഭയുടെ ഘടനയെപ്പറ്റി ചിന്തിക്കുന്നവേളയിൽ 'അല്മായർ' എന്ന പദം ഉപയോഗിക്കുന്നില്ല. പുതിയ നിയമം 'ശിഷ്യർ', 'ക്രൈസ്തവർ', 'വിശ്വാസികൾ', 'തെരഞ്ഞെടുക്കപ്പെട്ടവർ', 'വിശുദ്ധർ' എന്നീ പേരുകളാണ് ക്രിസ്ത്യാനികൾക്ക് നൽകുന്നത്. വൈദികപട്ടം സ്വീകരിച്ചവരും സ്വീകരിക്കാത്തവരും തമ്മിലുള്ള വ്യത്യാസത്തിന്റെ പേരിൽ ഒരു വിഭജനം പുതിയനിയമത്തിൽ കാണാനില്ല. യഥാർത്ഥത്തിൽ ജ്ഞാനസ്നാനം വഴി എല്ലാവരും ദൈവത്തിന് സമർപ്പിക്കപ്പെട്ടവരാണ്. ആകയാൽ ഒരു ക്രൈസ്തവ വിശ്വാസിയും കേവലം ലൗകീകനല്ല. എല്ലാവരും ഒരർത്ഥത്തിൽ സമർപ്പിതരാണ്. ഒരേ ആത്മാവ് നല്കുന്ന വിവിധങ്ങളായ ശുശ്രൂഷകളാൽ അലംകൃതരാണെന്ന് മാത്രം (1 കോറി 12).

എന്നാൽ പിൽക്കാലത്ത് ചരിത്രത്തിന്റെ ഗതിവിഗതികളിൽ സഭയിൽ വ്യക്തമായ ശുശ്രൂഷകൾ ഇല്ലാതിരുന്നവരെ 'അല്മായർ' എന്ന് വിളിച്ചുതുടങ്ങി. ദൈവശാസ്ത്രപരമായും സാമൂഹ്യമായും ഏതാണ്ട് മൂന്നാം നൂറ്റാണ്ടോടുകൂടി ഈ വ്യത്യാസം കണ്ടുതുടങ്ങി. എന്നാൽ ഈ വേർതിരിവിനെ ദൈവശാസ്ത്രപരമായും അജപാലനപരമായും നാലം നൂറ്റാണ്ടിൽ പ്രതിരോധിച്ച ഹിപ്പോയിലെ വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ ശ്രദ്ധേയമാണ്:

'നിങ്ങൾക്ക് ഞാൻ എന്തായിരിക്കുന്നുവോ അതെന്നെ ഭയപ്പെടുത്തുന്നു; അതേസമയം നിങ്ങളോടുകൂടെ ആയിരിക്കുന്നത് എന്നെ ആശ്വസിപ്പിക്കുന്നു. ഞാൻ നിങ്ങൾക്കൊരു മെത്രാനാണ്; ഞാൻ നിങ്ങളോടൊപ്പം ഒരു ക്രിസ്ത്യാനിയാണ്. ആദ്യത്തേത് ഒരു ഉത്തരവാദിത്വമാണ്, രണ്ടാമത്തേത് കൃപയാണ്; ആദ്യത്തേത് അപകടകരമാണ്, രണ്ടാമത്തേത് രക്ഷാകരവും' (PL 38. 1483 തിരുസഭ, 32 ൽ ഇത് ഉദ്ധരിച്ചിരിക്കുന്നു.)

ഏതായാലും കൗൺസിൽ മേൽപ്പറഞ്ഞ രണ്ടുതരത്തിലുള്ള വേർതിരിവ് പരിഹരിക്കുവാൻ ശ്രമിക്കുകയുണ്ടായി. ഒരുവശത്ത് കൂട്ടായ്മയുടെ സഭാവിജ്ഞാനീയം അവതരിപ്പിക്കുകവഴിയായി തിരുസഭ എന്ന പ്രമാണരേഖ 'അൽമായരെ' ക്രിയാത്മകമായ രീതിയിൽ നിർവചിക്കുവാൻ ശ്രമിച്ചു. അതേസമയം അതിൽത്തന്നെ നയാമികമായ അംശങ്ങൾ വന്നുചേർന്നപ്പോൾ അതിൽ പിന്നെയും വേർതിരിവുകൾ നിലനിന്നു. 'തിരുപ്പട്ടം സ്വീകരിക്കാത്തവരോ സഭ അംഗീകരിച്ചിട്ടുള്ള സന്യാസസഭയിൽപ്പെടാത്തവരോ ആയ "എല്ലാ വിശ്വാസികളേയുമാണ്" അല്മായർ എന്ന നാമത്താൽ വിവക്ഷിക്കുന്നത്' (തിരുസഭ, 31). ഇവിടെ 'എല്ലാ വിശ്വാസികളും" എന്നത് ക്രിയാത്മകമാകുമ്പോൾത്തന്നെ തുടർന്നുള്ള വേർതിരിവ് വരുമ്പോൾ പഴയ രണ്ടായുള്ള ഗണം വ്യക്തമായിവരുന്നു. ഈ കാരണത്താൽ തന്നെ അല്മായ

രല്ലാത്തവർക്കും (clerics and religious) അല്മായർക്കും ഉള്ള ദൗത്യത്തിലും വേർതിരിവ് വ്യക്തമാകുന്നു. വൈദികർക്കും സന്യസ്തർക്കും ദൈവരാധനാ സംബന്ധമായ ഒരു ദിവ്യദൗത്യവും അല്മായർക്ക് ലോകത്തെ സംബന്ധിക്കുന്നതായ ലൗകിക ദൗത്യവും നിർവചിക്കപ്പെടുന്നു. 'ഭൗതികകാര്യങ്ങളെ നിയന്ത്രിച്ചും ദൈവഹിതാനുസാരം അവ ക്രമീകരിച്ചും സ്വന്തം ദൈവവിളിക്കനുസൃതമായി ദൈവരാജ്യം അന്വേഷിച്ച് ലോകത്തിൽ ജീവിക്കുക എന്നതാണ് അലമായരുടെ കടമ' (തിരുസഭ, 31). (ഏതാണ്ട് ഇക്കാര്യത്തെ പുരസ്കരിച്ചാണ് മിഷൻ കോൺഗ്രസിനിടയിൽ ശ്രീ അലക്സാണ്ടർ ജേക്കബ് ഐപിഎസ് നടത്തിയ പ്രഭാഷണം). 'അല്മായ പ്രേഷിതത്വം' എന്ന കൗൺസിലിന്റെ ഡിക്രിയിലേക്ക് വരുമ്പോൾ അല്മായരുടെ ലൗകികതലത്തിലുള്ള പ്രവർത്തനത്തെ വിപുലീകരിച്ച് സഭയുടെ തന്നെ ഭൗതിക വസ്തുക്കളുടെയും മാനുഷിക വിഭവങ്ങളുടെയും ക്രമീകരണവും ഭരണവും, എന്നല്ല അജപാലനപരമായ കാര്യമായ മതബോധനത്തിലും അല്മായർ ഇടപെടണമെന്ന് പഠിപ്പിക്കുന്നു. (അല്മായ പ്രേഷിതത്വം, 10).

> **യേശുവിന്റെ 'നീതി' സങ്കല്പവും വ്യത്യാസമായിരുന്നു. സ്വയം വിസ്മരിക്കുകയും മറികടക്കയും ചെയ്യുന്ന തരത്തിലുള്ള ഒരു നീതി സങ്കല്പമായിരുന്നു യേശുവിന്റേത്. കണ്ണിന് പകരം കണ്ണ് എന്നല്ല മറിച്ച് ഒരു ചെകിട്ടത്തടിക്കപ്പെട്ടവൻ മറ്റേതു കൂടെ കാണിച്ചു കൊടുക്കുന്നതാണ് ആ നീതി സങ്കല്പം.**

കൗൺസിൽ ഒരുവശത്ത് വേർതിരിവുകൾ നിലനിറുത്തുന്നവിധം സംസാരിക്കുന്നെങ്കിൽ പോലും മറുവശത്ത് കൗൺസിൽ തന്നെ അവതരിപ്പിക്കുന്ന എല്ലാവരും ദൈവജനം എന്ന കാഴ്ചപ്പാടിലും എല്ലാവരും ഒരേ സമൂഹത്തിലെ അംഗങ്ങളെന്ന നിലയിൽ ആത്മാവിന്റെ വരദാനങ്ങളാൽ വിവിധങ്ങളായ ശുശ്രൂഷ ചെയ്യുന്നവർ എന്ന നിലയിലും ചിന്തിക്കുമ്പോൾ മേൽപ്പറഞ്ഞ വേർതിരിവുകളെ മറികടക്കാവുന്നതേയുള്ളൂ. കാരണം, പുതിയ നിയമത്തിൽ കാണുന്ന സഭ ആത്മീയകാര്യങ്ങളുടെ സ്പെഷ്യലിസ്റ്റുകളും ലൗകിക വ്യവഹാരങ്ങളിൽ വ്യാപൃതരായിരിക്കുന്നവരും തമ്മിലുള്ള വ്യത്യാസം നിലനിർത്തുന്നില്ല.

അങ്ങനെയെങ്കിൽ കൗൺസിൽ ഊന്നിപ്പറഞ്ഞ 'ഉറവിടങ്ങളിലേക്കുള്ള തിരിച്ചുപോകലിൽ' എല്ലാവർക്കും, അല്മായർ ഉൾപ്പെടെയുള്ളവർക്ക്, ഒരു സഭാപരമായ ദൗത്യമുണ്ട്. കാരണം ജ്ഞാനസ്നാനമാണ് അടിസ്ഥാനകുദാശയായി നിൽക്കുന്നത്. 1987 ലെ മെത്രാന്മാരുടെ സിനഡിന്റെ അനന്തരഫലമായി വന്ന അപ്പസ്തോലിക ലേഖനം, അല്മായ വിശ്വാസികൾ (Christifideles Laici) ഈ തരത്തിലുള്ള ആഭിമുഖ്യങ്ങൾ പങ്കുവയ്ക്കുന്നതായി കാണാം. കർത്താവ് തന്റെ സഭയ്ക്ക് നൽകിയ സുവിശേഷ പ്രഘോഷണം എന്ന ദൗത്യത്തിൽ എല്ലാവരും, അതായത് അല്മായരും, ഭാഗഭാക്കുകളാകണം എന്നതാണ് പ്രസ്തുത ലേഖനത്തിന്റെ വിവക്ഷ.

ഈ പശ്ചാത്തലത്തിൽ വേണം ലത്തീൻ അമേരിക്കയിൽ ഉടലെടുത്ത അടിസ്ഥാന സമൂഹങ്ങളെ കാണുവാൻ. 1968 മെഡെല്ലിൻ കോൺഫറൻസ് അവയെ പുതിയ രീതിയിൽ ആയിരിക്കുന്ന സഭ എന്ന് വിശേഷിപ്പിച്ചു. 1979 പ്യൂബ്ലാ കോൺഫറൻസിൽ അതിനെ ഒരു സമഗ്ര സഭാവിജ്ഞാനീയം ഉൾക്കൊള്ളുന്ന ഒന്നായി കാണുകയുണ്ടായി. മെഡെല്ലിനും പ്യൂബ്ലയും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യം ഉൾക്കൊള്ളുന്നവയായിട്ടാണ് വിലയിരുത്തപ്പെടുന്നത്: സഭ ദൈവജനവും ദൈവരാജ്യത്തിന്റെ കൂദാശയും (തിരുസഭ 1. 26). ഈ ചട്ടക്കൂട്ടിൽ ഇടവക തന്നെ ഒരു പുതിയ സ്വഭാവം കൈവരുന്ന ഒന്നാകുന്നു: 'സമൂഹങ്ങളുടെ സമൂഹം'. തുടർന്ന് 2007 ൽ നടന്ന ലത്തീൻ അമേരിക്കൻ മെത്രാന്മാരുടെ അഞ്ചാമത് പൊതുസമ്മേളനം (CELAM) അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെയും അല്മായരുടെയും പ്രാധാന്യത്തെ ഊന്നിപ്പറയുകയുണ്ടായി. അല്മായരെ 'പ്രേഷിത ശിഷ്യർ' (missionary disciples) എന്ന് പ്രസ്തുത കോൺഫറൻസ് വിളിക്കുകയുണ്ടായി. ഫ്രാൻസിസ് മാർപാപ്പ ഇതേ പദപ്രയോഗം തന്റെ സുവിശേഷത്തിന്റെ സന്തോഷം (Evangelii Gaudium) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ പലവട്ടം (Nos. 24, 119-121, 173) ഉപയോഗിച്ചിരിക്കുന്നു. സഭാംഗങ്ങളെല്ലാവരും തന്നെ 'പ്രേഷിത ശിഷ്യരാണെന്ന്' മാർപാപ്പ പഠിപ്പിക്കുന്നു. ഇക്കാര്യം മിഷൻ കോൺഗ്രസും ബി.സി.സി. കൺവെൻഷനും ഉദ്ഘാടനം ചെയ്തുകൊണ്ട് കർദ്ദിനാൾ ഒസ്വാൾഡ് ഗ്രേഷ്യസ് ആവർത്തിക്കുകയുണ്ടായി എന്നത് ശ്രദ്ധേയമാണ്. ശിഷ്യരാകുവിൻ ആദ്യം നമ്മൾ നമ്മെത്തന്നെയും പഠിപ്പിക്കുകയും അതിന്റെ ഭാഗമായി അനുതാപത്തിന്റെയും തപസ്സിന്റെയും പ്രാർത്ഥനയുടെയും വഴികളിലൂടെ സഞ്ചരിക്കുകയും ഇന്നത്തെ ലോകത്തിന്റെ മുമ്പിൽ ദൈവരാജ്യത്തിന്റെ സാക്ഷികളായി തീരുകയും ചെയ്യുമ്പോൾ സുവിശേഷ പ്രഘോഷണം നടക്കുമെന്ന് കർദ്ദിനാൾ വ്യഖ്യാനപൂർവ്വം സമർത്ഥിക്കുകയുണ്ടായി. അങ്ങനെ സ്വയം പഠിപ്പിക്കപ്പെട്ടവരായി ചെറുക്രൈസ്തവ സമൂഹങ്ങളിൽ പങ്കുചേരുന്നവർ അവിടെ ദൈവവചനത്തെ കൂടുതൽ ആഴമായി പഠിക്കുകയും, സുവിശേഷ ചൈതന്യത്താൽ സാമൂഹ്യബോധമുള്ളവരാകുകയും, ദരിദ്രരോട് പക്ഷംചേരുകയും, നാം അധിവസിക്കുന്ന ഈ ഭൂമിയെക്കുറിച്ച് കരുതലുള്ളവരാകുകയും, അല്മായ ശുശ്രൂഷയ്ക്ക് തയ്യാറാവുകയും അങ്ങനെ സുവിശേഷ സാക്ഷ്യം നടപ്പാക്കുന്നവരാകുകയും ചെയ്യും.

## ക്രൈസ്തവ പ്രേഷിത ദൗത്യം

ബി.സി.സി. കളിലൂടെ വിരചിതമാകേണ്ട ക്രൈസ്തവ പ്രേഷിത ദൗത്യത്തെക്കുറിച്ചുള്ള ഒരു ദശവത്സരമാർഗരേഖ സമ്മേളനമദ്ധ്യേ പ്രകാശിപ്പിക്കപ്പെട്ടു. പ്രകാശനകർമ്മം നിർവഹിച്ചുകൊണ്ട് സംസാരിച്ചത് സുപ്രീം കോടതിയിലെ ന്യായാധിപനായ ജസ്റ്റിസ് കുര്യൻ ജോസഫ് അവർകളാണ്.

മാർഗരേഖയെപ്പറ്റി പ്രതിപാദിച്ചപ്പോൾ ഏറെ ശ്രദ്ധേയമാംവിധം ക്രൈസ്തവികത ഒരു മാർഗമാണെന്ന് അദ്ദേഹം പറഞ്ഞു. യഥാർത്ഥത്തിൽ ആദ്യ യേശുഅനുയായികൾ തങ്ങളെ 'മാർഗത്തിന്റെ മനുഷ്യർ' (അപ്പ 9, 2; 18, 25 -26; 19, 9.23; 22,4; 24, 14.22) എന്നാണ് സ്വയം വിശേഷിപ്പിച്ചത്. അന്ത്യോക്യയിൽ വച്ചാണ് അവർ 'ക്രിസ്ത്യാനികൾ' എന്ന് വിളിക്കപ്പെട്ടത്. തങ്ങൾ ഉത്തമവും ഉദാത്തവും, മാതൃകാപരവുമായ ഒരു ലോകത്തിലേക്ക് തീർത്ഥാടനം ചെയ്യുന്നവരായിട്ടാണ് അവർ സ്വയം കരുതിപ്പോന്നത്. ആ ലോകത്തെ അവർ ദൈവരാജ്യം എന്നുവിളിച്ചു. നസ്രത്തിലെ യേശു കാട്ടിത്തന്ന വഴിയിലൂടെയാണ് അവർ സഞ്ചരിച്ചതെന്ന ബോധ്യം അവർക്കുണ്ടായിരുന്നു. അതേ സമയം അവർ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നെന്നോ അവർക്ക് എല്ലാ കാര്യങ്ങളെയും കുറിച്ച് സമ്പൂർണമായ ഉത്തരങ്ങൾ ഉണ്ടായിരുന്നെന്നവർ കരുതിയില്ല. പക്ഷേ, അവർ ഏത് ദിശയിലേക്കാണ് സഞ്ചരിക്കുന്നത് എന്നതിനെക്കുറിച്ച് ബോധ്യം അവർക്ക് ഉണ്ടായിരുന്നു. അതേ ദിശാബോധമാണ് നമുക്കും ഇന്നുള്ളത്. ആകയാൽ നമ്മുടെ വിശ്വാസത്തിൽ നിന്നുളവാകുന്ന ചില മൂല്യങ്ങൾ നമുക്കുണ്ട്. ആ മൂല്യങ്ങൾക്കൊത്ത് നമ്മൾ ജീവിക്കുമ്പോഴും അവ പ്രഘോഷിക്കുമ്പോഴും നമ്മൾ പ്രേഷിത ദൗത്യം നിറവേറ്റുന്നവരാകും.

ഈ വഴിയിലൂടെ സഞ്ചരിക്കുന്നവരുടെ ചില മൂല്യങ്ങൾ നിർണായകമാണ്. ഗിരിപ്രഭാഷണം അതിന്റെ ഭാഗമാണ്. ഗിരിപ്രഭാഷണത്തിൽ ഉൾപ്പെട്ടിരിക്കുന്ന മൂല്യങ്ങൾ ഇന്നത്തെ സമൂഹത്തിൽ നിന്നും സംസ്കാരത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. അതിലെ ഒന്നാമത്തെ മൂല്യം 'ഉപാധികളില്ലാതെ സ്നേഹിക്കുക' എന്നതാണ്. സാധാരണയായി മനുഷ്യർ ശത്രുക്കളെ വെറുക്കുക എന്നുപഠിപ്പിക്കുമ്പോൾ യേശു ശത്രുക്കളെ സ്നേഹിക്കുക, അവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്ന മൂല്യം നിരത്തിവച്ചു (മത്താ 6, 43-44, ലൂക്ക 6,27-28). ഇന്ന് മനുഷ്യർ പരസ്പരം പുലർത്തുന്ന കരുതലും സ്നേഹവും വ്യവസ്ഥകളുള്ളതാണ്: നീ എന്നെ സ്നേഹിച്ചാൽ ഞാനും നിന്നെ സ്നേഹിക്കാം. നീ എന്റെ ജാതിയിലും വർഗത്തിലും സമുദായത്തിലും പെട്ട ആളാണെങ്കിൽ, നീ എന്നോട് ശത്രുതാ മനോഭാവം പുലർത്തുന്നില്ലെങ്കിൽ, ഞാൻ നിന്നെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യാം. എന്നാൽ യേശു ആവശ്യപ്പെട്ട സ്നേഹത്തിന്റെ മൂല്യം ഈ ഉപാധികൾക്കപ്പുറമായിരുന്നു. അത് പ്രാവർത്തികമാക്കിയാൽ പ്രേഷിതദൗത്യമായി. 'ക്ഷമ'യും മറ്റൊരു മൂല്യമാണ്. അതിന്റെ ഏറ്റവും ഉത്തമ ഉദാഹരണം യേശു പറഞ്ഞ ധൂർത്തപുത്രന് വ്യവസ്ഥകളില്ലാതെ സ്നേഹം നൽകിയ പിതാവിന്റെ കഥയാണ് (ലൂക്കാ 15,11-32). എല്ലാ മനുഷ്യരെയും 'തുല്യഭാവത്തിൽ' യേശു പരിഗണിച്ചു എന്നത് മറ്റൊരു മൂല്യമാണ്. എല്ലാവരുടേയും മാനുഷിക മഹത്വം അംഗീകരിച്ചുകൊണ്ട് അവരെ യേശു ഒരുപോലെ മാനിച്ചു: ശക്തരെ, ബലഹീനരെ, ധനവാന്മാരെ, ദരിദ്രരെ, അന്ധരെ, മുടന്തരെ, നിയമജ്ഞരെ, വ്യഭിചാരികളെ, ഫരിസയരെ, പ്രധാന പുരോഹിതരെ, പാപികളെ, യജമാനന്മാരെ, ഭൃത്യരെ, സ്ത്രീകളെ, കുട്ടികളെ, യഹൂദരെ, സമരിയാക്കാരെ, റോമാക്കാരെ. എല്ലാവരെയും തുല്യരായി കണക്കാക്കുകയും ബഹുമാനിക്കുകയും ചെയ്യുക എളുപ്പമല്ല. യേശുവിന്റെ 'നീതി' സങ്കല്പവും വ്യത്യാസമായിരുന്നു. സ്വയം വിസ്മരിക്കുകയും മറികടക്കയും ചെയ്യുന്ന തരത്തിലുള്ള ഒരു നീതി സങ്കല്പമായിരുന്നു യേശുവിന്റേത്. കണ്ണിന് പകരം കണ്ണ് എന്നല്ല മറിച്ച് ഒരു ചെകിട്ടത്തടിക്കപ്പെട്ടവൻ മറ്റേതു കൂടെ കാണിച്ചുകൊടുക്കുന്നതാണ് ആ നീതി സങ്കല്പം. ദരിദ്രരോട് സമ്പത്ത് പങ്കുവയ്ക്കുവാൻ ഉപദേശിക്കുമ്പോൾ 'നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കൂ' എന്നുപറയുന്നതുവഴിയായി ധനത്തോടും പണത്തോടുമുള്ള സമീപനവും യേശു ചൂണ്ടിക്കാട്ടുന്നു. 'സ്വയദാനത്തിലും സഹനത്തിലും' തെളിഞ്ഞുനിൽക്കുന്നതാണ് യേശുവിന്റെ ഏറ്റവും ഉയർന്ന മൂല്യം. അത് യേശു തന്റെ യാഗത്തിലൂടെ വെളിപ്പെടുത്തി. യേശുവിന്റെ ഈമൂല്യങ്ങൾ ഉൾക്കൊള്ളുവാനും പരിശീലിക്കുവാനും ശ്രമിക്കുമ്പോൾ അത് പ്രേഷിത ദൗത്യനിർവഹണമാകും. മിഷൻ കോൺഗ്രസിന്റെ മൂന്നാംദിവസം ബിഷപ്പ് ഇഗ്നേഷ്യസ് മസ്ക്രിനാസ്, ബിഷപ്പ് റഫേൽ തട്ടിൽ, ഫാദർ വിജയ് തോമസ്, ബിഷപ്പ് വർഗീസ് ചക്കാലക്കൽ, ആർച്ച്ബിഷപ്പ് പ്രോട്ടാസ് റുഗാംബ്വാ, ആർച്ച്ബിഷപ്പ് സൂസപാക്യം എന്നിവരുടെ പ്രഭാഷണങ്ങളിലെല്ലാം യേശുവിന്റെ മൂല്യങ്ങൾ ഉൾക്കൊള്ളേണ്ടതിന്റെ ആവശ്യകത തെളിഞ്ഞുനിന്നിരുന്നു.

## ഉപസംഹാര വിചിന്തനം

മിഷൻ കോൺഗ്രസിന്റെയും ബി.സി.സി. കൺവെൻഷന്റെയും ആദ്യദിന സായാഹ്നവും രണ്ടാം ദിനവും ഏറെ ശ്രദ്ധേയമായിരുന്നു. നാലായിരത്തോളം വന്ന പ്രതിനിധികൾ വരാപ്പുഴ, കോട്ടപ്പുറം, കൊച്ചി, ആലപ്പുഴ രൂപതകളിലെ ഇരുപത്തിരണ്ടു കേന്ദ്രങ്ങളിലേക്കായി ആദ്യദിനം വൈകുന്നേരം പിരിഞ്ഞുപോയി. അന്ന് രാത്രിയും അടുത്ത ദിവസവും നാലായിരം ഭവനങ്ങളിലാണ് ഈ പ്രതിനിധികൾ അന്തിയുറങ്ങിയത്. ആദിമസഭയിൽ ചുറ്റി സഞ്ചരിച്ചുകൊണ്ടിരുന്ന മിഷനറിമാർക്ക് ലഭിച്ച ആതിഥ്യത്തിന്റെ അനുഭവം അതിഥികൾക്കും ആതിഥേയർക്കും ഉണ്ടായത് ആശ്ചര്യകരമായിരുന്നു. കേരളത്തിലെ ലത്തീൻ കത്തോലിക്കാ സഭയ്ക്ക് സമൂഹത്തിന് അഭിമാനത്തിന്റെ അവസരമായിരുന്നു അത്. അതിഥികളെ ആതിഥേയ സമൂഹങ്ങൾ ഊഷ്മളമായി സ്വീകരിച്ചു. എല്ലാവരും ഒരു സഭയും സമുദായവും ആണെന്നും, യേശുവിലുള്ള വിശ്വാ

*(ശേഷം 20 - ാം പേജിൽ)*

**വൈദികപട്ടം സ്വീകരിച്ചവരും സ്വീകരിക്കാത്തവരും തമ്മിലുള്ള വ്യത്യാസത്തിന്റെ പേരിൽ ഒരു വിഭജനം പുതിയനിയമത്തിൽ കാണാനില്ല. യഥാർത്ഥത്തിൽ ജ്ഞാനസ്നാനം വഴി എല്ലാവരും ദൈവത്തിന് സമർപ്പിക്കപ്പെട്ടവരാണ്. ആകയാൽ ഒരു ക്രൈസ്തവ വിശ്വാസിയും കേവലം ലൗകീകനല്ല. എല്ലാവരും ഒരർത്ഥത്തിൽ സമർപ്പിതരാണ്.**

പ്രതീക്ഷിച്ചതല്ല ലഭിച്ചതെന്നും, ലഭിച്ചതാകട്ടെ ഒരിക്കലും പ്രതീക്ഷിക്കാത്ത സ്നേഹാനുഭവവും പങ്കാളിത്തത്തിന്റേയും സമഭാവനയുടെയും ഹൃദയസ്പർശിയായ അനുഭവങ്ങളുമാകുമ്പോൾ പങ്കാളിത്തത്തിന് ഹൃദ്യത ഏറെയാണ്. ആ ഹൃദ്യതയിൽ നിന്നുകൊണ്ടാണ് പലരും മിഷൻ കോൺഗ്രസ് പ്രാതിനിധ്യത്തെ നോക്കിക്കണ്ടതും വിലയിരുത്തിയതും.

മിഷൻ കോൺഗ്രസ് - ബിസിസി കൺവെൻഷൻ പങ്കാളികളായതിന്റെ സന്തോഷവും സംതൃപ്തിയും പങ്കുവയ്ക്കുകയാണ് ഡോ. എം. എ. ജോർജ്ജ്, മാർഗ്രറ്റ് ആന്റണി, സിസ്റ്റർ ധന്യ, ആന്റണി ദേവദാസ്, കവിതാ ജേക്കബ്, ഫാ. ലെനിൻ ഫെർണാണ്ടസ് എന്നിവർ



*മിഷൻ കോൺഗ്രസ് ബിസിസി സംഗമ ബലിവേദിയിൽ നിന്ന്*

# മിഷൻ കോൺഗ്രസ് നൽകിയത് ലഭിക്കാത്ത സ്നേഹാനുഭവ

സുവിശേഷ പ്രഘോഷണത്തിനും യേശു സാക്ഷ്യത്തിനും സഭയ്ക്കുള്ളിൽ രൂപപ്പെടേണ്ട സജീവ പങ്കാളിത്തം ഉറക്കെ പ്രഘോഷിച്ച്, സുവിശേഷ മൂല്യജീവിതത്തിലൂടെ സഭയ്ക്കും സമുദായത്തിനും സമൂഹത്തിനും പുതിയ ദിശാബോധവും നവസ്വപ്നവും സമ്മാനിക്കാൻ പോന്ന വല്ലാർപാടം മിഷൻ കോൺഗ്രസ് ബിസിസി സംഗമം വർത്തമാനകാല വെല്ലുവിളികൾക്കു മുൻപിൽ സഭയെ നയിക്കാൻ വിശ്വാസികൾ ഏവർക്കുമുള്ള ഒരാഹ്വാനമായിമാറി. ഒരു ക്രിസ്തു അനുയായിയുടെ ആത്മീയ ഉള്ളറയിൽ ഊറിക്കൂടിയ വിശ്വാസ തീപ്പൊരിയെ പ്രേക്ഷിതജ്വാലയായി പുനഃരുജ്ജീവിപ്പിക്കാൻ കഴിയുന്ന ഒരു മന്ദമാരുതന്റെ തലോടലായിട്ടാണ് മിഷൻ കോൺഗ്രസ് പര്യവസാനിച്ചത്. അതുനൽകിയ തീഷ്ണമായ അനുഭവവും ആവേശവും ചെറുതൊന്നുമല്ലെന്ന് മിഷൻ കോൺഗ്രസ് പ്രതിനിധികളായ ഓരോ ക്രൈസ്തവനും സാക്ഷിക്കാനുണ്ട്. പ്രതീക്ഷിച്ചതല്ല ലഭിച്ചതെന്നും, ലഭിച്ചതാകട്ടെ ഒരിക്കലും പ്രതീക്ഷിക്കാത്ത സ്നേഹാനുഭവവും പങ്കാളിത്തത്തിന്റേയും സമഭാവനയുടെയും ഹൃദയസ്പർശിയായ അനുഭവങ്ങളുമാകുമ്പോൾ പങ്കാളിത്തത്തിന് ഹൃദ്യത ഏറെയാണ്. ആ ഹൃദ്യതയിൽ നിന്നുകൊണ്ടാണ് പലരും മിഷൻ കോൺഗ്രസ് പ്രാതിനിധ്യത്തെ നോക്കിക്കണ്ടതും വിലയിരുത്തിയതും. ആശങ്കയോടെ വല്ലാർപാടത്തേക്ക് വണ്ടികയറിയവർ തിരിച്ചെത്തിയത് സുവിശേഷ സാക്ഷ്യത്തിന് തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന തിരിച്ചറിവോടെയാണ്.



# ഒരിക്കലും കൂട്ടായ്മ

ജ്ഞാന സ്നാനം സ്വീകരിച്ച ഏതൊരുവന്റെയും പ്രഥമവും പ്രധാനവുമായ ദൗത്യമാണ് സുവിശേഷ പ്രഘോഷണമെന്നും അത് അവരവരുടെ ജീവിത സാഹചര്യങ്ങളിൽ നിന്നുകൊണ്ടുതന്നെ നിർവഹിക്കപ്പെടണമെന്നും അതുവഴിയുണ്ടാകുന്ന ജീവിത സാക്ഷ്യമാണ് പ്രേഷിത ജീവിതത്തിന്റെ മൂലക്കല്ല് എന്ന ബോധ്യം മിഷൻ കോൺഗ്രസിന്റെ പ്രതിഫലനമാണ്. അങ്ങനെ വിശ്വാസ ജീവിതത്തിൽ തങ്ങൾക്കുലഭിച്ച പ്രേഷിത ചൈതന്യത്തെ വായനക്കാരുമായി പങ്കുവയ്ക്കാൻ ആവേശത്തോടെ മുന്നോട്ടു വന്നവരിൽ ചിലരുടെ മാത്രം അനുഭവങ്ങൾക്കും ചിന്തകൾക്കും ഇവിടെ മഷിപുരളുകയാണ്.

## സുവിശേഷ പ്രഘോഷണം ക്രൈസ്തവ ധർമ്മം



ഡോ. എം.എ.ജോർജ്ജ്
അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

തികഞ്ഞ പ്രതീക്ഷയോടെയാണ് മിഷൻ കോൺഗ്രസ് ബിസിസി സംഗമത്തിൽ പങ്കെടുക്കാൻ ഞാൻ യാത്ര പുറപ്പെട്ടത്. സഭാ പ്രവർത്തനങ്ങളിൽ അൽമായ പങ്കാളിത്തം ഉറപ്പുവരുത്തുകയും അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളെ ആദിമസഭയുടെ പ്രേഷിത ചൈതന്യത്തിലേക്ക് പരിവർത്തനവിധേയമാക്കുകയും ചെയ്യുക എന്നത് മിഷൻകോൺഗ്രസ് ബിസിസി സംഗമത്തിന്റെ ലക്ഷ്യമെന്നും ഞാൻ മനസ്സിലാക്കിയിരുന്നു.

നമ്മുടെ ലക്ഷ്യം എത്രമാത്രം കൈവരിക്കപ്പെട്ടുവെന്നത് തുടർ പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കും. ആത്മീയ മുന്നേറ്റത്തോടുമാത്രമേ ഭൗതിക മുന്നേറ്റം സാധ്യമാകൂ. ആത്മീയതയും ഭൗതികതയും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണെന്ന തിരിച്ചറിവ് മിഷൻ കോൺഗ്രസ് നല്കുന്നുണ്ട്. മിഷൻ കോൺഗ്രസ് ബിസിസി കൺവെൻഷനിലൂടെ സ്വായത്തമാക്കിയ പുതു ചൈതന്യം ഉൾക്കൊണ്ട് തിരുവനന്തപുരം അതിരൂപതയിൽ ചില കാര്യങ്ങൾ നടപ്പിലാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കുട്ടികളും യുവജനങ്ങളും പുരുഷന്മാരുമടങ്ങുന്ന കുടുംബം ബിസിസി യോഗങ്ങളിൽ കാര്യക്ഷമമായി പങ്കെടുക്കുക. ഈ യോഗങ്ങളിലേക്ക് കുടുംബാംഗങ്ങളെ ഫോണിലൂടെ ക്ഷണിക്കുക. ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുകയും വേണം. അനുദിന ദിവ്യബലിയിലെ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതോടൊപ്പം അനുരഞ്ജന കൂദാശയുടെ പ്രാധാന്യം മനസ്സിലാക്കി മാസത്തിലൊരിക്കലെങ്കിലും കൂദാശ സ്വീകരണത്തിന് ഇടവകതലങ്ങളിൽ സൗകര്യമൊരുക്കണം. യുവജനങ്ങൾക്ക് ആത്മീയ ഉണർവ്വും പരോപകാര പ്രവർത്തനങ്ങളിൽ താല്പര്യവും ജനിപ്പിക്കുന്നതിനായി ഇടവകകൾ അവസരമൊരുക്കണം. ധൂർത്ത്, ആഢംബരം, സ്ത്രീധനം, വർധിച്ചുവരുന്ന വിവാഹമോചനം, ലഹരിവസ്തുക്കളോടുള്ള ആസക്തി, മറ്റിതര കുറ്റകൃത്യങ്ങൾ എന്നിവ കുറച്ചുകൊണ്ടുവരുന്നതിനും ക്രമേണ ഇല്ലാതാക്കുന്നതിനും നടപടികളുണ്ടാകണം. യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കാൻ സഹായകമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. സ്ഥാപനവൽക്കരണത്തേക്കാളുപരി ഓരോ വ്യക്തിയുടെയും സമഗ്ര വികസനത്തിന് ഊന്നൽ നൽകുന്നതായിരിക്കണം നാം ആസൂത്രണം ചെയ്യുന്ന പദ്ധതികൾ. അതിരൂപതയിലെ നിർധന കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനങ്ങൾ ഉറപ്പുവരുത്തുകയും വൈദ്യുതി, കുടിവെള്ളം, ശൗച്യാലയം തുടങ്ങിയവ എല്ലാ കുടുംബങ്ങൾക്കും രണ്ടുവർഷത്തിനകം ലഭ്യമാക്കുകയും കുടുംബതലം മുതൽ രൂപതാതലം വരെ പ്രകൃതി-പരിസ്ഥിതിസംരക്ഷണം ഉറപ്പാക്കുകയും വേണം. ഇത്തരം കർമ്മപരിപാടികളിലൂടെ അല്മായരുടെ ആത്മീയവും ഭൗതികവുമായ പുരോഗതി കൈവരിക്കാൻ നമുക്കാകണം. പട്ടിണിയില്ലാത്ത ദരിദ്രമുക്തമായ ആരോഗ്യവും വിദ്യാഭ്യാസവും അടിസ്ഥാന സൗകര്യങ്ങളുമുള്ള സംസ്കാരസമ്പന്നമായ ഒരു സമൂഹമായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കായി ഒരേ മനസ്സോടും ഹൃദയത്തോടുംകൂടി കർമ്മനിരതരാകാൻ മിഷൻ കോൺഗ്രസിന്റെ ചൈതന്യം പ്രേരകമാകട്ടെ.

# സഭ കൂട്ടായ്മാനുഭവത്തിന്റെ ഉറവിടം

● മാർഗ്രറ്റ് ആന്റണി
സ്വർഗ്ഗാരോപിതമാതാ ദൈവാലയം, ചെറിയതുറ



ഈ കൺവെൻഷൻ, മിഷൻ കോൺഗ്രസ് എന്നൊക്കെപറഞ്ഞാൽ കുറേ ആളുകൾ ഒന്നിച്ചുകൂടുന്നു. വലിയ വലിയ ആളുകൾ വരുന്നു, പ്രസംഗിക്കുന്നു ആ പ്രസംഗങ്ങൾ കേട്ടിരിക്കുക ഒരു മുഷിപ്പൻ പരിപാടി. അതിൽപ്പരം മറ്റൊന്നും സംഭവിക്കാൻ പോകുന്നില്ലന്നായിരുന്നു മിഷൻ കോൺഗ്രസിനെക്കുറിച്ച് കേട്ടപ്പോൾ എന്റെ മനസ്സിലൂടെ ആദ്യം കടന്നുപോയ ചിന്ത. പിന്നെപ്പിന്നെ ചിലരുടെ താല്പര്യവും ആവേശവും എന്റെ ധാരണയ്ക്ക് മാറ്റംവരുത്തിത്തുടങ്ങി. മാത്രവുമല്ല, എന്റെ ഭർതൃഗൃഹമായ കൊച്ചിയിലെ മാനാശ്ശേരി വീട്ടിൽ ഞാനിടയ്ക്ക് ചെല്ലുമ്പോഴൊക്കെ അവിടുത്തെ ഇടവക വികാരി മിഷൻ കോൺഗ്രസിന്റെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതും എന്റെ ഇടവകയിൽ നടക്കുന്ന പ്രത്യേക പ്രാർത്ഥനയും എന്റെ ചിന്തകളെ മിഷൻ കോൺഗ്രസ് വെറുതെ ആളെകൂട്ടുന്ന ഒരു പരിപാടിയായിരിക്കില്ലെന്ന ധാരണയിലേക്ക് പരിവർത്തനം ചെയ്തു. അതിലുപരി വെള്ളയമ്പലത്തുവച്ചുനടന്ന മിഷൻ കോൺഗ്രസ് പ്രതിനിധിസംഗമം എന്നെ ആത്മീയമായും ഭൗതികമായും മിഷൻ കോൺഗ്രസിനുവേണ്ടി ഒരുക്കി.

കാത്തിരിപ്പിനൊടുവിൽ വല്ലാർപാടത്തെത്തിയപ്പോൾ എന്റെ മനസ്സ് വളരെ സന്തോഷിച്ചു. കാരണം ഇത്രയും പ്രാർത്ഥിച്ചൊരുങ്ങി ഒരുപക്ഷേ ഞാനൊരു കാര്യത്തിനും ഇറങ്ങിയിട്ടുണ്ടാവില്ല. വല്ലാർപാടത്തമ്മയുടെ പള്ളിയിൽ പലതവണ പോയിട്ടുണ്ടെങ്കിലും ഇത്തവണ ഒരു പ്രത്യേക സന്തോഷം മനസ്സിൽ അനുഭവപ്പെട്ടു. നാലായിരത്തോളം ജനങ്ങൾ ഒത്തൊരുമയോടും കൃത്യതയോടും സഹകരിക്കുന്നതുകണ്ടപ്പോൾ വലിയ സന്തോഷം തോന്നി. നമുക്ക് ഒട്ടും പരിചയമില്ലാത്ത ഒരു കുടുംബത്തോടൊപ്പം രണ്ടുദിനം താമസിക്കുവാനും, അവരോടൊപ്പം പ്രാർത്ഥിക്കുവാനും, ഭക്ഷിക്കുവാനും അവരിലൊരാളായി മാറുവാനും സാധിച്ചത് സഭ ഒരു കുടുംബമാണ് എന്നതിന്റെ പ്രായോഗിക നേട്ടമായിട്ടാണ് എനിക്ക് അനുഭവപ്പെട്ടത്.

ഈ കൺവെൻഷനിൽ നിന്നും ലഭിച്ച പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് എന്തുവിലകൊടുത്തും നമ്മുടെ ഇടവകകളിലെ മുഴുവൻ കുഞ്ഞുങ്ങളെയും ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന ക്ലാസുകളിൽ പങ്കെടുപ്പിക്കാൻ നമുക്ക് കഴിയണം. അതോടൊപ്പം ആറ് ശുശ്രൂഷാ സമിതികളും സജീവമാക്കുകയും ഇടവക വികാരിയോടും കമ്മിറ്റി അംഗങ്ങളോടും ചേർന്നുനിന്ന് പ്രവർത്തിക്കുകയും ചെയ്യുക ആവശ്യമെന്നുകണ്ടാൽ രൂപതയുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. കുടുംബം ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കുവാനും ബൈബിൾ വായിച്ച് വിചിന്തനം ചെയ്യുവാനും സമയം കണ്ടെത്തുക. ശുശ്രൂഷാ സമിതികൾ വഴി നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് ഒരു മൈക്രോപ്ലാൻ തയ്യാറാക്കി ഇടവകതലത്തിൽ നടപ്പിലാക്കുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കാൻ നമുക്കാവണം.

# ശുശ്രൂഷാ പ്രവർത്തനങ്ങൾ സജീവമാകാൻ ജനങ്ങളിലേക്ക്

**12** രൂപതകളുടെ ഒരുമിച്ചുള്ള കൂടിവരവ് എപ്രകാരമായിരിക്കുമെന്നത് എന്നിൽ ആശങ്കയുയർത്തിയിരുന്നു. ഞാൻ എന്ത് ചെയ്യണം, എങ്ങനെ പങ്കെടുക്കണം എന്നതിനെക്കുറിച്ച് ഒരു വ്യക്തതയും ഇല്ലായിരുന്നു. ഒരുക്കധ്യാനം എന്നിൽ മാറ്റങ്ങളുണ്ടാക്കി. ഈ കൂടിവരവ് എന്റെ ജീവിതത്തിൽ ഒരു തിരിച്ചറിവിന് നിമിത്തമാകുമെന്ന് ഞാൻ തിരിച്ചറിഞ്ഞു.

ആദ്യദിനം അലക്സാണ്ടർ ജേക്കബ് സാറിന്റെ പ്രസംഗം ഒഴികെ മറ്റൊന്നും എന്നെ സ്വാധീനിച്ചില്ല. എന്നാൽ എനിക്ക് നിശ്ചയിക്കപ്പെട്ട ഭവനത്തിൽ എനിക്കു ലഭിച്ച സ്വീകരണം ജീവിതത്തിൽ ഒരു പുതിയ അനുഭവമായിരുന്നു. സമാപനദിനത്തിൽ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് നടന്ന നമ്മൾ ആയിരിക്കുന്ന അവസ്ഥയിൽ നമ്മളാൽ കഴിയുന്ന മിഷൻ പ്രവർത്തനങ്ങൾ നടത്തണമെന്ന തിരിച്ചറിവ് എനിക്കുനൽകി. ഇടവകയിൽ പ്രധാനമായും താഴെതട്ടിൽ സജ്ജീവമാകണമെങ്കിൽ നമ്മൾ താഴെതട്ട് ഇറങ്ങിച്ചെന്ന് പ്രവർത്തിച്ചാൽ മാറ്റം ഉണ്ടാകുമെന്നും ഞാൻ തിരിച്ചറിഞ്ഞു. ഞാൻ സന്ദർശിച്ച ബിസിസി യൂണിറ്റിന്റെ പ്രവർത്തനം ചോദിച്ചറിഞ്ഞപ്പോൾ 26 വർഷങ്ങൾക്കുമുൻപ് സുസപാക്യം പിതാവിന്റെ ദീർഘവീക്ഷണവും ദൈവിക കാഴ്ചപ്പാടും അല്മായ പങ്കാളിത്തവും അത് നടപ്പിലാക്കിയ ഇച്ഛാശക്തിയും എനിക്ക് പിതാവിനോടും രൂപതയോടുമുള്ള അഭിമാനവും ബഹുമാനവും വർധിപ്പിച്ചു. എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും നമ്മുടെ ഇടവകയിൽ ശുശ്രൂഷാ സമിതികൾ പരസ്പര പൂരകങ്ങളായി പ്രവർത്തിക്കാത്തതും യൂണിറ്റ് തലങ്ങളിൽ തെരഞ്ഞെടുക്ക

# ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ കടമയാണ് സുവിശേഷ പ്രഘോഷണം

● സിസ്റ്റർ ധന്യ എംഎസ്എസ്ടി
അതിരൂപത ഹോം മിഷൻ ടീം അംഗം



കേരളത്തിലെ 12 ലത്തീൻ രൂപതയിലെ പിതാക്കന്മാരും, വൈദികരും, സന്യസ്തരും, അല്മായരും ഒരുമിച്ച് കൈകോർത്ത ബിസിസി മിഷൻ കോൺഗ്രസ് ഒരു ചരിത്രമുഹൂർത്തമാകുമെന്ന ശുഭ പ്രതീക്ഷ ഇതിൽ പങ്കെടുക്കുന്നതിന് മുൻപുതന്നെ എനിക്കുണ്ടായിരുന്നു. കാരണം മൂന്നുവർഷത്തെ മുന്നൊരുക്കം പിൻബലമായി ഉണ്ടായിരുന്നതുകൂടാതെ 33 ദിവസത്തെ തന്നൊരുക്ക ധ്യാനം നടത്തി, ഒരുങ്ങിയ പ്രതിനിധി സമൂഹമാണ് പങ്കെടുക്കുന്നതെന്നതും എന്റെ പ്രതീക്ഷയ്ക്ക് ആക്കംകൂട്ടി. അതിനാൽതന്നെ ഈ സംരംഭത്തിൽ സാക്ഷിയാകാൻ കഴിഞ്ഞതിൽ ഞാൻ ദൈവത്തിന് നന്ദി പറയുന്നു.

ആഴമായ വിശ്വാസവും വിഭവശേഷിയുള്ള അല്മായരുടെ വലിയൊരു പങ്കാളിത്തം സംഗമത്തിൽ കാണാൻ കഴിഞ്ഞത് അത്ഭുതാവകമായ കാര്യമായിരുന്നു. സഭ ദൈവജനമാണെന്നും, സ്നേഹക്കൂട്ടായ്മ അടിസ്ഥാനമായുള്ള പങ്കാളിത്തസഭയുടെ നവീകരണത്തിനും, സുവിശേഷവൽക്കരണ പ്രവർത്തനങ്ങൾക്കും തങ്ങൾ തയ്യാറാണെന്നും തങ്ങളുടെ സാന്നിധ്യത്തിലൂടെ അവർ പ്രഖ്യാപിക്കുകയായിരുന്നു. ഈ കൂടിവരവിന്റെ ഭാഗമായി ദശവത്സരപദ്ധതികളും ഹാർട്ട് റ്റു ഹാർട്ട് എന്ന നവ പ്രേഷിത ഉദ്യമവും രൂപതാ പ്രതിനിധികൾക്ക് 'മിഷൻ ക്രോസ്' കൈമാറിയതും വളരെ പ്രതീക്ഷ പകരുന്ന പദ്ധതികളായി.

ബിസിസികളിലൂടെ ഇടവകയെയും വിവിധ ശുശ്രൂഷകളിലൂടെ ബിസിസികളെയും എങ്ങനെ ശക്തിപ്പെടുത്താം എന്ന വിഷയത്തെ ആസ്പദമാക്കി രണ്ടാം ദിവസം 22 സെന്ററുകളിലായി നടത്തപ്പെട്ട ക്ലാസുകളും ചർച്ചകളും ഏറെ ഫലം പുറപ്പെടുവിക്കാൻ കഴിയുന്ന വിധത്തിലുള്ള പ്രതികരണമാണ് നൽകിയത്. മിഷൻ കോൺഗ്രസിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് നേതൃത്വനിരയിലേക്കുവരാൻ ആഗ്രഹമുള്ള എല്ലാവർക്കും പ്രത്യേകിച്ച് സ്ത്രീകൾക്കും യുവജനങ്ങൾക്കും ആവശ്യമായ പരിശീലനം നൽകി ശുശ്രൂഷാ സമിതികളുടെ ഉത്തരവാദിത്വം ഏല്പിക്കുന്നതുവഴി ശുശ്രൂഷകളെ ശക്തിപ്പെടുത്താൻ കഴിയുമെന്നും എല്ലാ യുവതീയുവാക്കളെയും അവരുടെ വേഷമോ രൂപമോ നോക്കി ഒഴിവാക്കാതെ അവരുടെ കഴിവുകളും വിഭവശേഷിയും ഉപയോഗിച്ചുകൊണ്ട് ഞങ്ങളും പങ്കാളിത്തസഭയുടെ ഭാഗമാണെന്ന അവബോധം അവരിൽ സൃഷ്ടിക്കുന്നതിന് സഹായമായ കർമ്മപരിപാടികൾ ആവിഷ്കരിച്ചുകൊണ്ടും. നമ്മുടെ വിദ്യാഭ്യാസ-തൊഴിൽ സ്ഥാപനങ്ങളുടെയും ആതുരാലയങ്ങളുടെയും മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ അവ യേശുവിനെ നൽകുന്ന വേദികളായി മാറിയും.

ആഴമായ വിശ്വാസം, ചൈതന്യവുമുള്ള അദ്ധ്യാപകരെ 12 വയസ്സിൽ താഴെയുള്ള കുട്ടികളുടെ മതബോധനത്തിനായി നിയമിച്ചും ദൈവവിശ്വാസവും, സന്മാതൃകയും, പ്രേഷിത ചൈതന്യവുമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന് നമുക്ക് വിഷൻ കോൺഗ്രസ് പ്രേരകമാകട്ടെ.

# ഇറങ്ങിച്ചെല്ലണം

● ആന്റണി ദേവദാസ്
അഞ്ചുതെങ്ങ് ഇടവക, ബിസിസി കോർഡിനേറ്റർ



പ്പെടുന്നവർക്ക് ശുശ്രൂഷാ സംവിധാനങ്ങളെക്കുറിച്ചുള്ള അജ്ഞതയും പ്ലാനും ബജറ്റും റിപ്പാർട്ടും പേപ്പറിൽ മാത്രം ഒതുങ്ങിക്കൂടുന്ന സ്ഥിതിവിശേഷവും നമ്മുടെ ബിസിസികളെ തളർത്തിക്കളയുന്നില്ലേ എന്നൊരു സംശയവും ഇല്ലാതില്ല. ശുശ്രൂഷാ സമിതികൾ സജീവമാക്കണമെങ്കിൽ ഒരു വിദഗ്ധ സമിതിയെ രൂപതാ ഫെറോനാതലങ്ങളിൽ തെരഞ്ഞെടുക്കുകയും എല്ലാ ശുശ്രൂഷകളുടെയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവർക്ക് മാർഗനിർദ്ദേശങ്ങൾ കർശനമായി നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

ഓരോ ഇടവകയുടെയും ഘടനമസ്സിലാക്കി തെരഞ്ഞെടുക്കപ്പെട്ടവരുടെയും വിദഗ്ധസമിതിയുടെയും സാന്നിധ്യത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് ഓരോ ശുശ്രൂഷയും ഒരു പ്രവർത്തനം മാത്രം നടപ്പിലാക്കുകയും അതിന്റെ വിജയപരാജയങ്ങളെക്കുറിച്ച് വിലയിരുത്തുകയും വിദഗ്ധ സമിതികളുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുമാത്രം തുടർ പ്രവർത്തനങ്ങൾ കൂട്ടായി ചർച്ച ചെയ്ത് നടപ്പിലാക്കുകയും പ്രത്യേക മാനദണ്ഡം അനുസരിച്ച് ഓരോ മൂന്നുമാസം കൂടുമ്പോഴും ഒരു മികച്ച ശുശ്രൂഷ സമിതിയെ തെരഞ്ഞെടുത്ത് ആദരിക്കാനും കഴിഞ്ഞാൽ നമ്മുടെ ബിസിസികളെ സജീവമാക്കാൻ കഴിയുമെന്ന ഒരു തിരിച്ചറിവ് മിഷൻ കോൺഗ്രസ് എനിക്ക് നൽകി.

# പരിണാമത്തിലേക്ക് ഒരു ചുവടുകൂടി

● കവിതാ ജേക്കബ്, വികാസ് നഗർ
പേട്ട ഫൊറോന ബിസിസി കമ്മീഷൻ സെക്രട്ടറി



മൂന്നുദിവസത്തെ ഒരു വലിയ പ്രോഗ്രാം, പങ്കെടുക്കുന്നവരിൽ ചിലരെ അറിയാം എന്നതിനാൽ ഒറ്റയ്ക്കാകില്ല എന്ന ചിന്ത, കഴിയും വിധത്തിൽ പ്രാർത്ഥിച്ച് ഒരുങ്ങി എന്നുള്ള ആത്മവിശ്വാസം, മൂന്നുദിവസം വീട്ടിൽ നിന്നും മാറിനിൽക്കുമ്പോൾ ഒരു വീട്ടമ്മ എന്ന നിലയിലുള്ള വേവലാതി ഇതൊക്കെയായിരുന്നു. വല്ലാർപാടത്തെ മിഷൻ കോൺഗ്രസ് & ബിസിസി കൺവെൻഷനിൽ പങ്കെടുക്കുന്നതിനുള്ള യാത്രയ്ക്കായി അതിരൂപത ഒരുക്കിയിരുന്ന 6-ാം നമ്പർ ബസിൽ അർധരാത്രി കയറുമ്പോൾ ഉണ്ടായിരുന്ന ചിന്ത. പക്ഷെ എട്ടാം തീയതിയിലെ മടങ്ങിവരവിൽ ഒരു പെന്തക്കോസ്താ അനുഭവത്തിലൂടെ ഒരു പുതിയ വ്യക്തിയായി ഞാൻ മാറിയിരുന്നു.

പ്രതിനിധിസംഗമത്തിന് മുന്നോടിയായി 22 കേന്ദ്രങ്ങളിൽ ഞങ്ങൾക്കായി ഒരുക്കിയിരുന്ന ഇടവകയിലെ ഭവനത്തിലേക്ക് എത്തിച്ചേർന്നപ്പോൾ എവിടെയോ കണ്ടുമറന്ന മുഖങ്ങൾ പോലൊരു അവസ്ഥ. തിരികെ വിട്ടുവന്നപ്പോൾ ഒരു ചെറിയ നൊമ്പരം. അപ്പസ്തോല പ്രവർത്തനങ്ങൾ 2.44 സംഭവ്യമായതായി തോന്നി. ഒരൊറ്റ സമൂഹമായി മാറുന്ന അവസ്ഥ.

അപ്പ. 2:7 ലെ വചനത്തിന്റെ പൂർത്തീകരണമായിരുന്നു മിഷൻ കോൺഗ്രസ്. അപ്പസ്തോലന്മാർ സംസാരിച്ചത് അവിടെ കൂടിയിരുന്ന എല്ലാപേർക്കും മനസ്സിലായി. അതെ, കേരള ലത്തീൻസഭയിലെ 12 രൂപതകളിൽപ്പെട്ടവരുടെയും ഹൃദയത്തിൽ ദൈവവിളിയുടെ ഭാഷ ഒന്നുതന്നെയായിരുന്നു. അപ്പ. 2:44, 45, 46, 47 നടപ്പിലാക്കാനുള്ള ദൈവവിളിയാണ് ഓരോ ക്രൈസ്തവനും ലഭിച്ചത്, ആ ദൈവവിളി കേരള ലത്തീൻ സഭയിലെ 12 രൂപതകളിലും ഒരുപോലെ നടപ്പിലാകും എന്നു തന്നെയാണ് എന്റെ വിശ്വാസം.

ക്രിസ്തുവിന്റെ കൈയും കാലും കണ്ണും ആയി മാറുന്നതിന് എനിക്ക് സാധിക്കും, അതിനായി ഞാൻ പ്രയത്നിക്കും എന്ന് ദൃഢനിശ്ചയം എടുക്കുക, അതിനായി പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം നിരന്തരം തേടുക. സഭാസംവിധാനങ്ങളിലെ പാളിച്ചകളേക്കാൾ, നൽകുവുന്ന നിർദ്ദേശങ്ങൾ സഭാ അധികാരികളെ അറിയിക്കുക തുടങ്ങിയവ മിഷൻ കോൺഗ്രസിന്റെ പ്രചോദനമായി ഞാൻ കാണുന്നു.

അതിനായി തുറന്ന ചർച്ചകളിലോ സംവാദങ്ങളിലോ പങ്കെടുക്കുന്നതിലൂടെ മാത്രമല്ല, ലഭിക്കുന്ന ഏതൊരു സാഹചര്യവും ഒഴിവാക്കാതിരിക്കുക.

# സമസ്തമുണരുകയായി

● ഫാ. ലെനിൻ ഫെർണാണ്ടസ്
കെസിവൈഎം ഡയറക്ടർ



പല നിറങ്ങളുള്ള തുണി ഒന്നായി നെയ്തുണ്ടാക്കിയ പൂർവ്വ യൗസേപ്പിന്റെ മേലങ്കിയെന്നോ, പല സ്വരങ്ങൾ ഒരേ താളത്തിൽ ഒന്നായി ഇഴുകി ചേർന്ന സുന്ദരമായ ഒരു ഗാനമെന്നോ, പല നിറങ്ങൾ മേളിച്ച അതിമനോഹരമായ ഒരു ക്യാൻവാസെന്നോ ഒക്കെ പറയാവുന്ന ഒരനുഭൂതിയായിരുന്നു മിഷൻ കോൺഗ്രസ്, ബി.സി.സി. സമ്മേളനം 2017. ഏകദേശം 26 വർഷങ്ങൾക്ക് മുൻപ് തിരുവനന്തപുരം രൂപതയിൽ ദീർഘവീക്ഷണത്തോടെ വിഭാവനം ചെയ്യപ്പെട്ട കുടുംബയൂണിറ്റുകൾ 2002 ലെ KRLCC യുടെ രൂപീകരണത്തോടെ കേരളത്തിലെ ഒട്ടുമിക്ക രൂപതകളിലും പല പേരുകളിൽ രൂപകൽപ്പന ചെയ്യപ്പെട്ടു. എന്നാൽ ഒരേ കുടക്കീഴിൽ കേരള ലത്തീൻ ജനത ഒന്നായി ചേർന്നതിന്റെ ഒരു പ്രകടമായ, ധീരമായ പ്രഖ്യാപനമായിരുന്നു മിഷൻ കോൺഗ്രസ്.

ഒരേ വേദിയിൽ 30 ഓളം പിതാക്കന്മാരും 400 ഓളം വൈദീകരും അനേകം സിസ്റ്റേഴ്സും സെമിനാരി വിദ്യാർത്ഥികളും അൽമായ പ്രതിനിധികളുമടങ്ങിയ 4000 ഓളം വന്ന പ്രതിനിധികൾ ഒരേ താളത്തിൽ പാടിയും, ചിരിച്ചും, കണ്ണുകൾ വിടർത്തിയും ഒന്നായി ഒഴുകി തീർത്തു ആ 3 ദിനങ്ങൾ. എന്നാൽ എല്ലാപേരും ഒരേ പോലെ പറഞ്ഞു നാം ഈ തിരി, ഒരായിരം തിരിയായി നമ്മുടെ ഇടവകകളിൽ ആളിപ്പടർത്തണം. വികേന്ദ്രീകരണത്തിന്റെ തിരുസഭാപാഠങ്ങൾ നാം ഒന്നായി ഉൾക്കൊള്ളണം. അൽമായ നേതാക്കൾ വളർന്നു വരണം. പിന്നാക്കത്തിന്റെയും അലസഗമനത്തിന്റെയും പഴംകുപ്പായങ്ങൾ നാം വലിച്ചെറിയണം. യേശുവിന്റെ അഭിഷേകാഗ്നി നമ്മുടെ വാക്കിലും പ്രവർത്തികളിലും നിറഞ്ഞു തുളുമ്പണം. കേരള ലത്തീൻ സഭയെ മുഴുവൻ പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിൽ പ്രതിഷ്ഠിച്ച ആ പ്രാർത്ഥന മുഹൂർത്തം പ്രതീക്ഷയുടെ സൂര്യകിരണങ്ങൾ നമ്മളിൽ വീശി. നീതി സൂര്യനായ യേശു നമ്മിലെ നന്മകളുടെ തീപ്പൊരികളെ ഊതിപ്പടർത്തട്ടെ, ഐക്യം നമ്മുടെ ശക്തി സ്രോതസ്സാകട്ടെ.

രൂപതകളിൽ തന്നെയും അല്ലെങ്കിൽ ചില രൂപതകൾ തമ്മിലെങ്കിലും വീണ്ടും ഇത്തരം മിഷൻ എക്സ്ചേഞ്ച് പരിപാടികൾ സംഘടിപ്പിക്കുന്നത് എന്തുകൊണ്ടും നല്ലതാണ്.

# കർമ്മവീഥിയിലേക്കുള്ള ഉത്തേജനം

**ജോണി എം.എ**
അതിരൂപത കെസിവൈഎം പ്രസിഡന്റ്



ജ്ഞാനസ്നാനം സ്വീകരിക്കുന്ന ഓരോ ക്രൈസ്തവനും സുവിശേഷ പ്രഘോഷണ പ്രേഷിത പ്രവർത്തനത്തിന്റെ ദൗത്യവാഹകരാകേണ്ടതിന്റെ ആവശ്യകത വിളിച്ചോതുന്ന പ്രൗഡഗംഭീരമായ ഒരു ഒത്തുചേരലായിരുന്നു വല്ലാർപാടം അമ്മയുടെ തിരുമുറ്റത്തുവച്ച് നടത്തപ്പെട്ട മിഷൻ കോൺഗ്രസ്. ഈ പ്രേഷിത സംഗമത്തിൽ പങ്കാളിയാകാൻ മാസങ്ങൾക്കുമുൻപേ തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രതിനിധിയെന്ന നിലയിൽ കെആർഎൽസിബിസി സംസ്ഥാന ഓഫീസിൽ നിന്ന് ഒക്ടോബർ ഏഴാം തീയതി നടക്കുന്ന ബിസിസി സംഗമത്തിൽ ഒരു സെക്ടറിൽ "ശുശ്രൂഷകളിലൂടെ സജീവമാകുന്ന ബിസിസി" എന്ന വിഷയവുമായി ബന്ധപ്പെട്ട് ഒരു ക്ലാസ് നയിക്കുന്നതിന് എന്നെ വിളിച്ചപ്പോൾ ഒത്തിരിയേറെ സന്തോഷവും അതിലുപരി ഈ സംഗമത്തിന് വരുന്നവർ സാധാരണക്കാരല്ല എന്നും ലത്തീൻ സഭയിലെ പന്ത്രണ്ടുരൂപതകളിലെ മുഴുവൻ ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുകയും ബിസിസി പ്രവർത്തനങ്ങളിലും സഭാ പ്രവർത്തനങ്ങളിലും തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചവരുമായ നേതാക്കളാണ് എന്നറിഞ്ഞപ്പോൾ അൽപ്പം ആശങ്കയുമുണ്ടായി. അതുകൊണ്ടുതന്നെ വിഷയത്തിന്റെ സുതാര്യതയിലേക്ക് കുറച്ചുകൂടി ആഴത്തിൽ കടന്നുചെല്ലാൻ അതെന്നെ പ്രേരിപ്പിച്ചു.

കേരളത്തിലെ 12 ലത്തീൻ രൂപതകളിൽ നിന്നുമായി എത്തിയ നാലായിരത്തോളം അല്മായ പ്രതിനിധികളും നൂറുകണക്കിന് വൈദിക സന്യസ്ത ശ്രേഷ്ഠരും, പ്രത്യേകിച്ച് വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ്പ് ഡോ. ജാമ്പത്തിസ്താ ദിക്വാദോയും ആർച്ച് ബിഷപ്പ് പ്രൊട്ടാസെ റുംഗുംബാവേ, അത്യുന്നത കർദ്ദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ് തുടങ്ങിയ മുപ്പതിൽപ്പരം മെത്രാന്മാരേയും ഒരേവേദിയിൽ കാണാൻ ലഭിച്ച അവസരം ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു.

രണ്ടാം ദിവസം പ്രതിനിധികൾക്കായി പ്രത്യേകം ഒരുക്കിയ പഠനശിബിരം ബിസിസി സംഗമത്തിന്റെ ലക്ഷ്യപ്രാപ്തിക്ക് മുതൽക്കൂട്ടായി. "ബിസിസികളുടെ നവീകരിക്കപ്പെടുന്ന ഇടവക" "ശുശ്രൂഷകളിലൂടെ സജീവമാകുന്ന ബിസിസി" തുടങ്ങി രണ്ടുവിഷയങ്ങളുടെ വിശകലനവും അതിന്മേലുള്ള ചർച്ചയും പ്രതിനിധികൾക്ക് പ്രചോദനമായി. കെആർഎൽസിബിസി വിഭാവനം ചെയ്യുന്നതും സഭയുടെ ബഹുമുഖപ്രവർത്തനങ്ങളെ കാര്യക്ഷമമായി പ്രവർത്തന നിരതമാക്കാൻ സഭാധികാരികൾ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ 23 കമ്മിഷൻ സംവിധാനത്തെയും അത്തരം കമ്മിഷനുകളിൽ സമാന സ്വഭാവമുള്ളവയെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കാൻ രൂപതാ ഘടകങ്ങളിലും ഇടവകാതലത്തിലും രൂപീകരിച്ച ആറ് ശുശ്രൂഷാ സമിതികളെക്കുറിച്ചും അതിന്റെ മഹത്വത്തെക്കുറിച്ചുമുള്ള വിശകലനങ്ങളിലൂടെ നടന്ന കടന്നുപോക്ക് പ്രതിനിധികളിൽ പുതിയൊരു ബിസിസി ദിശാബോധത്തിന് വഴിതെളിച്ചു.

സാധാരണ ഒരു പഠനവും ചർച്ചയും സംഗമവും കഴിഞ്ഞ് വീടുകളിലേക്ക് തിരിച്ചുപോകുന്നുവെന്ന രീതിയിൽ നിന്നും വ്യത്യസ്തമായ മിഷൻ കോൺഗ്രസിന്റെ സത്ത ഉൾക്കൊണ്ടുകൊണ്ട് "മിഷൻ ക്രോസ്" എന്ന പുതിയ കർമ്മപഥങ്ങളിലേക്ക് വഴിതെളിച്ചുവിടുന്ന പ്രേഷിത പ്രവർത്തനത്തിന് തുടക്കംകുറിച്ചുകൊണ്ടാണ് ഈ സംഗമം സമാപിച്ചതെന്നതുതന്നെ വളരെ ദർശനാത്മകമായ ഒരു പദ്ധതി പൂർത്തീകരണത്തിനായിട്ടാണ് മിഷൻ കോൺഗ്രസ് എന്നത് വ്യക്തമാക്കുന്നു.

---

തിരുവനന്തപുരം ലത്തീൻ അതിരൂപത മീഡിയാ കമ്മിഷന്റെ ആഭിമുഖ്യത്തിൽ പെയിന്റിംഗ് എക്സിബിഷൻ സംഘടിപ്പിക്കുന്നു. ഇതിലേക്ക് യേശുവിന്റെ ഉപമകൾ എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഇടവകയിലെ ചിത്രകാരന്മാരുടെ പെയിന്റിംഗുകൾ ക്ഷണിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന മികച്ച ചിത്രങ്ങൾക്ക് ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ (യഥാക്രമം 10001, 5001, 2001 രൂപ) നല്കുന്നതാണ്. പെൻസിൽ, ഓയിൽ, വാട്ടർ കളർ തുടങ്ങി ഏത് കളറിംഗ് ഉപാധികളും ഉപയോഗിക്കാം. ചിത്രകാരന് സൗകര്യപ്രദമായ വലിപ്പത്തിലുള്ള ക്യാൻവാസിലോ പേപ്പറിലോ ചിത്രങ്ങൾ വരയ്ക്കാവുന്നതാണ്. ഇടവകാംഗങ്ങളുടെ സൃഷ്ടികൾ മാത്രമേ മത്സരത്തിന് സ്വീകരിക്കൂ. എക്സിബിഷനെത്തുന്ന രചനകളുടെ ഉടമസ്ഥാവകാശം മീഡിയാ കമ്മീഷനായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന ചിത്രങ്ങൾ മാത്രമേ എക്സിബിഷനിൽ പ്രദർശിപ്പിക്കുകയുള്ളൂ. ചിത്രങ്ങളും പെയിന്റിംഗുകളും ചിത്രകാരന്റെ ബയോഡാറ്റ സഹിതം ഇടവക വികാരിയുടെ ഒപ്പോടുകൂടി 2017 നവം.21 ന് മുമ്പായി അതിരൂപതാ മീഡിയാ കമ്മിഷൻ ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ ലഭിച്ചിരിക്കേണ്ടതാണ്.




*തപാലിൽ അയയ്ക്കേണ്ട വിലാസം:*

**ഫാ. ദീപക് ആന്റോ**
മീഡിയാ കമ്മീഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി
ആർച്ച് ബിഷപ്സ് ഹൗസ്, വെള്ളയമ്പലം,
തിരുവനന്തപുരം - 695 003

# അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലൂടെ പ്രകാശിതമാകുന്ന സഭ

*(പേജ് 17 ന്റെ തുടർച്ച)*

> **മിഷൻ കോൺഗ്രസ് – ബിസിസി സംഗമത്തിൽ പൊതുസമൂഹത്തിന്റെ പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെടാതെ പോയോ എന്നും അല്ലെങ്കിൽ പൊതുസമൂഹത്തിന്റെ പ്രശ്നങ്ങളോടു ചേർന്നുതന്നെ ലത്തീൻ കത്തോലിക്കരുടെ പ്രശ്നങ്ങളും വിശകലനം ചെയ്യപ്പെടേണ്ടതാണെന്നുമുള്ള ന്യായമായ സംശയം ഉന്നയിക്കപ്പെടാനാവിതിരിക്കുന്നില്ല.**

സം അവരെ ഒന്നിപ്പിക്കുന്നു എന്ന യാഥാർത്ഥ്യവും തെളിമയാർന്നുനിന്നു. രണ്ടാം ദിവസത്തിലെ സായാഹ്നത്തിൽ മേൽപ്പറഞ്ഞ ഇരുപത്തിരണ്ടു കേന്ദ്രങ്ങളിലുമുണ്ടായിരുന്ന ബി.സി.സി.കളിൽ വിവിധ രൂപതകളിൽ നിന്നെത്തിയ അതിഥികളായ സഹോദരർ പങ്കെടുത്തപ്പോൾ ഓരോ പ്രദേശത്തും ഉള്ള ബി.സി.സി.കൾ എപ്രകാരം തങ്ങളുടേതിന് സമമായും അതേ സമയം വ്യത്യസ്ഥമായും പ്രവർത്തിക്കുന്നുവെന്ന് അറിയുവാനും അവർക്ക് കഴിഞ്ഞു; ഇടവകതലത്തിലുള്ള സമാനതകളും വ്യത്യസ്ഥതകളും സുവിദിതമായി. അപ്രകാരം അവർ പരസ്പരം അനുഭവസമ്പന്നരായി.

ഈ സംഗമത്തെ ഭാവാത്മകമായി കാണുമ്പോൾ തന്നെ അതിനെ നിരൂപണാത്മകമായി വീക്ഷിക്കേണ്ടതുമുണ്ട്. ലത്തീൻ കത്തോലിക്കരുടെ സാമുദായിക പ്രശ്നങ്ങൾ വിവിധ വീക്ഷണകോണുകളിലൂടെ ചിലപ്പോഴൊക്കെ ഈ സംഗമത്തിൽ അവതരിപ്പിക്കുകയുണ്ടായി. സാമൂഹ്യവിമർശനവേളയിൽ കേരള സംസ്ഥാനത്തെ തെരുവുനായ ശല്യത്തിൽ മൂന്നുപേർ മരിച്ചെന്നും അതിൽ രണ്ടുപേർ ലത്തീൻ കത്തോലിക്കരായിരുന്നുവെന്നുള്ള യാഥാർത്ഥ്യത്തിലേക്ക് വിരൽചൂണ്ടിക്കൊണ്ട് ലത്തീൻ കത്തോലിക്കരുടെ സാമൂഹിക സാമ്പത്തിക ദുഃസ്ഥിതിയെ ജോയി ഗോതുരുത്ത് പരാമർശിക്കുകയുണ്ടായി. എന്നാൽ ഒരേതരം ദരിദ്രസാഹചര്യം അനുഭവിച്ച മൂന്നാമത്തെ ആളിന്റെ ദുഃസ്ഥിതിയെക്കുറിച്ച് ഊന്നൽ നൽകാതെ പോയോ എന്ന സംശയം അവശേഷിക്കുന്നു. പൊതുസമൂഹത്തിന്റെ പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെടാതെ പോയോ എന്നും അല്ലെങ്കിൽ പൊതുസമൂഹത്തിന്റെ പ്രശ്നങ്ങളോടു ചേർന്നുതന്നെ ലത്തീൻ കത്തോലിക്കരുടെ പ്രശ്നങ്ങളും വിശകലനം ചെയ്യപ്പെടേണ്ടതാണെന്നുമുള്ള ന്യായമായ സംശയം ഉന്നയിക്കപ്പെടാനാവിതിരിക്കുന്നില്ല. ബി.സി.സി.കളുടെ തന്നെ രൂപപരിണാമം പ്രക്രിയ തന്നെ ഇത്തരത്തിലൊരു ചോദ്യത്തിന് നിദാനമായി നിൽക്കുന്നു. കാരണം അവയുടെ ആദ്യനാമം അടിസ്ഥാന 'സഭാ' സമൂഹങ്ങൾ (Basic Ecclesial Communities) എന്നായിരുന്നു, അതായത് കത്തോലിക്കാ സഭയ്ക്കുള്ളിൽ തന്നെയുള്ള ചെറുസമൂഹങ്ങൾ. എന്നാൽ അവ ചിലപ്പോഴെങ്കിലും സഭയുടെ ചട്ടക്കൂടുകൾ ഭേദിച്ച് വിപുലമാകുവാൻ തുടങ്ങിയപ്പോൾ അവ ബി.സി.സി.കളായി (Basic Christian Communities), അതായത് അടിസ്ഥാന 'ക്രിസ്തീയ' സമൂഹങ്ങൾ, അഥവാ, കത്തോലിക്കാ സഭയ്ക്കും പുറത്തുള്ള ക്രൈസ്തവ സമൂഹങ്ങളെയും ഉൾക്കൊള്ളുവാൻ കഴിയുന്നവയായി. ഇന്നത് ബി.എച്ച്.സികളായും (Basic Human Communitie-s) മാറിക്കൊണ്ടിരിക്കുകയാണ്, അതായത്, അടിസ്ഥാന മാനവ സമൂഹങ്ങൾ, അങ്ങനെയെങ്കിൽ പൊതുസമൂഹത്തിന്റെ പ്രശ്നങ്ങളിലേക്ക് ബി.സി.സി.കൾക്ക് പ്രവേശിക്കാതിരിക്കാൻ വയ്യ.

മൂന്നുദിവസത്തെ സംഗമത്തിൽ കൂടുതൽ സമയം വ്യയം ചെയ്തത് ആഘോഷങ്ങൾക്കുവേണ്ടി ആയിരുന്നോ എന്ന ചിന്തയും ഇല്ലാതില്ല. രണ്ട് ദിവസങ്ങളിൽ നടന്ന ആഘോഷമായ ദിവ്യപൂജാർപ്പണങ്ങൾ അതിൽതന്നെ അതീവ സുന്ദരവും, അനുഗ്രഹപ്രദവും ആശ്വാസദായകവുമായിരുന്നെങ്കിൽപോലും സംഗമം കൂടുതൽ പഠനപരം (academic) ആകുന്നതിനുണ്ടായിരുന്ന സമയം നഷ്ടപ്പെട്ടോ എന്ന സംശയം നിലനിൽക്കുന്നു. രണ്ടാംദിനത്തിൽ നടന്ന ചർച്ചകളിൽ ഉയർന്നുവന്ന ആശയങ്ങൾ ക്രോഡീകരിച്ച് പൊതു സമ്മേളന വേദിയിൽ അവതരിപ്പിക്കുവാനും അവിടെ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ കൊള്ളാനോ തള്ളാനോ ഉള്ള അവസരം ഉണ്ടാകാതെ പോയി.

അതുപോലെ തന്നെ ആംഗലേയ ഭാഷയിലുള്ള പ്രഭാഷണങ്ങൾ പരിഭാഷപ്പെടുത്താതെ പോയത് എല്ലാ പ്രതിനിധികൾക്കും സംഗമത്തിൽ അവതരിപ്പിക്കപ്പെട്ട ആശയങ്ങൾ പൂർണമായും ഗ്രഹിക്കുവാൻ ഇടവരുത്താതെ പോയി. ദിവ്യപുജാർപ്പണത്തിൽ തന്നെ ദിവ്യകാർമികൻ ഇംഗ്ലീഷിലോ ലത്തീനിലോ പ്രാർത്ഥനകൾ നടത്തിയപ്പോൾതന്നെ പ്രത്യുത്തരങ്ങൾ ജനത്തിന് മലയാളത്തിൽ തന്നെ നൽകുവാനുള്ള അവസരം ഒരുക്കാമായിരുന്നു. അങ്ങനെ അവരും ദിവ്യപൂജയിൽ സജീവമായി പങ്കെടുക്കുന്നവരായി മാറുമായിരുന്നു; ദിവ്യപൂജാഗാനങ്ങളും കൂടുതൽ മലയാളത്തിൽ ആകാമായിരുന്നു.

ഉത്തരേന്ത്യയിലെ പന്ത്രണ്ട് രൂപതകളുമായി പ്രേഷിതപരമായ ബന്ധം തുടങ്ങുന്നതിന്റെ അടയാളങ്ങൾ കൈമാറിയെങ്കിലും അത് എപ്രകാരം നടന്നുകൊണ്ടുപോകണം എന്നതിനെക്കുറിച്ചുള്ള ധാരണ വ്യക്തമായി അവതരിപ്പിച്ചിരുന്നുവെങ്കിൽ കൂടുതൽ നന്നായേനെ.

മിഷൻ കോൺഗ്രസിന്റെയും ബി.സി.സി. കൺവെൻഷന്റെയും അലയടികൾ അതിന്റെ പ്രതിനിധികളിലൂടെ ഉണ്ടാകാനാണിരിക്കുന്നത്. വിമർശാത്മകവശങ്ങൾ നിലനിൽക്കുമ്പോൾ തന്നെ അഭിമാനകരവും, പ്രചോദനാത്മകവും ആവേശകരവുമായ മൂന്നുദിവസങ്ങളാണ് ഈ സമ്മേളനം പ്രദാനം ചെയ്തതെന്ന് തറപ്പിച്ച് പറയാനാകും. അതിന്റെ ഫലങ്ങൾ മുപ്പതും അറുപതും നൂറും മേനിയായി കൊയ്തെടുക്കാൻ ലത്തീൻ സഭയ്ക്കും സമുദായത്തിനും പൊതുസമൂഹത്തിനും ഇടവരട്ടെയെന്നതാണ് ഈ ലേഖകന്റെ പ്രാർത്ഥനയും ആശംസയും. ■

# പുണ്യവാന്മാരുടെ ഐക്യത്തിൽ

● ഫാ. തോമസ് ജെ. നെറ്റോ

'പുണ്യവാന്മാരുടെ ഐക്യത്തിലും ഞാൻ വിശ്വസിക്കുന്നു.'

വിശ്വാസ പ്രമാണത്തിലെ ഈ പ്രഖ്യാപനം ഒരു വിശ്വാസിയുടെ ജീവിതത്തിന് വിശാലമായൊരു ചക്രവാളം നൽകുന്നു. അത് പാരസ്പര്യത്തിന്റെയും കൂട്ടായ്മയുടെയും ബന്ധങ്ങളുടെയും ഒരു ലോകം അവന് തുറന്നുകൊടുക്കുന്നു. ഈ ജീവിതയാത്രയിൽ ഒരാളുപോലും തനിച്ചല്ലെന്നും ഒറ്റയ്ക്കിരിക്കുമ്പോഴും അയാൾ ഒരു വലിയ കുടുംബത്തിന്റെയും കൂട്ടായ്മയുടെയും ഭാഗമാണെന്നും ഓർമ്മിപ്പിക്കുന്നു. ഈ അവബോധവും ഓർമ്മയും ഒരുവന് ശക്തിയും കരുത്തും പ്രത്യാശയും പകരുന്നു. സഭയിൽ സാഹോദര്യത്തിന്റെ ശൃംഖലയിൽ നാം - വിശുദ്ധരും മരിച്ചവരും ജീവിച്ചിരിക്കുന്നവരും - പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

നവംബർ മാസം ഒന്നാം തീയതി സഭ സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുന്നു. രണ്ടാം തീയതി സകല ശുദ്ധീകരണാത്മാക്കളുടെയും തിരുനാളും കൊണ്ടാടുന്നു. ഇവിടെ സഭയുടെ മൂന്നു അവസ്ഥകളും അഥവാ ഘട്ടങ്ങളും കൂടുതൽ പ്രകാശിതമാകുന്നു. ശുദ്ധീകരണസ്ഥലത്തിലെ വേദനയനുഭവിക്കുന്ന സഭയും സ്വർഗത്തിലെ മകുടം ചൂടിയ സഭയും ഈ ഭൂമിയിലെ തീർത്ഥാടക സഭയും കൂട്ടായ്മയുടെ ശൃംഖലയിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന സത്യം കൂടുതൽ പ്രകടമാകുന്നു.

സ്വർഗസ്ഥരുടെ സ്മരണ സഭ ആഘോഷിക്കുന്നു. വിശുദ്ധരോടുള്ള വണക്കം നമുക്ക് ഒരു അനുഗ്രഹമാണ്. വിശുദ്ധർ രക്ഷകനായ ക്രിസ്തുവിനെ തങ്ങളുടെ ജീവിതത്തിൽ വിശ്വസ്തതയോടെ അനുഗമിച്ചവരാണ്. ക്രിസ്തുവിലേക്കുള്ള വളർച്ചയിലും യാത്രയിലും അവർ നമുക്ക് മാതൃകയും പ്രചോദനവുമാണ്. സഭ ഇപ്രകാരം പഠിപ്പിക്കുന്നു "വിശുദ്ധരുമായുള്ള നമ്മുടെ സമ്പർക്കം നമ്മെ ക്രിസ്തുവുമായി യോജിപ്പിക്കുന്നു. ക്രിസ്തുവഴി ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കാൻ വിശുദ്ധരുടെ പ്രാർത്ഥനകളിലും ശക്തിയിലും സഹായത്തിലും നാം അഭയം തേടുന്നത് യുക്തമാണ്" (ജനതകളുടെ പ്രകാശം, 50).

'പുണ്യവാന്മാരുടെ ഐക്യം' എന്ന പ്രയോഗത്തിന് രണ്ട് അർത്ഥങ്ങളുണ്ട്. 'വിശുദ്ധവസ്തു'ക്കളിലുള്ള ഐക്യത്തേയും 'വിശുദ്ധരായ വ്യക്തികളുടെ ഇടയിലുള്ള ഐക്യത്തേയും' അത് സൂചിപ്പിക്കുന്നു. ആദ്ധ്യാത്മിക നന്മകളിലുള്ള സംസർഗ്ഗം സഭയുടെ വിശ്വാസത്തിന്റെ ഭാഗമാണ്. "കൂട്ടായ്മയായ സഭയിൽ ഓരോരുത്തന്റെയും നന്മ മറ്റുള്ളവർക്ക് പകർന്നു നൽകപ്പെടുന്നു... തന്മൂലം നന്മകളുടെ ഒരു സംസർഗ്ഗം സഭയിലുണ്ട്. സഭ സ്വീകരിക്കുന്ന സകലനന്മകളും ഒരു പൊതുനിക്ഷേപമായിത്തീരുന്നു." (കത്തോലിക്കാ സഭയുടെ മതബോധനം, 947). ആദ്ധ്യാത്മിക നന്മകളിലുള്ള സംസർഗ്ഗം എന്നത് വിശ്വാസത്തിലും, കൂദാശകളിലും, വരദാനങ്ങളിലും, സ്നേഹത്തിലുമുള്ള സഭാംഗങ്ങളുടെ കൂട്ടായ്മയേയും പങ്കാളിത്തത്തേയുമാണ് സൂചിപ്പിക്കുക.

ആത്മാവ് വിശ്വാസികൾക്ക് നൽകുന്ന സവിശേഷമായ വരങ്ങൾ പൊതുനന്മയ്ക്കുവേണ്ടിയാണ് (1 കൊറി. 2:7) "ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും സന്തോഷിക്കുന്നു. നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്." (1 കൊറി. 12:26-27).

സകല മരിച്ചവിശ്വാസികളുടെയും തിരുനാളിൽ നാം സെമിത്തേരി സന്ദർശിക്കുന്നുണ്ട്. നാം നമ്മുടെ പ്രിയമുള്ളവരുടെ കുഴിമാടങ്ങളിൽ പുഷ്പങ്ങളും ദീപങ്ങളും സമർപ്പിക്കുന്നു. നാം അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. മരണത്തിനുപോലും മുറിച്ചുകളയാനാവാത്തവിധം മൃതരായവരും ജീവിച്ചിരിക്കുന്നവരും സ്വർഗസ്ഥരും പരസ്പരം ബന്ധങ്ങളുടെ ദൃഢമായ കണ്ണികളാൽ കോർത്തിണക്കപ്പെട്ടിരിക്കുന്നു. 'പുണ്യവാന്മാരുടെ ഐക്യം' എന്ന കത്തോലിക്കാ പ്രബോധനം ഉദാത്തമായൊരു ദർശനമാണ്. "ഓരോരുത്തരും ക്രിസ്തുവിനും ക്രിസ്തുവിനുവേണ്ടിയും പ്രവർത്തിക്കുന്നതും സഹിക്കുന്നതും എല്ലാവർക്കും ഫലം നൽകുന്നു." (കത്തോലിക്കാ സഭയുടെ മതബോധനം, 961)

സ്വർഗ്ഗവാസികളും മൃതരായവരുമായുള്ള സംസർഗ്ഗത്തിന്റെ ഊഷ്മളാനുഭൂതികളിൽ ഈ ലോകത്തിലെ തീർത്ഥാടകരായ നമുക്ക് നവംബർ മാസം കൂടുതൽ ധന്യമാക്കാം.



ലേഖനം

ഡോ. ഐറിസ്




കടക്കെണിയിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും മത്സ്യത്തൊഴിലാളിമേഖലയെ സംരക്ഷിച്ചുനിർത്തുന്നതിൽ മത്സ്യവിപണന സ്ത്രീതൊഴിലാളികളുടെ പങ്ക് നിസ്തുലമാണ്. അത്തരമൊരു ജീവിതമാതൃക വായനക്കാർക്കായി പങ്കുവയ്ക്കുന്നു

# മീൻ ചരുവത്തിൽ പിടയ്ക്കുന്ന ജീവിതങ്ങൾ

**പു**തിയതുറയിൽ നിന്നുള്ള ബെനഡിക്ടയ്ക്ക് ഇപ്പോൾ പ്രായം 57. 36 വയസ്സിൽ വീടിന്റെ പടികളിറങ്ങി കടൽത്തൊഴിലാളിയായി. വിവാഹിതയും രണ്ടുകുഞ്ഞുങ്ങളുടെ അമ്മയുമായ ബെനഡിക്ടയുടെ ഭർത്താവ് ഗൾഫിലായിരുന്നു. സാധാരണ പ്രവാസി കുടുംബങ്ങൾപോലെ അവർ ഭർത്താവിന്റെ വരുമാനം മാത്രമാശ്രയിച്ച് മക്കളെ പരിപാലിച്ചു. പക്ഷേ, ഒരുനാൾ ഓർക്കാപ്പുറത്ത് അയാൾ ഗൾഫിൽ നിന്നുമടങ്ങി. പണിയൊന്നും ശരിയാകാത്തതിനെ തുടർന്ന മദ്യപാനത്തിലേക്ക് പൂർണമായും ആഴ്ന്നു. മക്കളെപ്പോറ്റാനും കടക്കെണിയിൽ നിന്ന് രക്ഷപെടാനും സുന്ദരിയും യുവതിയുമായ ബെനഡിക്ട മീൻകുട്ട ചുമലിലേറ്റി അമ്മ സിസിലിക്കൊപ്പം കച്ചവടത്തിനിറങ്ങിയതാണ്. പിന്നൊരിക്കലും തിരിഞ്ഞുനോക്കേണ്ടിവന്നിട്ടില്ല. ഇപ്പോൾ വഴയിലയിൽ വഴിയോരക്കച്ചവടം ചെയ്തുകിട്ടുന്ന സമ്പാദ്യം കടംതീർക്കാനും കുട്ടികളെ പഠിപ്പിക്കാനും പ്രയോജനപ്പെടുത്തുന്നു. മൂന്നുമക്കളിൽ രണ്ടും പെൺകുട്ടികൾ. അവരിൽ ഒരാളെ വിഴിഞ്ഞത്ത് കെട്ടിച്ചയച്ചതിൽ സ്വർണവും കല്യാണച്ചെലവുമൊക്കെയായി 10 ലക്ഷമെങ്കിലും ആയിട്ടുണ്ട്. രണ്ടാമത്തെ മകൾക്ക് സ്ത്രീധനമായും സ്വർണമായും ആറുലക്ഷം ചെലവായി. പിന്നെ കല്യാണച്ചെലവും. ഇതൊക്കെ വട്ടിപ്പലിശയ്ക്ക് കടമെടുത്താണ് നടത്തിയത്. ഇപ്പോൾ ഈ കച്ചവടംകൊണ്ട് കടമേതാണ്ട് തീർത്തു.

അമ്മ സിസിലിക്ക് 75 വയസ്സുണ്ട്. അഞ്ചുമാസംമുമ്പ് ഐസ് പ്ലാന്റിലെ ഒരുപകടത്തിൽപ്പെട്ട് മൂന്നുകൈവിരലുകൾ നഷ്ടമായതോടെ മീൻകച്ചവടം നിർത്തി. ആയമ്മ അമ്മ നാലരലക്ഷത്തിന് വസ്തുവാങ്ങി വീടുവച്ചാണ് അഞ്ചുമക്കളെ പോറ്റിയത്. രണ്ടുപെണ്ണും മൂന്നാണും. ബെനഡിക്ടയുടെ അനുജത്തി ജസ്റ്റീനയുടെ വിവാഹം കഴിഞ്ഞ് 28 വർഷമായി. ഇപ്പോൾ രണ്ടുവർഷം മുൻപ് കടബാധ്യത കാരണം അമ്മയ്ക്കും ചേച്ചിക്കുമൊക്കെ മീൻവില്പനയ്ക്ക് തിരിച്ചു. ഭർത്താവ് കടൽപ്പണിക്കാരനാണെങ്കിലും വീടിന്റെ ആവശ്യത്തിനൊന്നും പണം എത്താറില്ല. മദ്യപാനം തന്നെയാണ് ശത്രു. അമ്മയേയും സഹോദരിമാരെയും പുതിയതുറയിൽ നിന്നു വിഴിഞ്ഞത്തേക്കും പിന്നെ വഴയിലയിലേക്കും മീൻ കച്ചവടത്തിനെത്തിക്കുന്നത് വിൽഫ്രഡാണ്. ക്രിസ്തുരാജ എന്നപേരിൽ കെ. എൽ. 20 ഐ 4429 മിനിലോറിയുടെ ഡ്രൈവറാണ് വിൽഫ്രഡ്. ഒരുദിവസത്തെ യാത്രപ്പടിയായി 2000 രൂപ സഹോദരിമാർ കൊടുക്കുന്നു.

വീട്ടിൽ നിന്ന് 7 മണിക്കിറങ്ങി നാട്ടിലെ മീൻ വാങ്ങി, വീടിനുവേണ്ട അത്യാവശ്യകാര്യങ്ങൾ ഒരുക്കി വിഴിഞ്ഞത്തെത്തി മീൻ ലേലത്തിനെടുത്ത്

2.30 മണിയോടെ തിരിച്ചാൽ വൈകാതെ വഴയിലയിലെത്തും. തിരികെ പലപ്പോഴും നേരം വൈകിയാണ് മടങ്ങുക. മീനല്ലേ - ചീത്തയായാൽ പിന്നെ പണം നഷ്ടമാകും. ഓരോ ദിവസവും മീൻ കടമെടുത്ത് അടുത്തദിവസം പണം മടക്കിക്കൊടുക്കുന്ന കൃത്യതയുള്ള രൊക്കക്കച്ചവടം. ഇതിനിടയിൽ ലേലത്തിനിടയ്ക്കുള്ള പണമീടാക്കൽ പോലെ പൊല്ലാപ്പുകൾ ഉണ്ട്.

രാജമ്മ പൂന്തുറയിൽ നിന്ന് കുറവൻകോണത്ത് ജംഗ്ഷനിൽ വന്നാണ് മീൻ വിൽക്കുന്നത്. അമ്മയും സഹോദരിയും മണക്കാട് വില്പന നടത്തുന്നു. എത്രയോ സ്ത്രീകളാണ് പരമ്പരാഗത കച്ചവടരംഗത്തുള്ളത്. ഇവരെല്ലാം തിരുവനന്തപുരം തീരത്തിലെ കരുത്തുറ്റ മീൻകച്ചവടക്കാരായ പെണ്ണുങ്ങളാണ്. കടലിൽ നിന്നുമാത്രമല്ല, കടലലകളിൽ പോലും കുടുംബം ചായാതെ കാക്കുന്ന കരിങ്കൽത്തൂണുകൾ. അസംഘടിത മേഖലയിൽപ്പെടുന്ന അയ്യായിരത്തോളം മീൻ കച്ചവടക്കാരായ സ്ത്രീകൾ തിരുവനന്തപുരത്തിന്റെ തീരങ്ങളിൽ കാലാകാലങ്ങളായി പരമ്പരാഗത തൊഴിൽ മേഖലയിലെ നിത്യ സാന്നിധ്യമാണ്.

സർക്കാർ മുന്നോട്ടുവയ്ക്കുന്ന നിരവധി ക്ഷേമാശ്വാസങ്ങളുമുണ്ട്. മത്സ്യഫെഡിന്റെ പലിശരഹിത വായ്പ, കുഞ്ഞുങ്ങൾക്ക് സ്കോളർഷിപ്പും ലംപ്സംഗ്രാൻഡും, പഠനസംവരണം, പഞ്ഞമാസങ്ങളിലെ സഹായധനം, വാർധക്യപെൻഷൻ എന്നിങ്ങനെ ചെറുതെങ്കിലും ആശ്വാസകരമായ ആനുകൂല്യങ്ങൾ ഇവർക്കായി ഒരുക്കിയിട്ടുണ്ട്. എങ്കിലും ബെനഡിക്ടയും ജെസ്റ്റിനയും ഇപ്പോഴും മത്സ്യഫെഡ് അംഗത്വം നേടിയവരല്ല. ഇവർ കച്ചവടക്കാരല്ല എന്നാണത്രേ ഉദ്യോഗസ്ഥരുടെ കണ്ടെത്തൽ. യഥാർത്ഥ തൊഴിലാളിക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ തടസ്സമായിത്തീരുന്നത് പലപ്പോഴും തദ്ദേശ സ്വയംഭരണ മേഖലയിലെ ജനപ്രതിനിധികളുടെ സ്വജനപക്ഷപാതം കൊണ്ടാണെന്നുപറയാൻ ഇവർക്ക് മടിയില്ല. ഒരുദിവസം പോലും കച്ചവടം മാറ്റിവച്ച് ഇത്തരം കാര്യങ്ങൾ തെരഞ്ഞു പോകാനാവില്ല ഇവർക്ക്.

ഈ മീൻകച്ചവടത്തൊഴിലാളികളിലാരും സ്വന്തം അദ്ധ്വാനത്തെ ഇകഴ്ത്തിക്കാണുന്നില്ല. മക്കളെ കെട്ടിക്കാനും പുറനാടുകളിൽ പണിക്ക് വിടാനും വീട് പണിയാനുമെല്ലാം ചോരനീരാക്കി പണിയെടുക്കുന്ന പരമ്പരാഗതത്തൊഴിലാളികളായ ഈ സ്ത്രീകളെ 'മറ്റു തൊഴിലുകൾക്ക്' പറഞ്ഞുവിടേണ്ടതുണ്ടോ? ഈ ആദായം മറ്റുപണികളിൽ നിന്നുകിട്ടുമോ? ഇവർക്ക് ഇതല്ലെങ്കിൽ പിന്നെ എന്തുപണിയാണ്? തൊഴിലുറപ്പോ? ഗാർഹികത്തൊഴിലാളികളുടെ പണിയോ? ഇവർ കണ്ടും പരിചയിച്ചും വളർന്ന മേഖലയിലെ പണി ആത്മവിശ്വാസത്തോടെ ചെയ്യുന്നതല്ലേ ഉചിതം?

ഏത് തൊഴിൽ ചെയ്തുജീവിക്കാനും ഭരണഘടന മുന്നോട്ടുവയ്ക്കുന്ന നീതിയും അവകാശവും ഇവർക്ക് ബാധകമാണ്. ഇവരെ പാടെ തൊഴിലിൽ നിന്നു പിന്തിരിപ്പിക്കുന്ന നീക്കം ചരിത്രബോധമില്ലാത്തതാവും. ഇവരുടെ ജീവിത പരിസരം, സംസ്കാരം, തൊഴിൽക്കരുത്ത് ഇവയൊക്കെ അഭിമാനമായിക്കരുതാൻ പുതിയതലമുറയും ജനനായകരും പഠിക്കണം. ഇവരുടെ കാര്യത്തിൽ പൊതുവിൽ സമുദായവും സമൂഹവും വച്ചുപുലർത്തുന്ന അനാസ്ഥ നല്ലതല്ല. 1981 കാലത്ത് യാത്രചെയ്യാനുള്ള വാഹനത്തിനായി ഇവർ നടത്തിയ സമരത്താലാണ് മീൻകച്ചവടക്കാർക്കായി പ്രത്യേകം വാഹനങ്ങൾ നിരത്തിലിറക്കിയത്. ഇവരുടെ കച്ചവടത്തിനനുകൂലമായ സൗകര്യങ്ങൾ തയ്യാറാക്കുകയാണ് വേണ്ടത്. ചന്തകളിലും വഴിയോരങ്ങളിലും ഈ അസംഘടിതവർഗം നേരിടുന്ന ചൂഷണങ്ങളും ഭീഷണികളും ഇന്നും യാഥാർത്ഥ്യം തന്നെയാണ്. കടലോരങ്ങളിലേക്ക് മീൻകച്ചവടം കേന്ദ്രീകരിക്കുന്ന കേരളത്തിലെ വടക്കൻ മേഖലകളിലെ ശൈലി വന്നെത്തുമ്പോൾ ഈ അമ്മമാരൊക്കെ പണിയില്ലാത്തവരാകുമോ? ആലോചിക്കേണ്ടതുണ്ട്. കുടുംബത്തിനായി അദ്ധ്വാനിക്കുന്ന ഈ പെൺകരുത്തിനെ അനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ഇവരുടെ തൊഴിൽഭാരത്തിന് ഒട്ടൊരാശ്വാസം പകരുകയും ചെയ്യുക. ഇവർ വീടുകളുടെ പിന്നാമ്പുറങ്ങൾ നിരങ്ങുന്ന അപമാനിത തൊഴിലാളികളാകേണ്ട. ഇവർക്കുള്ള കച്ചവടസ്ഥലങ്ങൾ സൗകര്യപ്പെടുത്തിക്കൊടുക്കാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല.

തൊഴിൽ ചെയ്യാതെ 'സംരക്ഷിതരായി' വീടുകളിൽ കഴിയുന്ന ആയിരമായിരം സഹോദരിമാർ 24 മണിക്കൂറും ടിവിക്കുമുന്നിലിരിക്കുന്നതിൽ നമുക്കിന്നും ആശങ്കയില്ല, അപമാനമില്ല. സ്വാതന്ത്ര്യം എന്നത് വ്യക്തിയുടെ വളർച്ചയാണെന്നും സുരക്ഷിതമല്ലെന്നും ഇനിയെന്നാണ് നാം തിരിച്ചറിയുക.

നവംബർ 21 ന് കടൽത്തൊഴിലാളികളുടെ ദിവസം വീണ്ടുമെത്തുമ്പോൾ കടൽപ്പണിക്കാരോടൊപ്പം ഈ മീൻകച്ചവടക്കാരേയും ചേർത്തു കാണാനും ഇവരുടെ സുസ്ഥിതിക്ക് പദ്ധതികൾ തയ്യാറാക്കി അവ പ്രാവർത്തികമാക്കാനും ഒപ്പം ഈ കടലോരഗ്രാമങ്ങളെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്ത്രീധനക്കടക്കെണിയുടെയും നീരാളിപ്പിടുത്തത്തിൽ നിന്ന് മോചിപ്പിക്കാനുമുള്ള ശ്രമങ്ങൾ ആരംഭിക്കണം. അവർക്കൊപ്പം എന്ന ചിന്ത ഇത്തരം പ്രവർത്തനങ്ങളുടെ പ്രായോഗിക വിജയം സാധ്യമാക്കും. ■



ലേഖനം

അഡ്വ. എം.എ. ഫ്രാൻസിസ്

# സമുദായദിനാചരണം: സമുദായ മുന്നേറ്റത്തിന്

**ഡിസംബർ 3, ലത്തീൻ കത്തോലിക്ക സമുദായ ദിനം. "സമുദായത്തിന് സമനീതി – അധികാരത്തിൽ പങ്കാളിത്തം" എന്ന ആപ്തവാക്യമാണ് ഈ വർഷത്തെ സമുദായദിനാചരണ മുദ്രാവാക്യം.**

**2017** ഡിസംബർ മാസത്തിലെ ആദ്യ ഞായറാഴ്ചയായ 3-ാം തീയതി ലത്തീൻ കത്തോലിക്ക സമുദായദിനമായി നാം ആചരിക്കുകയാണ്. "സമുദായത്തിന് സമനീതി - അധികാരത്തിൽ പങ്കാളിത്തം" എന്ന ആപ്തവാക്യമാണ് ഈ വർഷത്തെ സമുദായദിനാചരണത്തിനായി കെഎൽസിഎ സംസ്ഥാന സമിതി നിശ്ചയിച്ചുനൽകിയിട്ടുള്ളത്.

ഇതര സമുദായങ്ങൾക്ക് ഒപ്പം തന്നെ എല്ലാ മേഖലകളിലും നീതിപൂർവ്വമായ ഒരു സമീപനവും പ്രാതിനിധ്യവും ലത്തീൻ സമുദായത്തിനും ഉറപ്പാക്കുക അതോടൊപ്പം തന്നെ അധികാരത്തിന്റെ സമസ്ത തട്ടുകളിലും അർഹമായ പങ്കാളിത്തം സമുദായത്തിന് ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളുടെ യഥാർത്ഥ്യവൽക്കരണമാണ് ഈ സമുദായദിനാചരണത്തിലൂടെ പ്രാപ്യമാകേണ്ടത്.

നൂറ്റാണ്ടുകളായി തുടർന്നുപോരുന്ന അവകാശനിഷേധം മൂലം ഇതര സമുദായങ്ങൾക്കൊപ്പം പുരോഗതി കൈവരിക്കാൻ ലത്തീൻ സമുദായത്തിന് കഴിഞ്ഞിട്ടില്ല. ചാതുർവർണ്യവ്യവസ്ഥിതിയിൽ ജാതിയുടെ പേരിൽ തൊട്ടുകൂടായ്മയും തീണ്ടലും നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ ഈ അതിർവരമ്പുകൾക്കപ്പുറത്ത് മനുഷ്യനെ മനുഷ്യനായി കാണാനും സാമൂഹിക നീതി എല്ലാവിഭാഗം ജനങ്ങൾക്കും ഒരുപോലെ ലഭ്യമാക്കുവാനായി ദൈവവചനം പ്രഘോഷിച്ച മിഷണറിമാരുടെ പ്രവർത്തനങ്ങളിൽ അകൃഷ്ടരായി ഒട്ടേറെ വംശീയ വിഭാഗങ്ങളിൽ നിന്നുള്ള ജനസഹസ്രങ്ങൾ ക്രൈസ്തവ വിശ്വാസം സ്വീകരിച്ച് ലത്തീൻ സഭയിൽ അഭയം പ്രാപിച്ചു. അതുകൊണ്ടുതന്നെ കേരളത്തിൽ മറ്റൊരു സമുദായത്തിനും അവകാശപ്പെടാനാകാത്ത സവിശേഷമായ ഒരു ഉൾഘടക സാംസ്കാരിക വൈവിധ്യം ലത്തീൻ കത്തോലിക്ക പൈതൃകത്തിന്റെ ഭാഗമായുണ്ട്.

സമൂഹത്തിൽ അകറ്റിനിർത്തപ്പെട്ടിരുന്ന നിർധനരായ ജനവിഭാഗങ്ങളെ പൂർണ്ണമായി ഉൾക്കൊണ്ട ഒരു സമുദായമെന്ന നിലക്ക് അതിന്റെ മുഖ്യധാരയിലേക്കുള്ള വളർച്ച മറ്റുസമുദായങ്ങളെ അപേക്ഷിച്ച് ശ്രമകരമാണ് എന്ന വസ്തുത നാം അംഗീകരിച്ചേ മതിയാകൂ.

ഈ പശ്ചാത്തലത്തിലാണ് സമുദായദിനാചരണത്തിന്റെ പ്രാധാന്യം നാം ഉൾക്കൊള്ളേണ്ടത്. സമുദായത്തിന് അർഹമായ നീതിയും അധികാരത്തിൽ പങ്കാളിത്തവും നേടിയെടുക്കണമെങ്കിൽ അതിലൂന്നിയ ഒരുപ്രവർത്തനശൈലിക്ക് രൂപം നൽകേണ്ടിയിരിക്കുന്നു.

നൂറ്റാണ്ടുകളായി പിന്നാക്കാവസ്ഥയിൽ കഴിയുന്ന ഒരു സമുദായത്തിന്റെ സമഗ്രവളർച്ച പ്രാപ്യമാകണമെങ്കിൽ ആദ്യം വേണ്ടത് യോഗ്യരായവരെ വളർത്തുന്നതിനാവശ്യമായ വിദ്യാഭ്യാസവും പരിശീലനവും നൽകുക എന്നതുതന്നെയാണ്.

20 ലക്ഷത്തോളം വരുന്ന കേരളത്തിലെ ലത്തീൻ കത്തോലിക്ക ജനവിഭാഗത്തിന് അർഹമായ 4370 തസ്തികകൾ സർക്കാരിന്റെ വിവിധ വകുപ്പുകളിലായി നിയമനത്തിന് യോഗ്യതയുള്ളവർ ഇല്ലാത്തതുമൂലം നഷ്ടമായി എന്ന നരേന്ദ്രൻ കമ്മീഷന്റെ കണ്ടെത്തലിന് പരിഹാരം കാണുവാൻ ഇന്നും ഈ സമുദായത്തിന് കഴിഞ്ഞിട്ടില്ല. പിഎസ്സി വഴിയുള്ള നിയമനത്തിന് യോഗ്യതയുള്ളവരുടെ അഭാവംമൂലം ലത്തീൻ കത്തോലിക്കർക്കായി നീക്കിവച്ചിട്ടുള്ള നിരവധി തസ്തികൾ ഇന്നും ഒഴിഞ്ഞുക്കിടക്കുന്നു.

സഹകരണ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ പൊതുവെ ഈ സമുദായം താല്പര്യമെടുക്കുന്നില്ല എന്ന വസ്തുതയും നാം വിസ്മരിച്ചുകൂട. അതുപോലെ തന്നെയാണ് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുൻസിപ്പൽ കോർപ്പറേഷൻ തുടങ്ങിയ പ്രാദേശീക ഭരണ സമിതികളിലും ഭരണ സംവിധാനത്തിലെ പ്രധാനഘടകങ്ങളായ നിയമനിർമ്മാണം (ലെജിസ്ലേച്ചർ), നിയമനിർവ്വഹണം (എക്സിക്യൂട്ടീവ്), നീതിന്യായം (ജുഡീഷറി), വാർത്താവിനിമയം (മീഡിയ) എന്നീ മേഖലകളിലും സമുദായത്തിന്റെ പങ്കാളിത്തം വർധിപ്പിക്കാൻ കഴിയണം.

കേരളത്തിലെ ലത്തീൻ സഭയുടെയും സമുദായത്തിന്റെയും പുരോഗതി സഭാമക്കളായ നാം ഓരോരുത്തരേയും ആശ്രയിച്ചാണിരിക്കുന്നത്. സഭാമക്കളിൽ അവബോധം ഉണർത്തി അവരെ അതിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് 2002 ൽ കെആർഎൽസിസിക്ക് രൂപം നൽകിയത്. 15 വർഷങ്ങൾ പിന്നിടുമ്പോഴും നാം കൈവരിക്കേണ്ട ലക്ഷ്യത്തിൽ നിന്നും ഏറെ പിന്നിലാണ് എന്നതാണ് വസ്തുത. കേരളത്തിലെ 12 ലത്തീൻ രൂപതകളിലെ പിതാക്കന്മാരും വൈദികരും

സന്ന്യസ്തരും അൽമായരും ഒന്നുചേർന്ന് പ്രവർത്തിച്ചാൽ നാം ലക്ഷ്യംവയ്ക്കുന്ന പുരോഗതി കൈവരിക്കാനാകും എന്ന കാര്യത്തിൽ തർക്കമില്ല. മത്സ്യത്തൊഴിലാളികൾ, ദളിതർ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, കയർ തൊഴിലാളികൾ, ആംഗ്ലോ ഇന്ത്യൻസ് തുടങ്ങിയവർ ഉൾപ്പെട്ട ലത്തീൻ സമുദായത്തിലെ എല്ലാവർക്കും അർഹമായ നീതി ലഭ്യമാക്കാൻ നമുക്ക് കഴിയണം.

സമുദായാംഗങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളായ കുടിവെള്ളം, കക്കൂസ്, വാസയോഗ്യമായ ഭവനം, ഭൂമിക്ക് പട്ടയം, ആരോഗ്യസുരക്ഷ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നതിന് സമുദായാംഗങ്ങളുടെ കൂട്ടായ ശക്തി ഉണർന്നു പ്രവർത്തിക്കണം.

മത്സ്യമേഖലയിൽ പണിയെടുക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കാനാകണം. സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെ അസംഘടിത മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ മത്സ്യത്തൊഴിലാളികളെയും സംഘടിത മേഖലയിൽ ഒന്നിപ്പിക്കാനാകണം. പിടിക്കുന്ന മത്സ്യങ്ങൾ കേടാകാതെ ശീതീകരിച്ച് സൂക്ഷിക്കുന്നതിന് സ്റ്റോറേജ് സംവിധാനങ്ങളും അവ സംസ്കരിച്ച് പായ്ക്കറ്റുകളിലും ടിന്നുകളിലുമാക്കി ഉപഭോക്താവിന് വിപണികളിൽ ലഭ്യമാക്കുന്നതിനുള്ള സംരംഭങ്ങൾ സഹകരണമേഖലയിൽ ആരംഭിക്കുന്നതിന് ആവശ്യമായ എല്ലാ സഹായങ്ങളും നൽകാൻ കഴിയും. അതിലൂടെ തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനാകും.

നമ്മുടെ കഴിവുകളും കരുത്തും നാം തന്നെ തിരിച്ചറിഞ്ഞുകൊണ്ട് അവ ഉപയോഗപ്പെടുത്തി കൂട്ടായ്മയിലൂടെ പ്രവർത്തിച്ച് സമുദായത്തിന് അർഹമായ നീതിയും അധികാരത്തിൽ അർഹമായ പങ്കാളിത്തവും നേടിയെടുത്ത്, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിച്ചേരുന്നതിനും, അതിലൂടെ ഭാവിതലമുറയ്ക്ക് കരുത്തേകുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾക്ക് ഊർജ്ജമേകാൻ ഈ സമുദായദിനാചരണം നമുക്ക് പ്രചോദനമാകണം. ■

# വാർത്തകൾ



*വലിയതുറ സെന്റ് സേവ്യേഴ്സ് ഇടവകയിൽ അതിരൂപതാ ബിസിസി കമ്മിഷന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഹോം മിഷന് തുടക്കം കുറിച്ചുകൊണ്ട് ബിഷപ്പ് ആർ.ക്രിസ്തുദാസ് ഹോം മിഷൻ ടീം അംഗങ്ങൾക്കും ഇടവക ജനങ്ങൾക്കും പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.*

## ദിവ്യകാരുണ്യ യേശുവുമായുള്ള വ്യക്തിബന്ധം ദൃഢമാക്കുക: ബിഷപ്പ് ക്രിസ്തുദാസ് ആർ

തിരുവനന്തപുരം: ദിവ്യബലിയിലുള്ള സജീവ ഭാഗഭാഗിത്വം യേശുവുമായുള്ള വ്യക്തിബന്ധം കൂടുതൽ ദൃഢമാക്കാൻ നമ്മെ സഹായിക്കുമെന്നും. നമ്മോടൊപ്പം നിരന്തരം വസിക്കുവാൻ വേണ്ടിയാണ് യേശു ദിവ്യകാരുണ്യമായി മാറിയതെന്നും ദിവ്യബലിയിലെ നമ്മുടെ പങ്കാളിത്തം ഒരു അനുഭവമായി മാറണമെന്നും സഹായമെത്രാൻ റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് പറഞ്ഞു. അതിരൂപത അജപാലന ശുശ്രൂഷയുടെ നേതൃത്വത്തിൽ ദിവ്യബലി മധ്യേ ദിവ്യകാരുണ്യം നൽകാൻ നിയോഗിക്കപ്പെട്ട സന്യസ്തർക്കായി സംഘടിപ്പിച്ച പരിശീലന ക്ലാസ് ഉത്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. ക്രിസ്തു എന്ന വ്യക്തിയെ പരിചയപ്പെടുവാനും അനുഭവിക്കുവാനും ഓരോ ദിവ്യബലിയും നമ്മെ പ്രാപ്തരാക്കുന്നുണ്ടോ എന്ന് നാം ഓരോരുത്തരും ആത്മപരിശോദന നടത്തണം എന്നും, പാവനതയും പരിശുദ്ധിയും എടുത്തുകാട്ടുന്ന വിധത്തിലായിരിക്കണം ബലിയർപ്പിക്കപ്പെടേണ്ടതും പങ്കുചേരേണ്ടതും എന്നും ബിഷപ്പ് പറഞ്ഞു.

"തിരുക്കർമ്മ സംഗീതം: സവിശേഷതകളും അടിസ്ഥാന പ്രമാണങ്ങളും" എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. ലോറൻസ് കുലാസ് ക്ലാസെടുത്തു. "ദിവ്യബലിയിലെ സജീവപങ്കാളിത്തം" എന്ന വിഷയം ആസ്പതമാക്കി ഫാ. ജോസ് ഫ്രാങ്ക്ളിൻ ക്ലാസെടുത്തു. സംഗീത ദിവ്യപൂജാക്രമ പരിശീലനം ഫാ. ആന്റോ ഡിക്സന്റെ നേതൃത്വത്തിൽ നടത്തി.



ഗാന്ധി ജയന്തി ദിനത്തിൽ ടിഎസ്എസ്എസിന്റെ നേതൃത്വത്തിൽ നടത്തിയ പാറ്റൂർ സെന്റ്. പീറ്റേഴ്സ് പള്ളി ശുചീകരണ പ്രവർത്തനം വിൻസെന്റ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

## അഞ്ജുവിന് മൂന്നാം റാങ്ക്



ബിടെക് സിവിൽ എൻജിനീയറിംഗിൽ (കേരള സർവകലാശാല) മൂന്നാം റാങ്ക് നേടിയ അഞ്ജു അന്ന എസ്.ജെ (ബാർട്ടൺഹിൽ ഗവ. എൻജിനീയറിംഗ് കോളേജ്). തുമ്പ സെന്റ് സേവ്യേഴ്സ് കോളേജ് അസോ. പ്രൊഫ. ഡോ. ജസ്റ്റസിന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സീനിയർ എൻവയൺമെന്റ് എൻജിനീയർ ഡോ. ഷീല എ.എമ്മിന്റെയും മകളും തൈക്കാട് ഇടവകാംഗവുമാണ്.



*കെസിവൈഎം പേട്ട ഫെറോന കലോത്സവത്തിൽ ഓവറോൾ കിരീടം നേടിയ വികാസ് നഗർ ഇടവക കെസിവൈഎം പ്രവർത്തകരുടെ ആഹ്ലാദപ്രകടനം*

## ലോഗോസ് ക്വിസ് വിജയികൾ

തിരുവനന്തപുരം അതിരൂപത അജപാലന ശുശ്രൂഷാ സമിതി നടത്തിയ ലോഗോസ് ബൈബിൾ ക്വിസ് മത്സരത്തിൽ വിജയികളായവർ ഗ്രൂപ്പ് അടിസ്ഥാനത്തിൽ



**ആൻ നിതാ ബാബു**
പൂന്തുറ



**ജോജി ജെ.**
അടിമലത്തുറ



**സജിത സ്റ്റാൻലി**
വിഴിഞ്ഞം



**റീജ സി.**
പൂഴിക്കുന്ന്



**ലീലാമ്മ മാത്യു**
ചെറുവയ്ക്കൽ



**പ്രേമ അലക്സാണ്ടർ**
തൈക്കാട്

## ലോഗോസ് ക്വിസ് ആപ്പ് വിജയികൾ



**ജിജോ**
കാഞ്ഞിരംപാറ



**ശാലിനി**
കാഞ്ഞിരംപാറ



**സംഗീത ജെ.**
കാഞ്ഞിരംപാറ



*ഡിസിഎംഎസ് തിരുവനന്തപുരം അതിരൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ ദളിത് വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് വിതരണോദ്ഘാടനം നിർവ്വഹിച്ച് ഫാ. ഗ്ലാഡിൻ അലക്സ് പ്രസംഗിക്കുന്നു.*

## ത്രിഭാഷാ ജ്ഞാന പരിപോഷണ പരിപാടി

തിരുവനന്തപുരം: അതിരൂപതയിലെ ഇടവകകളിൽ വിദ്യാഭ്യാസ ശുശ്രൂഷയും ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന കമ്മീഷനും സംയുക്തമായി നടത്തിവരുന്ന ത്രിഭാഷാ ജ്ഞാന പരിപോഷണ പരിപാടിയുടെ എഴുത്തുപരീക്ഷ നവം.26 ന് അതാത് ഇടവകകളിൽ നടത്തുന്നു. 5,7, 8 എന്നീ ക്ലാസുകളിൽ ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനത്തിന് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കുട്ടികൾക്കും ഈ പരീക്ഷയിൽ പങ്കെടുക്കാം. പരീക്ഷ എഴുതുന്ന കുട്ടികൾ ഇടവകകളിൽ നവംബർ 5 നുമുൻപ് പേര് രജിസ്റ്റർ ചെയ്യുക.

### അറിയിപ്പ്

സ്ഥലപരിമിതിമൂലം ഏതാനും സ്ഥിരംപംക്തികളും വാർത്തകളും ചേർക്കാൻ കഴിയാത്തതിൽ ഖേദിക്കുന്നു.

2017 ഡിസംബർ ലക്കം ജീവനും വെളിച്ചവും സ്പെഷ്യൽ പതിപ്പായി പുറത്തിറക്കുന്നു. ആയതിലേക്ക് ലേഖനങ്ങൾ, കഥകൾ, കവിതകൾ എന്നിവ ക്ഷണിക്കുന്നു.

നവംബർ മാസത്തെ ബിസിസി യോഗങ്ങളിൽ ഉപയോഗിക്കാനുള്ള വചനജ്വാല ഈ ലക്കത്തിൽ ചേർത്തിരിക്കുന്നു. മിഷൻ കോൺഗ്രസ്- ബിസിസി കൺവെഷന്റെ പഞ്ചാത്തലത്തിൽ ഈ ലക്കത്തിൽ ചേർത്തിട്ടുള്ള വചനജ്വാലയാണ് യോഗങ്ങളിൽ ഉപയോഗിക്കേണ്ടത്.

– പത്രാധിപർ

# അജപാലനം

ഫാ. ലോറൻസ് കൂലാസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ



# സ്തോത്രയാഗകർമ്മത്തിലെ ചില വ്യതിചലനങ്ങൾ

സെപ്റ്റംബർ 2017 ലക്കത്തിൽ സൂചിപ്പിച്ച ദിവ്യബലി ആഘോഷത്തിലെ ചില വ്യതിചലനങ്ങളുടെ തുടർച്ചയാണിത്. കാഴ്ചവയ്പ്പോടെ ആരംഭിച്ച് ദിവ്യഭോജനാനന്തരപ്രാർഥനയോടെ അവസാനിക്കുന്ന സ്തോത്രയാഗകർമ്മത്തിലെ ചില അപഭ്രംശങ്ങൾ സൂചിപ്പിക്കട്ടെ!

## സ്തോത്രകാഴ്ച

കാഴ്ചവയ്പ്പ് സമയത്ത് വിശ്വാസികളിൽ നിന്നും സ്തോത്രകാഴ്ച സ്വീകരിക്കുന്ന പതിവ് ഉണ്ട്. റോമൻ മിസ്സാളിന്റെ പൊതു നിർദ്ദേശം ഇപ്രകാരം പറയുന്നു: "ദൈവാലയനടത്തിപ്പിനും നിർധനർക്കുവേണ്ടിയും വിശ്വാസികൾ സമർപ്പിക്കുന്നതോ ദൈവാലയത്തിൽ ശേഖരിക്കുന്നതോ ആയ പണവും മറ്റു കാഴ്ച വസ്തുക്കളും സമർപ്പിക്കുന്നതിനുള്ള സമയം കൂടിയാണിത്" (GIRM 73). സ്ത്രോത്രകാഴ്ച സ്വീകരണം ചില സ്ഥലങ്ങളിൽ വിശ്വാസപ്രമാണം ചൊല്ലുന്ന സമയത്ത് ആരംഭിച്ച് ദിവ്യകാരുണ്യം നല്കുന്ന സമയത്ത് അവസാനിക്കുന്ന രീതികാണുന്നുണ്ട്. സ്തോത്രകാഴ്ച അർഥവത്താകുന്നത് വിശ്വാസികളുടെ പ്രാർഥനക്കുശേഷം എല്ലാവരും ഇരിക്കുമ്പോൾ ആരംഭിച്ച് കാഴ്ചവയ്ക്കുന്ന അപ്പവും വീഞ്ഞിനുമോടൊപ്പം അൾത്താരയിൽ സമർപ്പിക്കപ്പെടുമ്പോഴാണ്. ജനബാഹുല്യമുള്ള സാഹചര്യത്തിൽ കൂടുതൽ ആളുകളെ സ്തോത്രകാഴ്ച ശേഖരിക്കാൻ നിയോഗിക്കുന്നതാണ് ഉചിതം.


## കാഴ്ചവയ്പ്

ദിവ്യബലിയിൽ കാഴ്ചയായി സമർപ്പിക്കേണ്ടത് അപ്പവും വീഞ്ഞുമാണ്. എങ്കിലും "വിശ്വാസികൾ തങ്ങളുടെ ഭാഗഭാഗിത്വം കാഴ്ചവസ്തുവിലൂടെ പ്രകടമാക്കാൻ ദിവ്യപൂജാഘോഷത്തിനുള്ള അപ്പവും വീഞ്ഞിനുമൊടൊപ്പം ദൈവാലയത്തിന്റെയും പാവങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റാനുള്ള മറ്റു കാഴ്ച വസ്തുക്കളും കൊണ്ടു വരുന്നത് അഭിലഷണീയമാണ്" (റോമൻ മിസ്സാൾ പേജ് 485). ഇവിടെ 'പണം' നല്കുന്നതിനെക്കുറിച്ച് പറയുന്നില്ല. കാരണം പണം സ്തോത്രകാഴ്ചയിൽ ജനങ്ങൾ നിക്ഷേപിച്ചുകഴിഞ്ഞു. പക്ഷെ, ഇന്ന് പൊതുവേ കാഴ്ചവയ്പ് നൂറും അതിൽ കൂടുതലും ആളുകൾക്ക് കവറിൽ പണവുമായി നിരനിരയായി വരുന്നതിനും ഇടവക തിരുനാൾ അവസരങ്ങളിൽ ദിവ്യബലിക്ക് ക്രമീകരണങ്ങൾ നടത്തുന്ന യൂണിറ്റുകൾ / വാർഡുകൾ തമ്മിലുള്ള മത്സരത്തിനും, യൂണിറ്റിൽ/ വാർഡിൽ ഉള്ളവർ ഒരു പോലെ വസ്ത്രം ധരിച്ച് ബാഹ്യമായ ഒരു പ്രകടനത്തിനുമുള്ള അവസരമായി മാറിയിരിക്കുന്നു. ഞായറാഴ്ച മാത്രമല്ല, ആഘോഷപൂർവ്വമായ എല്ലാ ദിവ്യബലി സമയത്തും സ്തോത്രകാഴ്ച സ്വീകരിക്കാം. ആ സമയത്താണ് പണം നിക്ഷേപിക്കേണ്ടത്. കാഴ്ചവയ്പ്പ് സമയത്ത് ദിവ്യപൂജാക്രമം അനുശാസിക്കുന്നതുപോലെ അപ്പവും വീഞ്ഞിനുമോടൊപ്പം ദൈവാലയത്തിന്റെയും പാവങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റാനുള്ള മറ്റു കാഴ്ചവസ്തുക്കളാണ് കൊണ്ടു വരേണ്ടത്. ഈ അവസരത്തിൽ കേരള ലത്തീൻ മെത്രാൻ സമിതി നിർദ്ദേശിക്കുന്നതുപോലെ "കാഴ്ചയർപ്പകരുടെ ക്രമാതീതമായ എണ്ണം കുറയ്ക്കേണ്ടതാണ്" (കെ.ആർ.എൽ.സി.സി. ആരാധനക്രമമാർഗ്ഗരേഖ, നമ്പ. 28).

## പവിത്രീകരണകർമ്മം


സ്തോത്രയാഗകർമ്മത്തിൽ അതിപ്രധാനമായതാണ് പരിശുദ്ധൻ പാടികഴിഞ്ഞ് മുട്ടുകുത്തിയതിന് ശേഷമുള്ള പവിത്രീകരണകർമ്മം. ഈ ഭാഗത്ത് വൈദീകൻ "കൂദാശവചനങ്ങൾ ചൊല്ലുമ്പോഴും അതിനുശേഷം തിരുശരീരവും തിരുരക്തവും ഉയർത്തുമ്പോഴും തുടർന്ന് കുമ്പിട്ടുവണങ്ങുമ്പോഴും വാദ്യോപകരണങ്ങൾ ഉപയോഗിക്കുകയോ മറ്റു പ്രാർത്ഥനകൾ ചൊല്ലുകയോ ഗീതങ്ങൾ ആലപിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്" (കെ.ആർ.എൽ.സി.സി. മാർഗ്ഗരേഖ, നമ്പ. 80). എങ്കിലും ഇന്നും പലയിടങ്ങളിലും സംഗീതഉപകരണങ്ങൾ ഉപയോഗിക്കുന്നതും ഗീതങ്ങൾ ആലപിക്കുന്നതും പ്രാർഥനകൾ ഉരുവിടുന്നതും ഈ സമയത്ത് ഉണ്ടാകുന്നു. ഈപ്രവണത ഒഴിവാക്കപ്പെടേണ്ടതാണ്.

*(തുടരും)*



## അല്മായ വേദി

ആർക്കാഞ്ചലോ.എം
അല്മായ ശുശ്രൂഷാ ഡയറക്ടർ



# അല്മായ പങ്കാളിത്തം

വല്ലാർപാടത്ത് നടന്ന മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷന്റെ ആപ്തവാക്യം 'പങ്കാളിത്ത സഭ സുവിശേഷപ്രഘോഷണത്തിനും സാക്ഷ്യത്തിനും' എന്നതായിരുന്നു.

പങ്കാളിത്തമെന്നാൽ അല്മായ പങ്കാളിത്തം എന്നു തന്നെയാണ് വിവക്ഷിക്കുന്നത്. അല്മായരുടെ സജീവമായ പങ്കാളിത്തം കൊണ്ട് സമ്പന്നമായിരുന്നു കൺവെൻഷൻ. എന്നാൽ,താത്വികമായിട്ടുള്ള പ്രചോദനങ്ങളും പ്രഘോഷണങ്ങളും എത്രമാത്രം യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്നു എന്നതാണ് പ്രാധാന്യം. ആഗോളസഭയിലെപ്പോലെ തന്നെ കേരള സഭയിലും അല്മായ വിജ്ഞാന ശാഖയ്ക്ക് ഒരു നൂറ്റാണ്ടിൽ കവിഞ്ഞ ചരിത്രമില്ല. ഇന്നും അല്മായർ എന്ന പദത്തിന്റെ അർത്ഥം എന്തെന്നു പറഞ്ഞുപഠിപ്പിക്കേണ്ട പ്രാരംഭദശയിലാണ് നാം നിൽക്കുന്നതെന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. വത്തിക്കാൻ പ്രമാണരേഖകളും ചാക്രിക ലേഖനങ്ങളും അപ്പോസ്തലിക പ്രബോധനങ്ങളും കാനൻ നിയമങ്ങളും ഉദ്ധരിച്ച് അല്മായരെപ്പറ്റി ധാരാളം പറയാനും എഴുതാനും ഉണ്ടാവും. എന്നാൽ പ്രായോഗിക തലത്തിൽ അല്മായർ എവിടെയാണ് ?

പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സംഘടനാപരമായ പരിമിതികളിൽ ഒതുങ്ങുന്നതല്ല. പ്രമാണരേഖകളും നിയമങ്ങളും പ്രബോധനങ്ങളും സമ്പന്നമായതോടെ അല്മായരുടെ ആന്തരീക ചൈതന്യം സമ്പുഷ്ടമാക്കപ്പെട്ടു. സ്ഥലകാലസാഹചര്യങ്ങളിലൂടെ ഈ സമീപനങ്ങൾ പുഷ്ടിപ്പെട്ടേ തീരൂ. ഇപ്പോഴുള്ള ഈ അവബോധം ഒരു നൂറ്റാണ്ട് മുൻപ് നൽകിയിരുന്നെങ്കിൽ അല്മായരുടെ വളർച്ച ഈ മലയാളക്കരയിൽ എത്ര മെച്ചമാകുമായിരുന്നു.കഴിഞ്ഞ കാലത്തെപ്പറ്റി ആകുലപ്പെട്ടിട്ട് കാര്യമില്ല. ഓർമ്മകളുണ്ടായിരിക്കണം എന്നുമാത്രം . കാരണം, ചരിത്രത്തിൽ നിന്ന് പാഠം പഠിച്ചാണ് ഏത് പുരോഗമന പ്രസ്ഥാനങ്ങളും മുന്നോട്ട് പോയിട്ടുള്ളത്.

അജപാലന രംഗത്ത് വളരെയേറെ മികവ് കാഴ്ചവെച്ചിട്ടുള്ള കേരള ലത്തീൻ സഭയ്ക്ക് അല്മായ പ്രേഷിത രംഗത്ത് മാന്ദ്യം സംഭവിച്ചുവോ എന്ന് വിലയിരുത്തപ്പെടേണ്ടത് കാലത്തിന്റെ നിയോഗമാണ്. സുസജ്ജമായ ഒരു ഘടന നമുക്ക് ബി.സി.സി. മുതൽ രൂപതവരെയുണ്ട്. ബി.സി.സി കളിൽ 9 നേതാക്കളെയാണ് തിരഞ്ഞെടുക്കുന്നത് . ഈ 9 നേതാക്കളെ മാത്രം ലഭിച്ചാൽ തന്നെ കേരള സഭയിൽ ഒരു ലക്ഷത്തിലധികം അല്മായ നേതാക്കളുണ്ട്. ഈ നേതാക്കളുടെ പ്രവർത്തന മേഖല എവിടെയാണ് ? പ്രാഥമിക തലം ബി.സി.സി. തന്നെയാണ്. അല്മായ ശാക്തീകരണ പ്രവർത്തനങ്ങൾ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിൽ നിന്ന് തന്നെയാണ് ആരംഭിക്കേണ്ടത്.



അടിസ്ഥാന ക്രൈസ്തവ സമൂഹം

ഫാ. മൈക്കിൾ തോമസ്
ബിസിസി എക്സി. സെക്രട്ടറി

# മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷൻ തുടർപ്രവർത്തനങ്ങൾ

കേരള ലത്തീൻ സഭാചരിത്രത്തിലെ അവിസ്മരണീയമായൊരു സംഭവമാണ് മൂന്ന് വർഷത്തെ നീണ്ട ഒരുക്കത്തെ തുടർന്ന് ഒക്ടോബർ 6, 7, 8 തീയതികളിൽ വല്ലാർപാടത്തുവച്ച് നടന്ന മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷൻ. ഈ മഹാസംഭവത്തിലൂടെ ലക്ഷ്യം വച്ച കാര്യങ്ങൾ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും ബി.സി.സി. യൂണിറ്റുകളിലും തുടർന്നും സമയബന്ധിതമായി കൂട്ടുത്തരവാദിത്തത്തോടെ നടപ്പിലാക്കുക എന്നതാണ് നമ്മുടെ മുന്നിലെ പ്രധാന യജ്ഞം.

## പ്രേഷിത കുരിശിന്റെ പ്രയാണം

വല്ലാർപാടത്തു നിന്നും ആശീർവദിച്ചു നൽകിയ പ്രേഷിത കുരിശിനെ പ്രതീകാത്മകമായി കണ്ടുകൊണ്ട് ഇടവക യൂണിറ്റുതലങ്ങളിൽ ശുശ്രൂഷാതല പ്രവർത്തനങ്ങൾക്കും ശിഷ്യത്വ രൂപീകരണ പരിശീലന പരിപാടികൾക്കും പ്രാധാന്യം നല്കി അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളെ ശക്തിപ്പെടുത്തുവാനുതകുന്ന താഴെപ്പറയുന്ന കർമ്മപരിപാടികൾ ക്രമീകരിക്കാമെന്ന് നിർദ്ദേശിക്കപ്പെട്ടു.

1. 2017 നവംബർ 4-ാം തീയതി ശനിയാഴ്ച വെള്ളയമ്പലം പാരിഷ് ഹാളിൽ വച്ച് അതിരൂപതാ പ്രതിനിധികളുടെ കൂടിവരവും തുടർ പ്രവർത്തന സാധ്യതാപഠനവും
2. അതിരൂപതാ - ഫെറോനാ - ഇടവകതലത്തിൽ പ്രേഷിത കുരിശിന് വരവേല്പ്പും ബി.സി.സി. ജനറൽ ബോഡിയുടെ കൂടിവരവും പരിശീലനക്കളരിയും.
3. ഫെറോനയിൽ നിന്നും പങ്കെടുത്ത പ്രതിനിധികളുടെ കൂടിവരവും അനുഭവം പങ്കുവയ്ക്കലും.
4. കുരിശിന്റെ ആദ്ധ്യാത്മികതക്ക് ഊന്നൽ നൽകികൊണ്ട് നമ്മുടെ അടിസ്ഥാന ക്രൈസ്തവസമൂഹങ്ങളെ അതിലെ അംഗങ്ങൾ നേരിടുന്ന ആത്മീയവും ഭൗതികവുമായ പ്രശ്നങ്ങൾക്ക് ഉത്തരം നൽകുവാൻ തക്കരീതിയിൽ ജീവിതബന്ധിയാക്കി മാറ്റുക.
5. അതിനായ് ഇടവക/വാർഡ്/യൂണിറ്റുകൾ നേരിടുന്ന വെല്ലുവിളികളെ കൃത്യമായും വ്യക്തമായും മനസിലാക്കി ശുശ്രൂഷാസമിതികളിലൂടെ ഉത്തരം നൽകുവാൻ വേണ്ട പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക. ശുശ്രൂഷാ പ്രതിനിധികളെ അതിനായ് സജ്ജരാക്കുക.
6. സാമൂഹിക - സാമുദായിക വിഷയങ്ങളെ കൈകാര്യം ചെയ്യുവാൻ സാമുദായിക സംഘടനകളെയും ഫോറങ്ങളെയും പരിശീലനം നൽകി ശക്തരാക്കുക.
7. ഇതിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള സാമൂഹിക - സാമ്പത്തിക - അജപാലന സർവ്വേയുടെ കണ്ടെത്തലുകളുടെയും ഹോം മിഷൻ നടന്ന ഇടവകകളിലെ റിപ്പോർട്ടിന്റെയും വെളിച്ചത്തിൽ 2018 ജനുവരി മാസം ഇടവകതലത്തിലും, ഫെബ്രുവരി ഫെറോനാതലത്തിലും മാർച്ച് മാസം അതിരൂപതാതലത്തിലും പ്ലാനും ബജറ്റും തയ്യാറാക്കുക.

## ഹാർട്ട് റ്റു ഹാർട്ട് പ്രേഷിത ബന്ധിത പരിപാടി

നമ്മുടെ അതിരൂപത അരുണാചൽ പ്രദേശിലെ ഈറ്റാ നഗർ രൂപതയുമായി പ്രേഷിത ബന്ധം തുടങ്ങിയിരിക്കുന്ന പശ്ചാത്തലത്തിൽ ഊന്നൽ നൽകാവുന്ന കാര്യങ്ങൾ.

1. ഈറ്റാ നഗർ മെത്രാനെ നമ്മുടെ വൈദിക കൂട്ടായ്മയിൽ ക്ഷണിച്ച് ഈറ്റാ നഗർ രൂപതയെക്കുറിച്ചുള്ള സ്ഥിതി വിവരങ്ങളും പ്രേഷിത പ്രവർത്തന സാധ്യതകളെയും കുറിച്ച് പങ്കുവയ്ക്കുക.
2. നമ്മുടെ അതിരൂപതയിൽ നിന്നും താല്പര്യമുള്ള വൈദികരുടെ ഒരു ഗണം ഈറ്റാ നഗർ രൂപത സന്ദർശിച്ച് സാധ്യതാപഠനം നടത്തുക.
3. നമ്മുടെ അതിരൂപതയിൽ നിന്നും താല്പര്യമുള്ള യുവജനങ്ങളെയും അല്മായ പ്രേഷിതരെയും ഒരുക്കി ഈറ്റാ നഗറിൽ ഒരു നിശ്ചിത സമയത്തേക്ക് അവിടുത്തെ സാധ്യതകൾ പ്രേഷിത പ്രവർത്തനങ്ങൾക്കായി മനസിലാക്കി ഒരുക്കി അയക്കുക.
4. സെമിനാരി വിദ്യാർത്ഥികളെ റീജൻസി കാലയളവിൽ പ്രേഷിതാനുഭവത്തിനായ് ഈറ്റാ നഗറിൽ നിയോഗിക്കുക.
5. പ്രേഷിതാഭിമുഖ്യമുള്ള വൈദിക അർത്ഥികളെ കണ്ടെത്തി പരിശീലിപ്പിക്കുക.



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

ആണ്ടുവട്ടം 31-ാം ഞായർ (നവം. 5)


നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്


## സാത്താന്റെ വികൃതിയും തമ്പുരാന്റെ കുസൃതിയും

മലാ. 1: 14b-2:2b. 8-10 | 1 തെസ. 2: 7b-9. 13 | മത്താ. 23: 1-12


ഫരിസേയരുമായുള്ള വിവാദമാണ് ഇന്നത്തെ സുവിശേഷത്തിന്റെ പ്രമേയം. ഫരിസേയരുടെ വാക്കുകളെ അനുസരിക്കരുതെന്നും അവരെ മാതൃകയാക്കരുതെന്നും യേശു മുന്നറിയിപ്പ് നൽകുന്നു. കാരണം, "അവർ പറയുന്നു, പ്രവർത്തിക്കുന്നില്ല" (മത്താ. 23:3) അത് ക്രിസ്തുവിന്റെ അനുയായികൾക്ക് ഇടർച്ചയ്ക്ക് കാരണമാകും എന്നതു തന്നെയാണ്.



ചെറിയ ചെറിയ ഇടർച്ചകൾ വലിയ തകർച്ചകളിലേക്ക് നയിക്കും എന്ന സത്യം ലോകം തിരിച്ചറിയും മുൻപ് തന്നെ ക്രിസ്തു അത് തിരിച്ചറിഞ്ഞു.

1912 ഏപ്രിൽ 10. ലോകം മുഴുവൻ ഉറ്റുനോക്കുന്ന ഒരു അത്ഭുത വിനോദയാത്ര. സമുദ്രത്തിലെ അത്ഭുതം എന്ന് പേരുകേട്ട ആഡംബരത്തിന്റെ പര്യായമായ ആ കപ്പൽ തന്റെ കന്നിയാത്ര ആരംഭിക്കുകയാണ്. യാത്രയ്ക്കൊരുങ്ങിയവരും യാത്രയയ്ക്കാൻ വന്നവരും ഒക്കെയായി ഒരു ഉത്സവ പ്രതീതി. ദൈവത്തിനുപോലും തകർക്കാനാവില്ല എന്ന തെല്ലഹങ്കാരത്തോടെ മൂവായിരത്തിലധികം യാത്രക്കാരും ജോലിക്കാരുമായി ഓളങ്ങൾ കീറിമുറിച്ച് കപ്പൽ മുന്നോട്ടുനീങ്ങുകയാണ്. ആഘോഷങ്ങളുടെ നാലുദിനങ്ങൾ പിന്നിട്ടപ്പോൾ അതിവേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്ന കപ്പലിന്റെ വീൽറൂമിൽ നിന്നും ഒരു ഫോൺ ബെൽ മുഴങ്ങുകയാണ്. ഒരു മിനിറ്റ്.... രണ്ടുമിനിട്ട്.... മൂന്ന് മിനിട്ട്... അലസതയുടെ ആലസ്യത്തോടെ ഓഫീസർ ഫോൺ തന്റെ കാതോട് ചേർത്തപ്പോൾ സന്ദേശം ഞെട്ടിപ്പിക്കുന്നതായിരുന്നു. മുമ്പലിതാ കൂറ്റൻ മഞ്ഞുമല. തിരിഞ്ഞുപോകുക. പക്ഷേ ആ മൂന്നു മിനിറ്റ് ഒത്തിരി വൈകിയിരുന്നു. 1500 ലധികം മനുഷ്യരുടെ ജീവനെടുത്ത് ടൈറ്റാനിക്ക് എന്ന കടലിലെ അത്ഭുതം കടലിന്റെ തന്നെ ആഴങ്ങളിലേക്ക് മുങ്ങിത്താണു. വെറും മൂന്നു മിനിറ്റിന്റെ ഇടർച്ച. അത് 1500 ലധികം പേരുടെ തകർച്ചയ്ക്ക് കാരണമായി. ചെറിയ ചെറിയ ഇടർച്ചകൾ വലിയ തകർച്ചകളിലേക്ക് നയിക്കും എന്ന സത്യം ലോകം തിരിച്ചറിയും മുൻപ് തന്നെ ക്രിസ്തു അത് തിരിച്ചറിഞ്ഞു. ഈ സത്യത്തിന്റെ തിരിച്ചറിവിൽ നിന്നാണ് ചെറിയ ഇടർച്ചകൾ സാരമല്ല എന്ന മനോഭാവത്തോടെ നിന്ന ശിഷ്യരോട് ഇടർച്ചകൾ വലുതായാലും ചെറുതായാലും അതിൽ നിന്നും മാറി നിൽക്കണമെന്ന് ആവശ്യപ്പെടുന്നത്. മനുഷ്യൻ വീഴുന്നത് വലിയ പർവ്വതങ്ങളിൽ തട്ടിയല്ല മറിച്ച് ചില ചെറിയ കല്ലുകളിൽ തെന്നിയാണ്. ഒരു നിമിഷത്തെ ഇടർച്ചകൾക്ക് ചിലപ്പോൾ ഒരു ജന്മം കൊണ്ടുപോലും പരിഹാരം ചെയ്തു തീർക്കാനാവില്ല എന്നതാണ് യാഥാർത്ഥ്യം.

ചെറിയ ഉലച്ചിലുകൾ വലിയ അലച്ചിലുകൾക്ക് കാരണമാകും എന്നതു തന്നെയാണ് യോനാ പ്രവാചകൻ നൽകുന്ന ജീവിത പാഠവും. നിനവെയിലേക്ക് പോകേണ്ടവൻ താർഷീസിലേക്ക് ഇടറിയോടുകയാണ്. പക്ഷേ, പിന്നീടങ്ങോട്ട് അലച്ചിലുകളാണ് പ്രവാചകന്റെ ജീവിതത്തിന് അകമ്പടിയേകുന്നത്. കൊടുങ്കാറ്റും കടൽക്ഷോഭവും മത്സ്യത്തിന്റെ ഉദരവും അത്യുഷ്ണമുള്ള



കിഴക്കൻ കാറ്റും അങ്ങനെ പലതും. അവന് ചുറ്റുമുള്ളവർ പോലും വല്ലാതെ അസ്വസ്ഥരാകുന്നുണ്ട്. ചില ഇടർച്ചകൾ കൂടെയുള്ളവരെ പോലും തകർച്ചയിലേക്കും അലച്ചിലുകളിലേക്കും നയിക്കും എന്ന് സാരം.

വല്ലാത്ത ശക്തിയുണ്ട് ഈ ഇടർച്ചകൾക്ക് - ഒരു നശീകരണ ശക്തി. ഒരു നിമിഷം തന്നെ ധാരാളം - ജീവിതവും സ്വപ്നങ്ങളും കീഴ്മേൽ മറിയാൻ. ഇത് തിരിച്ചറിഞ്ഞിട്ടാവാം ഫരിസേയരാകുന്ന ഇടർച്ചകളിൽ നിന്നും അകലണമെന്നും ഒന്നു കുമ്പിട്ടാരാധിച്ചാൽ എല്ലാം നിനക്ക് സ്വന്തം എന്ന ഇടർച്ചയുടെ മുമ്പിൽ ക്രിസ്തു തികഞ്ഞ ജാഗ്രതയോടെ പ്രതികരിച്ചതും.

ദൈവമേ, ഏത് വഴിത്താരകളിലാണ് എന്റെ പാദങ്ങൾക്ക് ഭ്രംശനം സംഭവിക്കുന്നത്? ഏത് യാമങ്ങളിലാണ് എന്റെ ചിന്തകൾ ഇടറുന്നത്? ഹവ്വയുടെ ഒരു വൃക്ഷക്കനി, ഏസാവിന്റെ ഒരു കപ്പ് പായസം, ദാവീദിന്റെ മട്ടുപ്പാവിലെ ഇടറിപ്പോയ ഒരു നോട്ടം, യൂദാസിന്റെ കിലുകിലെ കിലുങ്ങുന്ന 30 വെള്ളിനാണയങ്ങളുടെ പണക്കിഴി അല്ലെങ്കിൽ ഒരു ചുംബനം, പത്രോസിന്റെ തീകായൽ, സാവൂളിന്റെ അസൂയയോ, യോനായുടെ അനുസരണക്കേടോ ഏതുമാകാം. പക്ഷേ, ഒന്നുറപ്പ്, ഒരു നിമിഷത്തെ ഈ ഇടർച്ചകൾക്കൊക്കെ പുറകെ തകർച്ചകളുടെ ഒരു പെരുമഴക്കാലമായിരുന്നു അവരുടെ ജീവിതത്തിൽ. നീട്ടിയും കുറുക്കിയും ഇത്രയും പറഞ്ഞതിന്റെ പൊരുൾ ഒരിക്കൽ ഒരു കർഷകസുഹൃത്ത് ഒരൊറ്റ വാക്യത്തിൽ പറഞ്ഞുതന്നു: ഭൂമിയിൽ തുരങ്കം സൃഷ്ടിക്കുന്ന തുരപ്പൻ എലി പലപ്പോഴും ജീവൻ കളയുന്നത് നിസാരം ഒരു തേങ്ങാപ്പൂളിനോ മത്തിത്തലയ്ക്കോ വേണ്ടിയാണ്. ഒട്ടുമിക്ക മനുഷ്യരും അങ്ങനെ തന്നെയാണ്. അതൊക്കെ ഒഴിവാക്കാനാണ് നാം ചെറുതെന്ന് കരുതുന്ന ഫരിസേയ ഇടർച്ചകളെ മാറ്റിനിർത്തണമെന്ന് പറയുന്നത്.

ചെറിയ ഇടർച്ചകളെ ധ്യാനിക്കുമ്പോൾ ചെറിയ നന്മകളെയും ധ്യാനിക്കാതിരിക്കുന്നത് ഒരു പക്ഷേ, ഒരപരാധമാകും. ചെറിയ ഇടർച്ചകൾ വലിയ തകർച്ചകൾക്ക് നിമിത്തമെങ്കിൽ ചെറിയ നന്മകൾ വലിയ നന്മകൾക്കും, നേട്ടങ്ങൾക്കും നിമിത്തമാകണം എന്നത് ലോജിക്ക്. ആ ചെറിയ നന്മ 'തന്നെ തന്നെ താഴ്ത്തുന്നതിലായിരിക്കണം' (23:12) എന്നതാണ് ഈശോ സുവിശേഷത്തിന്റെ അവസാന ഭാഗത്ത് പറയുക.

ഒരു സുഹൃത്തിന്റെ 'പ്രത്യാശയുടെ സങ്കീർത്തനം' എന്ന കുറുപ്പുകളിലെ ഡിക്ക് എന്ന അഞ്ചു വയസ്സുകാരന്റെ കഥ ഇതിന് ഒരു ഉറപ്പുതന്നെയാണ്. ഇംഗ്ലണ്ടിലെ ഒരു എളിയ കുടുംബത്തിൽ പിറന്നവനാണ് ഡിക്ക് ഹെൻറി. തികഞ്ഞ മര്യാദയോടെ പെരുമാറാൻ അമ്മ അവന്റെ ചെറുപ്പം മുതലേ അവനെ അഭ്യസിപ്പിച്ചു. ഒരിക്കൽ അവനോടൊത്തുള്ള ബസ് യാത്രയ്ക്കിടയിൽ സീറ്റ് കണ്ടുപിടിക്കാനുള്ള തിരക്കിൽ കാലിടറി ഡിക്ക് ഒരു യാത്രക്കാരന്റെ ദേഹത്തിടിച്ചു. അയാൾ അവനെ തുറിച്ചു നോക്കിയപ്പോൾ ആ അഞ്ചുവയസ്സുകാരൻ വ്യസനത്തോടെ പറഞ്ഞു; മാപ്പ്! അറിയാതെ സംഭവിച്ചതാണ്. മുതിർന്നവർപോലും കാണിക്കാത്ത മര്യാദയിൽ അമ്പരന്ന് ആ യാത്രക്കാരൻ ഡിക്കിനെ വിളിച്ച് അടുത്തിരുത്തി, പേരും വയസ്സും വിലാസവുമൊക്കെ ചോദിച്ചു. എല്ലാത്തിനും പുഞ്ചിരിയോടെ ഡിക്ക് ഉത്തരവും പറഞ്ഞു. കുറേ ദിവസങ്ങൾക്കുശേഷം ഒരു പൊതി അവനെ തേടിയെത്തി. മനോഹരമായ ഒരു സമ്മാനം. അയച്ച ആളിന്റെ പേരില്ല. ബസ്സിൽ കണ്ട സ്നേഹിതൻ എന്നുമാത്രം. ഒരു നന്ദി അറിയിക്കാൻ പറ്റിയില്ലല്ലോ എന്ന ദുഃഖവും അവനുണ്ടായിരുന്നു. എല്ലാ വർഷവും അവന്റെ പിറന്നാളിന് ഒരോ സമ്മാനങ്ങൾ അവനെ തേടിയെത്തിയിരുന്നു.

പിന്നീട് ഡിക്കിന് 18 വയസ്സായപ്പോൾ അവന്റെ കുടുംബത്തിന് തണുപ്പുള്ള പ്രദേശത്ത് മാറി താമസിക്കേണ്ടതായിവന്നു. രാവും പകലും കൽക്കരി കത്തിച്ചാൽ മാത്രമേ ജീവിക്കാൻ പറ്റൂ എന്നതാണ് പലപ്പോഴുമുള്ള അവിടത്തെ അവസ്ഥ. ദരിദ്രരായതുകൊണ്ടു തന്നെ കൽക്കരി വാങ്ങി കത്തിക്കുക എന്നത് അവർക്ക് അപ്രാപ്യമായിരുന്നു. എങ്കിലും ഡിക്ക് ഒരു കൽക്കരി ഫാക്ടറിയിലേക്ക് വിളിച്ച് തന്റെ കുടുംബത്തിന്റെ ഇല്ലായ്മ വിവരിച്ചു. അതിനുമറുപടിയായി അവർ പറഞ്ഞത്: ''അയച്ചുതരാൻ വേണ്ടി ഇവിടെ കൽക്കരി ഇല്ല." എന്നാണ്. ഇതുകേട്ട ഡിക്ക് റിസീവർ നെഞ്ചോട് ചേർത്ത് കരയുന്നു. കരച്ചിൽ ഫോണിലൂടെ കേട്ട ആ ഫാക്ടറി ഉടമസ്ഥൻ അവന്റെ പേര് ചോദിച്ചു. അവൻ പേരും പറഞ്ഞു. ഏതാനും നിമിഷങ്ങൾക്കകം ഒരു ലോറി നിറയെ കൽക്കരി അവന്റെ വീട്ടിലെത്തി. കൂടെ ഒരു കുറിപ്പും ഉണ്ടായിരുന്നു. "ഞാനാണ് ആ ബസിൽ വച്ചു കണ്ട സ്നേഹിതൻ" ഈ ഫാക്ടറി എന്റേതാണ്.

ഉള്ളിലെ ചെറിയ ഒരു നന്മയ്ക്ക് ഇത്രയും ഓളങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് അവൻ പ്രതീക്ഷിച്ചിരുന്നില്ല. ചെറിയ നന്മകൾ വലിയ അനുഗ്രഹങ്ങളുടെ പടികൾ മാത്രം.

ഇതാണ് സാത്താന്റെ വികൃതിയും ദൈവത്തിന്റെ കുസൃതിയും തമ്മിലുള്ള അന്തരം. ഇടർച്ചയുടെ വികൃതി വേണോ? താഴ്മയിലൂടെ സ്വർഗ്ഗീയ പറുദീസ വേണോ? ■

നീർച്ചാലുകൾ

ഫാ. തോമസ് ജെ.നെറ്റോ

# ഒരുങ്ങിയിരുന്നാൽ മണവാളനെ എതിരേൽക്കാം

ജ്ഞാനം 6 : 12-16 | 1 തെസ്സ. 4:13-18 | മത്താ. 25: 1-13

ആരാധനാക്രമവത്സരത്തിലെ അവസാന ഘട്ടത്തിലേക്ക് പ്രവേശിക്കുമ്പോൾ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന് ഒരുക്കമുള്ളവരായിരിക്കുവാൻ സഭാമാതാവ് നമ്മെ ഇന്ന് ആഹ്വാനം ചെയ്യുന്നു. നമ്മുടെ വിശ്വാസത്തിന്റെ ഭാഗമാണ്, ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തു വീണ്ടും വരുമെന്നതും ജീവിതാവസാനത്തിൽ നന്മതിന്മകൾക്ക് പ്രതിഫലം നൽകുമെന്നതും. ദൈവരാജ്യത്തിൽ നാം തിരസ്കൃതരാകാതെ സ്വീകൃതരാകാൻ വചനം നമ്മെ പ്രചോദിപ്പിക്കുന്നു.

ഒന്നാം വായന ജ്ഞാനം തേടുന്നവരാകാൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ദൈവമാണ് യഥാർത്ഥ ജ്ഞാനത്തിന്റെ ഉറവിടം. ദൈവം തന്നെ തേടുന്നവർക്ക് തന്റെ ജ്ഞാനം പകരുന്നു. ദൈവത്താൽ നയിക്കപ്പെടുന്നതിന് സ്വയം അനുവദിക്കുന്നവരും ദൈവിക പദ്ധതി മനസ്സിലാക്കി അത് സ്വീകരിക്കുന്നവരുമാണ് യഥാർത്ഥ ജ്ഞാനികൾ. ക്രിസ്തു ദൈവത്തിന്റെ ജ്ഞാനമാണ്. വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ അറിയുന്നതും അനുഭവിക്കുന്നതും വിശ്വസ്തതയോടെ അനുഗമിക്കുന്നതുമാണ് പ്രധാനം.

രണ്ടാം വായനയിൽ മരണമടഞ്ഞവരെക്കുറിച്ച് നിരാശരാകാതെ പ്രത്യാശയുള്ളവരാകാൻ പൗലോസ് ഉദ്ബോധിപ്പിക്കുന്നു. പ്രത്യാശയുടെ നിദാനം യേശുവിന്റെ ഉത്ഥാനമാണ്. യേശുക്രിസ്തുവിൽ നിദ്രപ്രാപിച്ചവരെ ദൈവം യേശുവിൽ ഉയർപ്പിക്കും. ഈ പ്രത്യാശയാണ് ഇന്നത്തെ ജീവിതത്തിന്റെ സവിശേഷതകളെ നിർണയിക്കേണ്ടത്. നിത്യജീവനിലേക്കാണ് ഞാൻ വിളിക്കപ്പെട്ടിരിക്കുന്നത്. അതാകട്ടെ, ഇന്ന്, ഇവിടെ, ഇപ്പോൾ, ആരംഭിക്കുന്നതാണ്. അത് ദൈവത്തിന്റെ ദാനമാണ്. ഒപ്പം, എന്റെ സ്വാതന്ത്ര്യത്തോടെയുള്ള പ്രത്യുത്തരത്തിന്റെ ഫലവുമാണ്.

മണവാളനെ എതിരേൽക്കുവാൻ പുറപ്പെട്ട പത്തുകന്യകമാരുടെ ഉപമയാണ് ഇന്നത്തെ സുവിശേഷം പ്രതിപാദിക്കുന്നത്. യേശുവിന്റെ ആഗമനം എപ്പോഴായിരിക്കും എന്ന ശിഷ്യരുടെ ചോദ്യമാണ് (മത്താ. 24:3) ഈ വചനഭാഗത്തിന്റെ പൊതുവായ പശ്ചാത്തലം. ഈ ഉപമയുടെ ലക്ഷ്യവും സന്ദേശവുമാണ് പതിമ്മൂന്നാമത്തെ വചനത്തിൽ കാണുക: "അതുകൊണ്ട് ജാഗരൂഗരായിരിക്കുവിൻ. ആ ദിവസമോ മണിക്കൂറോ നിങ്ങൾ അറിയുന്നില്ല".

പാലസ്തീനയിലെ അന്നത്തെ വിവാഹാഘോഷങ്ങളുടെ പശ്ചാത്തലത്തിൽ നിന്നാണ് യേശു മണവാളനെ എതിരേൽക്കാൻ പുറപ്പെട്ട പത്തുകന്യകമാരുടെ ഉപമ അരുളിചെയ്യുന്നത്. ഒരാഴ്ചയോളം നീണ്ടുനിൽക്കുന്ന വിവാഹാഘോഷത്തിൽ മണവാളന്റെ വരവും എതിരേൽപ്പും ഏതുസമയത്തും സംഭവിക്കാം. മുൻകൂട്ടി തെരഞ്ഞെടുക്കപ്പെട്ടവരായിരുന്നു ഈ പത്തുകന്യകമാർ. മണവാളനെ എതിരേൽക്കാൻ വിവേകമതികളായ അഞ്ചുപേർക്ക് കഴിഞ്ഞു. വിവേകരഹിതകളായ മറ്റഞ്ചുപേർക്ക് കഴിയാതെ പോയി. അങ്ങനെ ദൈവരാജ്യത്തിൽ ചിലർ തിരസ്കൃതരായി മറ്റു ചിലർ സ്വീകൃതരുമായി. പത്തുപേരും വിളക്കുകളെടുത്തിരുന്നു. എന്നാൽ അഞ്ചുപേരെ എണ്ണ കരുതിയിരുന്നുള്ളൂ. ഒരുക്കമുള്ളവർക്കുമാത്രമേ മണവാളൻ വന്നനേരം അവനെ എതിരേൽക്കാനായുള്ളൂ.

ഈ ഉപമ സൂചിപ്പിക്കുന്ന ഒരർത്ഥം യേശുവിന്റെ ശ്രോതാക്കളായ തെരഞ്ഞെടുക്കപ്പെട്ട യഹൂദജനതയുമായി ബന്ധപ്പെട്ടതാണ്. രക്ഷകനെ സ്വീകരിക്കാൻ യുഗങ്ങളായി അവർ ഒരുങ്ങിയെങ്കിലും അവിടുന്ന് ആഗതനായപ്പോൾ ആ മണവാളനെ സ്വീകരിക്കാൻ പലർക്കും കഴിയാതെ പോയി. കാരണം അവർക്ക് വേണ്ടത്ര ഒരുക്കമില്ലായിരുന്നു.

ആദിമസഭ ക്രിസ്തുവിന്റെ ദ്വിതീയ ആഗമനത്തെ സൂചിപ്പിക്കുന്ന ഉപമയായിട്ടാണ് ഇതിനെ വ്യാഖ്യാനിച്ചത്. വിശ്വാസികൾ ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനം ഉടനെ പ്രതീക്ഷിച്ചിരുന്നു. എന്നാൽ അവിടുന്ന് വരാൻ വൈകുന്നു എന്നറിഞ്ഞപ്പോൾ അവരിൽ ഉത്സാഹവും തീഷ്ണതയും കുറഞ്ഞു. ആത്മീയ മന്ദത അവരിൽ പ്രകടമായി. അവരെ ഉത്തേജിപ്പിക്കുവാൻ ആദിമസഭ ഈ ഉപമ ഉപയോഗപ്പെടുത്തി.

ഇന്നത്തെ ക്രിസ്തീയ സമൂഹത്തിന്റെ പ്രതീകമാണ് ഉപമയിലെ പത്തുകന്യകമാർ. സഭയുടെ മണവാളൻ ക്രിസ്തുവാണ്. ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിശ്വാസത്തിലേക്ക് പ്രവേശിച്ചവരാണ് സഭാംഗങ്ങൾ. വിശ്വാസത്തിന്റെ വിളക്ക് നാം ഏറ്റെടുത്തു. എന്നാൽ ക്രിസ്തീയ ജീവിതമാകുന്ന എണ്ണ നിരന്തരം പകർന്ന് മുന്നേറുന്നവർ ചുരുക്കമാണ്. വിവേകരഹിതരായ കന്യകമാരെപ്പോലെ ഭാവിയെ - നിത്യജീവനെ - മുന്നിൽ കാണാതെ തങ്ങളുടെ ജീവിതത്തിന്റെ ശ്രദ്ധയും ഫോക്കസും നഷ്ടപ്പെടുത്തുന്നവരുണ്ട്. മനുഷ്യജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം ദൈവവുമായുള്ള കൂട്ടായ്മയും

ഐക്യവുമാണ്. നിത്യയുടെ ഈ ഫോക്കസ് ഇല്ലാത്തവർ തങ്ങളുടെ ജീവിതത്തിൽ ഒരുക്കമുള്ളവരും സജ്ജരുമാകണമെന്നില്ല. അവർക്ക് ക്രിസ്തുവിനെ അനുദിനവും ജീവിതാവസാനവും എതിരേൽക്കാനായെന്നുവരില്ല.

ക്രിസ്തുവിന്റെ സുവിശേഷം ഇന്ന് ജീവിത മാനദണ്ഡമാക്കാത്ത നാമമാത്ര ക്രിസ്ത്യാനികളോട് കർത്താവ് അരുളിചെയ്യുന്നു " ഞാൻ നിങ്ങളെ അറിയില്ല ". കർത്താവേ, കർത്താവേ എന്ന് വിളിച്ചപേക്ഷിക്കുന്നവരല്ല, പിതാവിന്റെ തിരുഹിതം നിറവേറ്റുന്നവരാണ് ക്രിസ്തുവിനെ എതിരേൽക്കുന്നത്.

വിളക്കേന്തിയ കുരുടനായ മനുഷ്യൻ, ആ വിളക്കിലെ തിരി അണഞ്ഞുപോയത് അറിയാതിരുന്നപോലെയാണ് എന്റെയും അവസ്ഥ. തിരിതെളിഞ്ഞിരിക്കുന്നുവെന്നാണ് എന്റെ വിചാരം. പക്ഷേ പലപ്പോഴും വിളക്കണഞ്ഞുപോകുന്നത് ഞാൻ അറിയുന്നില്ല.

കൂട്ടുകാരോട് എണ്ണ കടംചോദിച്ച വിവേകരഹിതരായ കന്യകമാർ ചില സനാതനപാഠങ്ങൾ ഇന്ന് എനിക്ക് പറഞ്ഞുതരുന്നുണ്ട്. ഒന്നാമതായി, ചില കാര്യങ്ങൾ അവസാനനേരത്ത് അന്വേഷിച്ചാൽ അത് ലഭിക്കണമെന്നില്ല. കൂട്ടുകാർക്കുപോലും എന്നെ സഹായിക്കാനായെന്നുവരില്ല. രണ്ടാമതായി, ചില കാര്യങ്ങൾ ജീവിതത്തിൽ മറ്റുള്ളവരിൽ നിന്ന് കടംവാങ്ങാനാകില്ല. മറ്റുള്ളവരുടെ ആദ്ധ്യാത്മിക സമ്പത്തിൽ എനിക്ക് രക്ഷ ലഭിക്കണമെന്നില്ല. ദൈവത്തോടുള്ള എന്റെ ബന്ധം ഞാൻ തന്നെ സ്വയം ആർജിക്കുകയും അതിൽ നിലനിൽക്കേണ്ടതുമായ ഒന്നാണ്. എന്റെ നിത്യ രക്ഷയുടെ ഉത്തരവാദിത്വം എനിക്കുതന്നെയാണ്.

ഒരുക്കവും അവസരവും ഒത്തുചേരുമ്പോഴാണ് വിജയമുണ്ടാവുക. വേണ്ടത്ര ഒരുക്കമില്ലാത്തവർ മത്സരത്തിൽ എളുപ്പത്തിൽ പുറന്തള്ളപ്പെടാം. ക്രിസ്തീയ ജീവിത വിജയത്തിന് വിളക്കുകൾക്കൊപ്പം എണ്ണയും കരുതിയ വിവേകമതികളായ കന്യകമാരെ നമുക്ക് അനുകരിക്കാം. ■

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

ആണ്ടുവട്ടം 33-ാം ഞായർ (നവം. 19)

# തക്ലിയും നൂലും ഭാര്യയും

സുഭാ. 31:10-13, 19-20, 30-31 | 1 തെസ. 5:1-6 | മത്താ. 25 : 14-30



കുരിശിലെ വിശുദ്ധ യോഹന്നാൻ പറഞ്ഞു: 'ലുബ്ധൻ, ലൗകികസമ്പാദ്യങ്ങൾക്കായി ഒരു ഭിക്ഷുവിനെ പ്പോലെ വിശപ്പ് അനുഭവിക്കുന്നു.

പൗലോസപ്പോസ്തലൻ കർത്താവിന്റെ ദിനത്തിന്റെ പ്രത്യക്ഷമാകലിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. കവർച്ചക്കാരൻ ഭവനഭേദനം നടത്തുന്നപോലെയാണത്. അപ്രതീക്ഷിതമായി അത് സംഭവിക്കും. ജീവിതം ഭദ്രമായെന്നുകരുതുന്നവരുടെമേൽപ്പോലും ഗർഭിണിയുടെ പ്രവസവേദനപോലെ നാശം പതിക്കും. സമ്പത്തും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും ജീവിതത്തിന്റെ ഭദ്രതയെന്ന് കരുതുന്നവരുണ്ട്. ക്ഷേമത്തിന്റെ ആധ്യാത്മികതയും ഐശ്വര്യത്തിന്റെ ദൈവശാസ്ത്രവും തീർക്കുന്നവർ. മരണവീട്ടിലെ മ്ലാനതപോലെ ആധ്യാത്മിക മരുഭൂമിയാക്കൽ നിറഞ്ഞ കുടുംബങ്ങൾ. തങ്ങളുടെ അയൽവീടുകൾ എന്നും അടുത്തുള്ളവർക്ക് മരണവീടാണ്. സൗഹൃദത്തിന്റെയും കൈമാറ്റത്തിന്റെയും അവസരങ്ങൾ ഇല്ലതാനും.

നായിംപട്ടണത്തിലെ യുവാവിന്റെ ശവസംസ്കാരയാത്ര! ആരൊക്കെയോ അയാളെ ചുമന്നുകൊണ്ടുപോകുന്നു. നമ്മുടെ യുവജനങ്ങളെ രാഷ്ട്രീയത്തിന്റെ അക്രമമുറകളിലേക്ക്, മദ്യത്തിലും മയക്കുമരുന്നിലേക്ക്, ആർഭാടങ്ങളിലേക്ക്, വഴിവിട്ട ജീവിതങ്ങളിലേക്ക് സ്ഥാപിത താത്പര്യക്കാർ ചുമന്നുകൊണ്ടുപോകുന്നുണ്ട്. ഈ പോക്ക് തടഞ്ഞുനിർത്തേണ്ടതുണ്ട്. ക്രിസ്തു യുവാവിന്റെ ശവസംസ്കാരയാത്രയെ തടഞ്ഞു. മരണത്തിൽനിന്ന് ആ യുവാവിനെ ജീവിപ്പിച്ചു. ലോകത്തിന്റെ പറുദീസയിലേക്ക് സ്വപ്നാടകരായി വഴുതിപ്പോകുന്നവരെ നാം തടഞ്ഞുനിർത്തേണ്ടതുണ്ട്. മക്കളുടെ അതിരുവിട്ട ജീവിതക്രമങ്ങൾ തടയാനാകാതെ എത്രയോ മാതാപിതാക്കൾ! കതിരിൽ വളംവച്ചിട്ട് കാര്യമില്ലല്ലോ.

## ദാസർക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന വിശ്വസ്തത

ഭൃത്യർ ഒന്നുമില്ലായ്മയിൽനിന്നല്ല ഇവിടെ വ്യാപാരം ചെയ്യേണ്ടത്. മുതൽമുടക്കാൻ യജമാനൻ ഓഹരി ഏല്പിക്കുന്നു. അവർ ചെയ്യേണ്ടതെന്താണെന്ന് യജമാനൻ പറയുന്നില്ല. യജമാനന്റെ മനസ്സു വായിക്കുന്നവർക്ക് അതിന്റെ ആവശ്യമില്ല. എഫേ 4:8-ൽ വ്യക്തമാക്കുന്നു 'അവൻ ഉന്നതങ്ങളിലേക്ക് ആരോഹണംചെയ്തപ്പോൾ അസംഖ്യം തടവുകാരെ കൂടെക്കൊണ്ടുപോയി'. ക്രിസ്തു പോകുമ്പോൾ ശിഷ്യന്മാരെ തന്റെ ദൗത്യം ഭരമേല്പിച്ചു (Depositum). 'നിന്നെ ഏല്പിച്ചിരിക്കുന്ന നല്ല നിക്ഷേപങ്ങൾ നമ്മിൽ വിശ്വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കാത്തുസൂ

ക്ഷിക്കുക' (2 തിമോ 1;14). ക്രിസ്തുവിന്റെ ദ്വിതീയ ആഗമനം വേഗം ഉണ്ടാകുമെന്ന് ആദിമക്രൈസ്തവർ വിശ്വസിച്ചിരുന്നു.

### മനസ്സുവച്ച ഭൃത്യരുടെ പ്രവൃത്തി

അഞ്ചു താലന്തുകിട്ടിയവനും രണ്ടു താലന്തുകിട്ടിയവനും അധ്വാനത്തിന്റെ തിരക്കിലായിരുന്നു. തങ്ങൾക്കു ലഭിക്കാനിരിക്കുന്ന ലാഭത്തിന്റെ വിഹിതം മാത്രമല്ല അവരെ അധ്വാനിക്കാൻ പ്രേരിപ്പിക്കുന്നത്; യജമാനനോടുള്ള വിശ്വസ്തതയുംകൂടിയാണത്. 'ഞാൻ വ്യർത്ഥമായി അധ്വാനിച്ചു. എന്റെ ശക്തി വ്യർഥമായും നിഷ്ഫലമായും ചെലവഴിച്ചു. എങ്കിലും എന്റെ അവകാശം കർത്താവിലും പ്രതിഫലം ദൈവത്തിലുമാണ്' (ഏശ 49:4).

### കണക്കു ബോധിപ്പിക്കൽ

മുതൽമുടക്കിന് തുല്യമായ ലാഭമാണ് ഭൃത്യന്മാർ നേടുന്നത്. ആർത്തിമൂത്ത ആധുനിക ബിസ്സിനസ് തന്ത്രങ്ങളില്ല, മിതമായ ലാഭം മാത്രം. ബിസ്സിനസ്സുകാർ കൊള്ളലാഭത്തിനുള്ള വിലയിട്ടിട്ട് ഓഫറുകളും ഗിഫ്റ്റുകളും പ്രഖ്യാപിക്കും. രണ്ടെടുത്താൽ ഒന്ന് ഫ്രീ! ഓണം, റംസാൻ, ക്രിസ്മസ് ഓഫറുകൾ, കർക്കിടകക്കിഴിവ്, അക്ഷയത്രിതീയ അങ്ങനെ എന്തെല്ലാം കച്ചവടച്ചതികൾ! കുരിശിലെ വിശുദ്ധ യോഹന്നാൻ പറഞ്ഞു: 'ലുബ്ധൻ, ലൗകികസമ്പാദ്യങ്ങൾക്കായി ഒരു ഭിക്ഷുവിനെപ്പോലെ വിശപ്പ് അനുഭവിക്കുന്നു. വിശ്വാസത്തിന്റെ മനുഷ്യൻ അവയിൽനിന്ന് കർത്തൃസഹജമായ സ്വാതന്ത്ര്യം അനുഭവിക്കുന്നു. ആദ്യം പറഞ്ഞവർ, അവന് എന്തൊക്കെ ഉണ്ടായാലും ഒരു ഭിക്ഷുവാണ്. രണ്ടാമത് പറഞ്ഞവൻ തന്റെ സ്വാതന്ത്ര്യം കൊണ്ടുതന്നെ യഥാർഥ ഉടമസ്ഥനാണ്.'

ഗൾഫുനാടുകളിൽ പോയി കമ്പനികൾ തുടങ്ങി ക്രമാതീതമായ വരുമാനം സമ്പാദിക്കുന്നവർ! ലാഭമുണ്ടാക്കൽ തെറ്റല്ല. എന്നാൽ, അത് നമ്മുടെ നാട്ടിൽ എത്ര അരക്ഷിതാവസ്ഥ തീർക്കുന്നു. സ്വസമുദായത്തിലെ ദരിദ്രരെ സഹായിക്കാൻ കരുണാപൂർവമായ സമീപനങ്ങൾ ഇല്ല. പള്ളികെട്ടാൻ മാത്രം പണംകൊടുക്കാമെന്ന വിശുദ്ധ അഹങ്കാരം. സമ്പത്തിന്റെ അതിരുകവിഞ്ഞ തന്മയീഭാവങ്ങളിൽ മക്കൾ ഭ്രമണപഥങ്ങളിൽ സഞ്ചരിക്കുന്നു. ചുറ്റുപാടുകളിലേക്ക്, മണ്ണിലേക്ക് അവർ ഇറങ്ങിവരുന്നില്ല.

GST വേണ്ടാത്ത തിരുശേഷിപ്പുകൾ തേടിപ്പോകുന്ന വൈദികർ. നൊവേനസെന്ററുകളുടെ മാർക്കറ്റിങ്ങിന് മുടിയും മരക്കഷണവും അന്വേഷിച്ച്, വിശ്വാസികളുടെ വൈകാരികഭാവങ്ങളെ ഊറ്റി കാശാക്കിമാറ്റുന്നവർ. നമ്മുടെ ഭക്തിശീലങ്ങൾതന്നെ മാറിക്കൊണ്ടിരിക്കുന്നു. ഭക്തിയുടെ രൂപത്തിനു പിന്നിൽ, സഭയോടുള്ള സ്നേഹത്തിന്റെ രൂപത്തിനുപിന്നിൽപ്പോലും ഒളിച്ചിരിക്കുന്ന ആധ്യാത്മികലൗകായാതികത്വം കർത്താവിന്റെ മഹത്ത്വം തേടാതെ മാനുഷികമഹത്ത്വവും ക്ഷേമവും അന്വേഷിക്കുന്നതിൽ അടങ്ങിയിരിക്കുന്നുവെന്ന് ഫ്രാൻസിസ് പാപ്പാ. സേവനത്തിന്റെയും കാരുണ്യത്തിന്റെയും മേഖലകളായിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും ഹൈപ്പർ മാർക്കറ്റ് ജംഗ്ഷനുകളായി മാറി. ഇനി ഏത് കാരുണ്യത്തിന്റെ രംഗമാണ് വില്പനയ്ക്ക് ബാക്കിയുള്ളത്. വയലിൽ പൂക്കുന്ന ലില്ലികളെക്കാൾ വിലപ്പെട്ടവരാണ് മനുഷ്യർ. പക്ഷേ, ഭൗതികതയുടെ ഭ്രമങ്ങളിൽ പൂത്തുലഞ്ഞ ലില്ലികളാകാൻ അവൻ വ്യഗ്രതപ്പെടുന്നു. ഒടുവിൽ പലയിടങ്ങളിൽ അളിഞ്ഞ സത്യങ്ങളായി കൂപ്പുകുത്തുന്നു. വയൽലില്ലിയുടെ നിസ്സാരതകൾ മതിയോ നമുക്ക്?

### വീണ്ടും ഭരമേല്പിക്കുക

യജമാനൻ ലാഭത്തിന്റെ വിഹിതംകൊടുത്ത് ഭൃത്യരെ പറഞ്ഞയയ്ക്കുന്നില്ല. അവർ ചെയ്തതിനുള്ള കൂലിയായി വലിയ കാര്യമാണ് യജമാനൻ നടപ്പിലാക്കുന്നത്. വലിയ ഉത്തരവാദിത്വങ്ങൾ ചെയ്യാൻ അവരെ അധികാരികളായി തിരഞ്ഞെടുത്തു.

നാം ഏതു താലന്താണ് വർധിപ്പിക്കേണ്ടത്? ഒരുവൻ സ്വന്തം താലന്തുകൾ മാത്രം വർധിപ്പിക്കുന്നവനാകരുത്. നിസ്സഹായരായവരുടെ ഉദ്ധാരണത്തിനുവേണ്ടി കൂടി നാം പരിശ്രമിക്കണം. സഹവർത്തിത്വം എന്നാൽ അയല്ക്കാരായി പാർക്കുക എന്നല്ല, നമ്മുടെ ഹൃദയവും സ്നേഹവും ഉള്ളതിന്റെ ഓഹരിയും പങ്കുവയ്ക്കണം. 'നിങ്ങളുടെ നിലങ്ങളിൽനിന്ന് വിളവു ശേഖരിച്ച വേലക്കാർക്ക് കൊടുക്കാതെ പിടിച്ചുവച്ച കൂലി ഇതാ, നിലവിളിക്കുന്നു. കൊയ്ത്തുകാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ കർണപുടങ്ങളിൽ എത്തിയിരിക്കുന്നു (യാക്കോ 5:4). നിശിതമായ വിമർശനമാണ് യാക്കോബിന്റേത്. കർത്താവിന്റെ മുറിവുകൾ കൈയെത്താത്തിടത്ത് സൂക്ഷിക്കുന്നവരാകാനുള്ള പ്രലോഭനം നമുക്കുണ്ട്. മാനുഷികദുരിതം സ്പർശിക്കാൻ, മറ്റുള്ളവരുടെ വേദനിക്കുന്ന ശരീരത്തിൽ സ്പർശിക്കാൻ യേശു നമ്മോട് ആവശ്യപ്പെടുന്നു. ■

നീർച്ചാലുകൾ

ഫാ. മൈക്കിൾ തോമസ്

ആണ്ടുവട്ടം 34-ാം ഞായർ (നവം. 26)

# ഇടയമുഖമുള്ള രാജാവ്

എസ. 34: 11-12. 15-17, | 1 കൊറി. 15 : 20-26. 28 | മത്താ. 25: 31-46

ഇന്നത്തെ വായനകളുടെ വെളിച്ചത്തിൽ ക്രിസ്തുവിന്റെ രാജത്വതിരുനാളിന്റെ സന്ദേശം എന്താണ് എന്നതാകണം നമ്മുടെ ധ്യാനവിഷയം. ഇന്നത്തെ മൂന്ന് വായനകളും പരിശോധിക്കുമ്പോൾ ക്രിസ്തു ഒരേസമയം ലോകത്തിലെ മറ്റേതു രാജാക്കന്മാരെക്കാളും അധികാരമുള്ള രാജാവാണെന്നും അതേ സമയം ഈ

അധികാരം കാരുണ്യത്തിന്റേയും ആർദ്രതയുടേയും സ്നേഹത്തിന്റേയും ദുർബലരോടുള്ള പക്ഷം ചേരലിന്റേയും ഭാഗമായിട്ടാണ് വിനിയോഗിക്കുന്നതെന്നും മനസിലാക്കുവാൻ കഴിയും. ലോകത്തിലെ മറ്റേതു രാജാക്കന്മാരെക്കാളും അധികാരമുള്ളവനാണ് ക്രിസ്തുരാജൻ എന്നു പറയുമ്പോൾ അതിലൂടെ അർത്ഥമാക്കുന്നത് യേശുവിന്റെ രാജത്വത്തിന് സ്ഥലകാല പരിമിതികളില്ല. ഒരു പ്രത്യേക ഭൂപ്രദേശത്തു മാത്രമോ, ഒരു പ്രത്യേക കാലത്തോ സമയത്തോ മാത്രമോ ഒതുങ്ങി നിൽക്കുന്നതല്ല യേശുവിന്റെ അധികാരം. മാത്രമല്ല യേശുവിന് മനുഷ്യരുടെ ശരീരത്തിന്മേലും ആത്മാവിന്റെമേലും ഒരേപോലെ അധികാരമുണ്ട്. അതിനാലാണ് യേശു ശിഷ്യരെ ഇപ്രകാരം ധൈര്യപ്പെടുത്തുന്നത്. "നിങ്ങൾ ശരീരത്തെ കൊല്ലുന്നവരെയല്ല ഭയപ്പെടേണ്ടത്. പ്രത്യുത, നിങ്ങളുടെ ആത്മാവിന്റെമേൽ അധികാരമുള്ളവനെയാണ് ഭയപ്പെടേണ്ടത്."

ഈ അധികാരമാണ് മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായം 31-46 വരെയുള്ള തിരുവചനഭാഗത്ത് പ്രതിപാദിക്കുന്നത്;

- എല്ലാ ദൂതന്മാരോടും കൂടെ മഹത്വത്തിൽ എഴുന്നള്ളുന്ന മനുഷ്യപുത്രൻ
- മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ഠനാകുന്നത്
- തന്റെ മുമ്പിൽ എല്ലാ ജനകളെയും ഒരുമിച്ചു കൂട്ടുന്നത്
- കൂട്ടപ്പെട്ട ജനത്തെ അവരുടെ പ്രവർത്തികൾക്കനുസൃതമായി ഇടവും വലവും വേർതിരിക്കുന്നത്
- തനിക്ക് മാത്രം അവകാശപ്പെട്ട രാജ്യം നീതി പ്രവർത്തിച്ചവർക്ക് പ്ങ്കുവയ്ക്കുന്നത്
- കരുണയില്ലാതെ പ്രവർത്തിച്ച ശാപഗ്രസ്തരെ നിത്യനരകാഗ്നിക്കിരയാക്കുന്നത്

ഇവയെല്ലാം ക്രിസ്തുരാജന്റെ അധികാരത്തിന്റെ പ്രതീകങ്ങളാണ്. പക്ഷേ, ഇവിടെ ശ്രദ്ധേയമാകുന്ന ഒരു വസ്തുത ക്രിസ്തു തന്റെ അധികാരം വിനിയോഗിക്കുന്നത് എപ്പോൾ, എങ്ങനെ, എന്തിന്, ആർക്കുവേണ്ടി എന്നതാണ്.

നീതി നിഷേധിക്കപ്പെടുമ്പോൾ, മനുഷ്യമനസ്സുകളിൽ സമാധാനം നഷ്ടപ്പെടുമ്പോൾ ദുർബലർ ചൂഷണവിധേയരാകുമ്പോൾ ... ഇതുപോലുള്ള സന്ദർഭങ്ങളിലാണ് യേശു തന്റെ അധികാരം വിനിയോഗിക്കുന്നത്.

കാരുണ്യത്തോടെ, ആർദ്രതയോടെ, ഹൃദയനൊമ്പരത്തോടെ, അഹന്തയുടെയും ധാർഷ്ഠ്യത്തിന്റേയും മുന്നിൽ പതറാതെ, സുവിശേഷമൂല്യങ്ങളെ ബലിക്കഴിക്കാതെയൊക്കെയാണ് ക്രിസ്തു അധികാരം പ്രയോഗിക്കുന്നത്.

സമൂഹത്തിൽ ശ്രദ്ധയും പരിഗണനയും ലഭിക്കാതെ തിരസ്ക്കരിക്കപ്പെട്ട് ഓരങ്ങളിൽ കഴിയുന്നവർ,രോഗികൾ, പരദേശികൾ, കാരാഗ്രഹവാസികൾ, നിരാലംബർ, വിധവകൾ ഇപ്രകാരം ദുർബലവിഭാഗത്തിനുവേണ്ടിയാണ് യേശു തന്റെ അധികാരം പ്രയോജനപ്പെടുത്തുന്നത്.

ക്രിസ്തുരാജന്റെ അധികാരത്തിന്റെയും ദൈവരാജ്യത്തിന്റെയും സവിശേഷമായൊരു മുഖമാണ് എസക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽ നിന്നുള്ള ആദ്യവായനയിൽ നാം ദർശിക്കുക. സ്വന്തമെന്ന് കരുതി അഹങ്കരിച്ചത് എല്ലാം നഷ്ടപ്പെട്ട്, പ്രഹരമേറ്റ്, ചിതറിക്കപ്പെട്ട് വിപ്രവാസത്തിൽ കഴിയുന്ന, നിരാശയിലാണ്ടിരിക്കുന്ന ജനത്തിന്റെ തെറ്റുകൾ ചൂണ്ടികാണിക്കുന്നതിനോടൊപ്പം തന്നെ അവർക്ക് പ്രത്യാശ പകരുകയാണ് പ്രവാചകൻ. ദൈവരാജ്യത്തിന്റെയും ദൈവീക അധികാരവിനിയോഗത്തിന്റെയും പ്രകടമായ മറ്റൊരു മുഖം. ഇടയനായി മാറുന്ന രാജാവിന്റെ മുഖമാണ് നാം ഇവിടെ ദർശിക്കുന്നത്. ഇടയദൗത്യം ഏല്പിക്കപ്പെട്ടവർ തങ്ങളുടെ ഉത്തരവാദിത്തത്തിൽ വീഴ്ച വരുത്തിയപ്പോൾ, ജനക്ഷേമത്തിനുവേണ്ടി നൽകിയ അധികാരം സ്വാർത്ഥതാല്പര്യത്തിനുവേണ്ടി ദുരുപയോഗിച്ചപ്പോൾ പ്രപഞ്ചനാഥനായ ദൈവം തന്നെ അധികാരം സ്വയം ഏറ്റെടുത്തുകൊണ്ട് ഇടയനായി മാറുകയാണ്.

ആധുനിക ലോകത്തിന്റെ സവിശേഷമായ സാഹചര്യങ്ങളിൽ ദൈവജനത്തിന്റെ സമഗ്രമായ വളർച്ചക്കുവേണ്ടി ഇടയദൗത്യം ഭരമേല്പിക്കപ്പെട്ടിരിക്കുന്നവരും വൈവിധ്യമാർന്ന ശുശ്രൂഷകളിൽ വ്യാപൃതരായിരിക്കുന്നവർക്കും അനുകരണീയവും പ്രചോദനാത്മകവുമാണ് ഇടയരാജാവിന്റെ അധികാര വിനിയോഗം.

- നഷ്ടപ്പെട്ടവരെ അന്വേഷിച്ച് കണ്ടെത്തുന്ന
- ചിതറിപ്പോയവയെ ഒരുമിച്ച് കൂട്ടുന്ന
- പരദേശികളായി അലഞ്ഞ് നടക്കുന്നവരെ സ്വദേശത്തേക്ക് തിരികെ കൊണ്ടുവരുന്ന
- മുറിവേറ്റവയെ വച്ചുകെട്ടി പരിചരിക്കുന്ന
- ബലഹീനരെ ശക്തിപ്പെടുത്തുന്ന
- കൊഴുത്തതിനേയും ശക്തിയുള്ളതിനേയും സംരക്ഷിക്കുന്ന
- എല്ലാവർക്കും ഇടം നൽകി, കരുതലേകി നീതിയോടെ പോറ്റുന്ന ഇടയന്റെ അധികാരം. ഇവയാണ് ക്രിസ്തുവെന്ന രാജാവിനെ, നേതാവിനെ, ശുശ്രൂഷകനെ മറ്റ് അധികാരികളിൽ നിന്നും വിഭിന്നനാക്കുന്നത്.

ചെങ്കോലും കിരീടവുമില്ലാതെ കുരിശും തോളിലേന്തി നീട്ടിയ കരങ്ങളുമായി തന്റെ ചാരെ എത്തുന്ന മനുഷ്യമക്കളെ ജാതിയുടെയും മതത്തിന്റെയും വർണ്ണത്തിന്റെയും ലിംഗത്തിന്റെയും യാതൊരു വ്യത്യാസവുമില്ലാതെ, ഏവരെയും അനുഗ്രഹിക്കുവാൻ വെമ്പൽ കൊള്ളുന്ന ക്രിസ്തുരാജന്റെ സവിശേഷതയാണത്. ദൈവരാജ്യത്തിന്റെ അതിർവരമ്പുകളില്ലാത്ത വിശാലതയുടെയും തുറവിയുടെയും മുഖമാണത്.

ഇടയദൗത്യത്തിലും വൈവിധ്യമാർന്ന ശുശ്രൂഷകളിലും ഏർപ്പെട്ടിരിക്കുന്ന നമുക്കേവർക്കും, വളരെ പ്രത്യേകിച്ച് ഇടവക കൗൺസിലിലും അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലും വിവിധ ശുശ്രൂഷാ സമിതികളിലും ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രചോദനമാണ് ക്രിസ്തുരാജന്റെ അധികാര വിനിയോഗം. മനുഷ്യ മനസാക്ഷിയെ തൊട്ടുണർത്തുന്ന ഫ്രാൻസിസ് പാപ്പ പറയുന്നതുപോലെ ഇന്നത്തെ ലോകത്തിന് മതിലുകൾ പണിയുന്നവരെയല്ല ആവശ്യം, പാലം പണിയുന്നവരെയാണ്. ആജ്ഞാപിക്കുന്നവരെയല്ല വേണ്ടത്; ശുശ്രൂഷകരെയാണ്, പരിചാരകരെയാണ്. ക്രിസ്തുവിന്റെ രാജത്വതിരുനാൾ അതിന് നമ്മെ പ്രചോദിപ്പിക്കട്ടെ. ■

# വചനജ്വാല

2017 നവംബർ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്

# ബി.സി.സി. യൂണിറ്റുകളിൽ അത്ഭുതം കാണാൻ ശുശ്രൂഷാ പ്രതിനിധികൾ ഉണരണം



### 1. പരിശുദ്ധാത്മാവിന്റെ ഗാനം
### ബൈബിൾ വന്ദനം

### 2. സ്വാഗതം: കുടുംബനാഥൻ/നാഥ

### 3. ആമുഖം

നീണ്ട മൂന്നു വർഷത്തെ ഒരുക്കത്തിലൂടെ കേരള ലത്തീൻ സഭയുടെയും സമുദായത്തിന്റെയും ചരിത്രത്തിൽ നാഴികകല്ലായി മാറിയ മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷനിലൂടെ നമ്മുടെ യൂണിറ്റിന് എന്ത് പഠിക്കുവാൻ സാധിച്ചു? ഇതിലൂടെ നമ്മുടെ യൂണിറ്റിൽ വരേണ്ട മാറ്റം, നവചൈതന്യം എന്നിവയെക്കുറിച്ച് ചിന്തിക്കുവാനും വിലയിരുത്തുവാനും ഈ കൂട്ടായ്മാ യോഗം നമുക്കു വിനിയോഗിക്കാം. ഇപ്രകാരം ഒരു വിലയിരുത്തലും വിചിന്തനവും നടക്കണമെങ്കിൽ മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷൻ 2017 ന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തായിരുന്നുവെന്ന് മനസിലാക്കണം. ഒക്ടോബർ 6, 7, 8 തീയതികളിൽ വല്ലാർപാടത്തു നടന്ന ഈ മഹാസംഗമത്തിലൂടെ പ്രധാനമായും നാല് കാര്യങ്ങളാണ് നാം ലക്ഷ്യം വച്ചത്.

a. കേരള ലത്തീൻ സഭയിൽ ഏകീകൃത അജപാലന വീക്ഷണവും സംവിധാനവും സാധ്യമാക്കുക.
b. ബി.സി.സി. യൂണിറ്റുകളെ സഭയുടെ ചെറുപ്പതിപ്പുകളാക്കി മാറ്റുക.
c. അല്മായ പങ്കാളിത്തത്തോടെ ശുശ്രൂഷാ സമിതികളെ ശക്തിപ്പെടുത്തുക.
d. കേരള ലത്തീൻ സഭാ വിശ്വാസികളെ പ്രേഷിതാഭിമുഖ്യമുള്ളവരായിമാറ്റുക.

ഈ നാല് ലക്ഷ്യങ്ങളും നമ്മുടെ അതിരൂപതയുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഓരോ യൂണിറ്റുകളിലും എന്തുമാത്രം കൈവരിക്കാൻ കഴിഞ്ഞു എന്നാണ് വിലയിരുത്തപ്പെടേണ്ടത്. ഇന്നത്തെ നമ്മുടെ ഈ യൂണിറ്റ് യോഗത്തിൽ രണ്ടാമത്തേയും മൂന്നമാത്തേയും ലക്ഷ്യങ്ങളാണ് പ്രത്യേകമായി ചർച്ചയ്ക്ക് വിധേയമാകേണ്ടത്. അതായത് നമ്മുടെ കുടുംബകൂട്ടായ്മ സഭയുടെ ചെറുപതിപ്പായിട്ടാണോ പ്രവർത്തിക്കുന്നത്? നമ്മുടെ യൂണിറ്റിൽ ശുശ്രൂഷാതല പ്രവർത്തനങ്ങൾ എന്തുമാത്രം സജീവമാണ് എന്ന് നമുക്കു വിലയിരുത്താം.

### 4. യേശുവിനെ ക്ഷണിക്കൽ

പലവിധ ദാനങ്ങൾ നല്കി നമ്മെ ഓരോരുത്തരേയും ധന്യരാക്കി ദൈവത്തിന് പ്രിയപ്പെട്ടവരാക്കി മാറ്റിക്കൊണ്ട് നമ്മുടെ ദാനങ്ങളെ, മനുഷ്യ

വിഭവങ്ങളെ പൊതുനന്മയ്ക്കായ് പങ്കുവയ്ക്കുവാൻ ആഹ്വാനം ചെയ്യുന്ന യേശുവിനെ നമ്മുടേതായ വാക്കുകളിൽ നമ്മുടെ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം.

### 5. വചനഗീതി

### 6. ദൈവവചന പാരായണം
**(മർക്കോ 6:30–44)**

### 7. വചനവിചിന്തനം

നമുക്കേവർക്കും ഏറെ സുപരിചിതമായ വചനഭാഗമാണ് നാം ഇപ്പോൾ ശ്രവിച്ചത്. പലതവണ നാം വായിക്കുകയും ധ്യാനിക്കുകയും ചെയ്തൊരു വചനഭാഗം. എന്നാൽ ഇപ്പോൾ നമ്മുടെ കുടുംബകൂട്ടായ്മാവേളയിൽ ഈ വചനഭാഗത്തെ നാം ആമുഖത്തിൽ ശ്രവിച്ച വിഷയങ്ങളുടെ പശ്ചാത്തലത്തിൽ വിചിന്തനം ചെയ്യാൻ പരിശ്രമിക്കാം.

ജനക്ഷേമത്തിനുവേണ്ടി സ്വന്തം ആവശ്യങ്ങൾ പോലും മാറ്റിവച്ചുകൊണ്ട് കഠിനമായി അദ്ധ്വാനിക്കുന്ന യേശുവിനെയും അപ്പസ്തോലന്മാരെയുമാണ് ഇവിടെ നാം ദർശിക്കുക. തിരക്കുപിടിച്ച ജീവിതത്തിനിടയിലും പ്രാർത്ഥനാപൂർവ്വം വിശ്രമിക്കുവാൻ, ജീവിതത്തിൽ ഒരു സന്തുലിതാവസ്ഥ പാലിക്കുവാൻ യേശു ശിഷ്യരെ ക്ഷണിക്കുന്നു. യേശുവിന്റേയും അപ്പോസ്തോലന്മാരുടെയും അത്ഭുതവരവും പ്രബോധനാധികാരവും അനുഭവിച്ചറിയുന്ന ജനം അവർക്കുചുറ്റും ഓടിയെത്തുന്നു. തങ്ങൾക്കു വിശ്രമിക്കുവാനുള്ള സമയമാണിതെന്ന് പറഞ്ഞ് ജനങ്ങളെ കുറ്റപ്പെടുത്താതെ, പരാതിയും പരിഭവവും പറയാതെ താല്പര്യപൂർവ്വം വന്ന ജനങ്ങളെ യേശു പഠിപ്പിക്കുന്നു. സങ്കീർണ്ണമായ ജീവിത പ്രശ്നങ്ങൾക്ക് ഉത്തരം നൽകുന്നു.

ഈ സാഹചര്യത്തിലും ജനങ്ങൾ തങ്ങൾക്ക് വിശക്കുന്നുവെന്ന് പരാതിപ്പെടുന്നില്ല. ശിഷ്യന്മാരാണ് അതൊരു ബാധ്യതയായി തീരുമോ എന്നു കരുതി അവരെ ഭക്ഷണം വാങ്ങി കഴിക്കുവാനായി ഗ്രാമങ്ങളിലേക്ക് പറഞ്ഞയക്കാൻ ആവശ്യപ്പെടുന്നത്. ബി.സി.സി. യൂണിറ്റുകൾ സഭയുടെ ചെറുപതിപ്പായി ത്തീരണമെന്നും അല്മായ പങ്കാളിത്തത്തിലൂടെ ശുശ്രൂഷാ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തി ജനങ്ങളുടെ ആവശ്യങ്ങൾക്ക് ഉത്തരം നൽകണമെന്നും ആഗ്രഹിക്കുന്ന നാം ഓരോരുത്തരും യേശുവിന്റെ ഉത്തരം ആത്മാർത്ഥമായി ധ്യാനിക്കണം. യേശു ശിഷ്യന്മാരോടു പറഞ്ഞു "നിങ്ങൾ തന്നെ അവർക്ക് ഭക്ഷിക്കുവാൻ കൊടുക്കുവിൻ".

നമ്മുടെ യൂണിറ്റു അംഗങ്ങൾ നേരിടുന്ന പല പ്രശ്നങ്ങളും പുറമെ നിന്നും ആരെങ്കിലും വന്ന് പരിഹരിക്കട്ടെയെന്ന് കരുതുന്ന നമ്മോട് യേശു പറയുന്നു "നിങ്ങൾ തന്നെ അവർക്ക് ഉത്തരം നൽകുവിൻ. നിങ്ങൾക്ക് അതിന് സാധിക്കും". അവരിൽ ആത്മവിശ്വാസം ഉണർത്തുന്നു. അപ്പോഴാണ് അത്ഭുതം സംഭവിക്കുന്നത്. അതെങ്ങനെ സംഭവിക്കുന്നു എന്നാണ് നാം വിലയിരുത്തേണ്ടത്. യേശുവിന്റെ ചോദ്യമാണ് അതിലേക്ക് നയിക്കുന്നത് "നിങ്ങളുടെ കൈവശം എന്തുണ്ട്? ചെന്നു നോക്കുവിൻ".

അതേവരെ സാധ്യതകൾ ആരായാതെ, ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറുവാൻ ശ്രമിച്ച ശിഷ്യന്മാർ അന്വേഷിക്കുവാൻ തുടങ്ങി. അപ്പോഴാണ് അവർ കണ്ടെത്തിയത് അഞ്ച് അപ്പവും രണ്ട് മീനും അവരിലൊരാളുടെ (ഒരു ബാലന്റെ) കൈവശമുണ്ടെന്ന്. അതുപയോഗിച്ചാണ് യേശു അയ്യായിരത്തിലധികം വരുന്ന ജനത്തെ തീറ്റിപ്പോറ്റിയത്.

നമ്മുടെ യൂണിറ്റിലും അത്ഭുതം സാധ്യമാണ് ഇന്നും. നാം ഒത്തൊരുമിച്ച്, ഏറെ പ്രത്യേകിച്ച് യൂണിറ്റ് ഭാരവാഹികളും ശുശ്രൂഷാ പ്രതിനിധികളും തങ്ങളുടെ കൈവശമുള്ള, ദൈവം ദാനമായി നൽകിയ സമയം, അറിവ്, ആരോഗ്യം, സമ്പത്ത് എന്നിവയുടെ ഒരോഹരി പൊതുനന്മയ്ക്കായി പങ്കുവയ്ക്കാൻ തയ്യാറാകണം. യേശു പറയുന്നു: ഞാൻ തയ്യാറാണ്; നിങ്ങൾ തയ്യാറാണോ, നിങ്ങളുടെ പക്കൽ എന്തുണ്ടെന്ന് അന്വേഷിക്കുവാൻ, അത് പങ്കുവയ്ക്കുവാൻ. എങ്കിൽ നമുക്ക് ഒരുമിച്ച് അത്ഭുതം പ്രവർത്തിക്കാം. അതിനായ് നമുക്ക് പ്രാർത്ഥിക്കാം. കൂട്ടായ് പ്രവർത്തിക്കാം.

### 8. ചർച്ച

1. നാം ശ്രവിച്ച വചനത്തിന്റേയും വിചിന്തനത്തിന്റേയും പശ്ചാത്തലത്തിൽ നമ്മുടെ യൂണിറ്റിൽ/ഇടവകയിൽ അടിയന്തിരമായി പരിഹരിക്കപ്പെടണം എന്നാഗ്രഹിക്കുന്ന രണ്ട് പ്രധാന വിഷയങ്ങൾ കണ്ടെത്തുക.
2. ഇവ പരിഹരിക്കുവാനായി നമ്മുടെ ഇടവകയിൽ/യൂണിറ്റിൽ പ്രവർത്തിക്കുന്ന ശുശ്രൂഷാ സമിതികളിലൂടെ എന്തു ചെയ്യാനാകുമെന്ന് ഓരോ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുക.

### 9. റിപ്പോർട്ട്.

### 10. ഹാജർ

### 11. പൊതു അറിയിപ്പ്

a. യൂണിറ്റിൽ നിന്നും ഈ മാസം ജന്മദിനം, വിവാഹവാർഷികം എന്നിവ ആഘോഷിക്കുന്നവരെയും കലാ-കായിക രംഗങ്ങളിൽ സ്കൂൾ, കോളേജ് തലത്തിൽ വിജയം കരസ്ഥമാക്കിയവരേയും പ്രത്യേകം ക്ഷണിച്ച് അനുമോദിക്കുക.

b. നവംബർ മാസമായതിനാൽ കഴിഞ്ഞ ഒരു വർഷം നമ്മുടെ യൂണിറ്റിൽ നിന്നും മരണമടഞ്ഞ അംഗങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

c. ഓരോ ശുശ്രൂഷാ പ്രതിനിധികളും ഇടവക/രൂപതാതലത്തിൽ എടുത്ത തീരുമാനങ്ങൾ, അറിയിപ്പുകൾ പങ്കുവയ്ക്കുക.

### 12. വിശ്വാസികളുടെ പ്രാർത്ഥന

### 13. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

### 14. സമാപനഗാനം

### 15. സ്നേഹവിരുന്ന്.

### 16. നന്ദി

*തയ്യാറാക്കിയത്*
**ഫാ. മൈക്കൾ തോമസ്**
ബി.സി.സി. എക്സി. സെക്രട്ടറി

---

NB: 1. വികാരിയച്ചന്റെ അറിവോടെ ഇടവകയിൽ നിന്നും മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷനിൽ പങ്കെടുത്ത പ്രതിനിധികളെ ക്ഷണിച്ച് അവരുടെ അനുഭവം പങ്കുവയ്ക്കാൻ ആവശ്യപ്പെടുക.

2. യൂണിറ്റിലെ ശുശ്രൂഷാ പ്രതിനിധികളോട് അവരവരുടെ പ്രവർത്തനറിപ്പോർട്ട് പങ്കുവയ്ക്കുവാൻ ഒരുങ്ങി വരണമെന്ന് മുൻകൂട്ടി അറിയിക്കുക.

# വചനജ്വാല

**2017 ഡിസംബർ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**



## നമ്മുടെ കുടുംബകൂട്ടായ്മകളിൽ

# ഉണ്ണിയേശു പിറക്കട്ടെ

1. പരിശുദ്ധാത്മാവിന്റെ ഗാനം
   ബൈബിൾ വന്ദനം
2. സ്വാഗതം: കുടുംബനാഥൻ/നാഥ
3. ആമുഖം

ഡിസംബർ മാസം എന്നു കേൾക്കുമ്പോൾ മഞ്ഞിന്റെ കുളിർമയും ദിവ്യഉണ്ണിയുടെ പിറവിത്തിരുന്നാളിന്റെ ഒരുക്കങ്ങളും ക്രിസ്തുമസ് ആഘോഷങ്ങളുമാണല്ലോ മനസിൽ നിറഞ്ഞു വരിക. വർഷങ്ങൾ പിന്നിടുന്തോറും ക്രിസ്തുമസ് ആഘോഷങ്ങളിലെ ഗൃഹാതുരത്വവും നൈർമല്യവും അന്യമാവുകയും അതിഭൗതികമായ ആഡംബരതയും കമ്പോളവല്ക്കരണവും കടന്നു കൂടുകയും ചെയ്യുന്നു. ഒരുകാലത്ത് ഭവനങ്ങളിൽ ഉണ്ടാക്കിയ പലഹാരവും സമ്മാനങ്ങളും കൂട്ടുകാരും അയൽവാസികളുമായി കൈമാറിയിരുന്ന സ്ഥാനത്ത് ഇപ്പോൾ വിലയുടെ അടിസ്ഥാനത്തിൽ മൂല്യം നിശ്ചയിക്കപ്പെടുന്ന, അത്യാധുനിക ഹൈടെക് സമ്മാനങ്ങളും വൈയക്തികമായി ഒരു ബന്ധവുമില്ലാതെ മറ്റാരൊക്കെയോ പാചകം ചെയ്ത് വില്ക്കപ്പെടുന്ന പലഹാരങ്ങൾ ചടങ്ങ് തീർക്കുന്ന മട്ടിൽ പങ്കുവയ്ക്കുന്ന ഒരു സംസ്ക്കാരത്തിലേക്ക്, ജീവിതശൈലിയിലേക്ക് നമ്മൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ഈ സാഹചര്യത്തിലാണ് ഈ മാസത്തെ നമ്മുടെ കുടുംബയോഗം അന്യമാകുന്ന മനുഷ്യബന്ധങ്ങളെയും നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്ന സുവിശേഷ മൂല്യങ്ങളെയും തിരികെപ്പിടിക്കുവാനുള്ള വേദിയാക്കി മാറ്റേണ്ടത്. ക്രിസ്തുമസിന് ഒരുക്കമായി നമ്മൾ നടത്തുന്ന ഈ കുടുംബകൂട്ടായ്മയിൽ ഇന്നും പലവിധ കാരണങ്ങളാൽ ദിവ്യഉണ്ണി പിറക്കില്ലായെന്നും ക്രിസ്തുമസ് ആഘോഷിക്കാൻ കഴിയില്ലായെന്ന് നിരാശയിൽ കഴിയുന്ന വ്യക്തികളെ, കുടുംബങ്ങളെ കണ്ടെത്തി പ്രതീക്ഷയും സമാധാനവും പങ്കുവയ്ക്കുവാൻ നമുക്കു ശ്രമിക്കാം.

### 4. യേശുവിനെ ക്ഷണിക്കൽ

മനുഷ്യാവതാരം ചെയ്ത് ഇമ്മാനുവേൽ എന്ന പേരു സ്വീകരിച്ചുകൊണ്ട്, പലവിധമായ കഷ്ടതയിലും കടക്കെണിയിലും രോഗദുരിതങ്ങളിലും കഴിയുന്ന മനുഷ്യരുടെ കൂടെ വസിച്ചുകൊണ്ട്, സന്തോഷവും സമാധാനവും പ്രതീക്ഷയും നല്കുവാനാഗ്രഹിക്കുന്ന യേശുവിനെ നമ്മുടെ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം.

### 5. വചനഗീതി

### 6. ദൈവവചന പാരായണം (ലൂക്കാ 2:8-20)

### 7. വചനവിചിന്തനം

രക്ഷാകര ചരിത്രവുമായി ബന്ധപ്പെടുത്തി യേശുവിന്റെ ജനനത്തെക്കുറിച്ച് ധ്യാനിക്കുമ്പോൾ, പാപികളെന്ന് മുദ്രകുത്തപ്പെട്ട, ജാതീയ - മേലാളിത്ത വ്യവസ്ഥിതിയുടെ പേരിൽ സമൂഹത്തിൽ നിന്നും മാറ്റിനിർത്തപ്പെട്ട, രോഗദുരിതങ്ങളാൽ കഷ്ടതയനുഭവിക്കുന്ന മനുഷ്യരുടെ മോചനത്തിനായിട്ടാണ് യേശു മനുഷ്യാവതാരം ചെയ്തതെന്ന് മനസിലാക്കുവാൻ സാധിക്കും. പാവങ്ങളോടും സമൂഹത്തിന്റെ അതിർവരമ്പുകളിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ കഴിയുന്ന ദുർബല വിഭാഗത്തോടും പക്ഷം ചേരുവാനുള്ള ബോധപൂർവ്വമായ ദൈവീക തെരഞ്ഞെടുപ്പാണ് യേശുവിന്റെ കാലിത്തൊഴിത്തിലെ ജനനം.

ചലനാത്മകവും രക്ഷാകരവുമായ ദൈവത്തിന്റെ ജീവിക്കുന്ന വചനത്തിലൂടെ പ്രപഞ്ചം മുഴുവനും സൃഷ്ടിച്ച ദൈവത്തിന് തന്റെ പുത്രന് ജന്മമേകുവാൻ ഏറ്റവും നല്ല സൗകര്യമുള്ള ഒരു സ്ഥലം യാതൊരു ബുദ്ധിമുട്ടും കൂടാതെ ക്രമീകരിക്കാമായിരുന്നു. എന്നാൽ രക്ഷകനായ ദിവ്യഉണ്ണി കാലിത്തൊഴുത്തിൽ ജനിക്കണമെന്നത്, ദരിദ്രരോടും നിരാലംബരോടുമുള്ള ദൈവത്തിന്റെ പക്ഷം ചേരലിന്റെ ഭാഗമായി മുൻകൂട്ടി നിശ്ചയിച്ച പദ്ധതിയാണ്. ജനനശേഷവും ഈ പക്ഷം ചേരൽ ദൈവം ആവർത്തിക്കുന്നു. യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള സദ്വാർത്ത ആദ്യമായി അറിയിക്കുന്നത് സമൂഹത്തിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ കഴിഞ്ഞ ആട്ടിടയന്മാരോടാണ്. ബൗദ്ധികമായ ചർച്ചകൾക്കോ സംവാദത്തിനോ ഇടം നല്കാതെ, സമയം കളയാതെ, യേശുവിന്റെ ജനനവാർത്ത അറിഞ്ഞ മാത്രയിൽ തന്നെ നിഷ്ക്കളങ്കതയോടെ ഇടയന്മാർ തിടുക്കത്തിൽ യാത്രയാകുന്നു. ദിവ്യഉണ്ണിയെ കാണുവാനും ആരാധിക്കുവാനുമായി അവർ കാലിത്തൊഴുത്തിൽ എത്തി പരിശുദ്ധ മറിയത്തോടും വിശുദ്ധ യൗസേപ്പിനോടുമൊപ്പം ഉണ്ണീശോയെ കണ്ട് ആരാധിക്കുന്നു. മാത്രമല്ല അവർക്കുണ്ടായ രക്ഷയുടെ അനുഭവം, സദ്വാർത്ത പ്രദേശവാസികളുമായി പങ്കുവയ്ക്കുന്നു.

ഹൃദ്യമായ ആട്ടിടയന്മാരുടെ ഈ അനുഭവം അനുസ്മരിച്ചുകൊണ്ടാണ് നമ്മുടെ കുടുംബകൂട്ടായ്മയും ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷിക്കേണ്ടത്. നമുക്ക് ക്രിസ്തുമസ് ആഘോഷങ്ങളുടെ യഥാർത്ഥ ചൈതന്യത്തോട് നീതി പുലർത്തണമെങ്കിൽ നമ്മുടെ യൂണിറ്റിൽ, ഇടവകയിൽ, ജാതി - മത - വർണ്ണങ്ങൾക്കതീതമായി, പലവിധ കാരണങ്ങളാൽ ദാരിദ്രത്തിലും - നിരാശയിലും ഒറ്റപ്പെട്ടും കഴിയുന്ന വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തണം. അവർക്ക് മാന്യമായ രീതിയിൽ, അർത്ഥപൂർണ്ണമായ ക്രിസ്തുമസ് ആഘോഷിക്കുവാൻ വേണ്ട ക്രമീകരണം നാം ചെയ്യണം. അങ്ങനെ ഉണ്ണീശോയ്ക്ക് നമ്മുടെ കുടുംബകൂട്ടായ്മകളിൽ പിറക്കുവാൻ വേദിയൊരുക്കണം. അതിനായ് നമുക്കുള്ളതിന്റെ ഓഹരി വിധവയുടെ ചില്ലിക്കാശുപോലെ പങ്കുവയ്ക്കുവാൻ സാധിക്കട്ടെ.

### 8. ചർച്ചയും ദൗത്യം ഏറ്റെടുക്കലും

a. നാം കേട്ട വചനത്തിന്റേയും വിചിന്തനത്തിന്റേയും പശ്ചാത്തലത്തിൽ നമ്മുടെ യൂണിറ്റിലും, നമുക്കു ചുറ്റും ക്രിസ്തുമസ് ആഘോഷിക്കുവാൻ സാധിക്കാതെ കഴിയുന്ന വ്യക്തികളെ/കുടുംബങ്ങളെ കണ്ടെത്തുക.

b. ഈ വ്യക്തികൾക്ക്/കുടുംബങ്ങൾക്ക് അർത്ഥപൂർണ്ണമായി ക്രിസ്തുമസ് ആഘോഷിക്കുവാൻ നമ്മുടെ കുടുംബകൂട്ടായ്മയ്ക്ക് എന്തുചെയ്യുവാൻ കഴിയുമെന്ന് ചർച്ച ചെയ്ത് തീരുമാനിക്കുക.

c. കൂട്ടായ്മയിൽ എടുക്കുന്ന തീരുമാനം ക്രിസ്തുമസിനുമുമ്പായി ബന്ധപ്പെട്ട വ്യക്തികൾക്ക്/കുടുംബങ്ങൾക്ക് ഉത്തരവാദപ്പെട്ടവരുടെ അറിവോടെ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

### 9. റിപ്പോർട്ട്.

### 10. ഹാജർ

### 11. പൊതു അറിയിപ്പ്

a. ഓരോ ശുശ്രൂഷാ പ്രതിനിധികളും അതാതു ശുശ്രൂഷാ സമിതി സ്വീകരിച്ച തീരുമാനം യൂണിറ്റിൽ പങ്കുവയ്ക്കുന്നു.

b. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ക്രിസ്തുമസ് കുടുംബത്തിന് പരസ്പരം സമ്മാനം കൈമാറുന്നു.

c. ഈ മാസം യൂണിറ്റിൽ നിന്നും ജന്മദിനം, വിവാഹവാർഷികം, പ്രത്യേക വിജയം കരസ്ഥമാക്കിയവരെ ക്ഷണിച്ച് അനുമോദിക്കുന്നു.

### 12. വിശ്വാസികളുടെ പ്രാർത്ഥന

### 13. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

**14.** ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് പിറവിത്തിരുന്നാളിന്റെ സന്ദേശം കൈമാറുന്ന യൂണിറ്റ് അംഗങ്ങളുടെ കലാപരിപാടികൾ മുൻകൂട്ടി പരിശീലനം നടത്തി അവതരിപ്പിക്കാവുന്നതാണ്.

**15.** യൂണിറ്റ് അംഗങ്ങളുടെ കൂട്ടായ്മയുടെ പ്രതീകമായി കരോൾ ഗാനം നേരത്തെ പരിശീലനം നടത്തി എല്ലാവരും ഒത്തൊരുമിച്ച് പാടുന്നു.

**16.** കേക്ക് മുറിക്കലും സ്നേഹവിരുന്നു.

*തയ്യാറാക്കിയത്*
**ഫാ. മൈക്കൾ തോമസ്**
ബി.സി.സി. എക്സി. സെക്രട്ടറി

---

NB: ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി പ്രത്യേകമാംവിധം നടത്തപ്പെടുന്ന യൂണിറ്റ് യോഗങ്ങളായതിനാൽ ഇടവക ബി.സി.സി. കോ-ഓർഡിനേറ്ററും സിസ്റ്റർ ആനിമേറ്ററും റിസോഴ്സ് ടീം അംഗങ്ങളും വികാരിയച്ചന്റെ അറിവോടെ ഓരോ യൂണിറ്റിലും വേണ്ട മുന്നൊരുക്കം നടത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാകുന്നു.

ഇളം തൂവൽ



# പള്ളിത്തുറ ഹയർ സെക്കൻഡറി സ്കൂൾ



തിരുവനന്തപുരം അതിരൂപതയുടെ കീഴിൽ അച്ചടക്കത്തിലും മികച്ച വിജയശതമാനത്തിലും ഉയർന്ന നിൽക്കുന്ന സ്കൂളാണ് പള്ളിത്തുറ ഹയർ സെക്കണ്ടറി സ്കൂൾ. 1866 ൽ ഒന്നും രണ്ടും ക്ലാസുകൾ മാത്രമായി ആരംഭിച്ച ഈ സ്കൂൾ 1902 ൽ നാലാം ക്ലാസോടുകൂടി എൽപി സ്കൂളായി ഉയർത്തി. 1964 ഹൈസ്കൂൾ ആയും 1998 ൽ ഹയർ സെക്കണ്ടറിയായും സ്കൂൾ ഉയർത്തപ്പെട്ടു. വില്യം ബെൻഡിക് പ്രഭുവിന്റെ കാലത്ത് ആരംഭിച്ച ഈ വിദ്യാലയം 1961 ലാണ് തിരുവനന്തപുരം അതിരൂപതയുടെ ഭാഗമായി മാറിയത്. ഭാരതം എന്ന രാജ്യത്തെ ലോകശ്രദ്ധയിൽ എത്തിച്ച വിഎസ്എസ്സി എന്ന സംരംഭത്തെ വളരാൻ അനുവദിച്ച ത്യാഗോജ്ജ്വലഭൂമിയാണ് പള്ളിത്തുറ ഗ്രാമം. മത്സ്യത്തൊഴിലാളികളായ ഇവിടത്തെ ജനതയുടെ സർവവും ദാനമായി ഈ ഉദ്യമത്തിനായി നൽകി. ധർമ്മം, നീതി, മനുഷ്യത്വം എന്നിങ്ങനെയുള്ള മാനുഷിക മൂല്യങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന വിദ്യാലയമാണിത്. പാഠ്യവിഷയങ്ങളിൽ മാത്രമല്ല, പാഠ്യേതര വിഷയങ്ങളിലും ഈ സ്കൂൾ മികവ് പുലർത്തിവരുന്നു. തിരുവനന്തപുരം ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട് വിവിധ കലാകായിക മത്സരങ്ങളിൽ സംസ്ഥാന ദേശീയ തലത്തിൽ മാറ്റുരയ്ക്കാൻ ഇവിടുത്തെ വിദ്യാർത്ഥികൾക്ക് കഴിയുന്നുണ്ടെന്നത് അഭിമാനമുള്ളകാര്യമാണ്.

2015 ഫെബ്രുവരി 23 ന് ഇന്ത്യയുടെ മിസൈൽമാൻ എന്ന് അറിയപ്പെടുന്ന അബ്ദുൽ കലാമിന്റെ പാദസ്പർശമേൽക്കാനും ഈ വിദ്യാലയത്തിന് ഭാഗ്യം ലഭിച്ചു. അന്നേ ദിവസം ആ മഹത്വ്യക്തി ഇവിടുത്തെ വിദ്യാർത്ഥികളുമായി സംവദിക്കാനും സമയം കണ്ടെത്തി. ധീരതയ്ക്കുള്ള അവാർഡ് നേടി ബിഥോവൻ എന്ന വിദ്യാർത്ഥി ഈ വിദ്യാലയത്തിന്റെ പേര് രാജ്യാന്തരതലത്തിലെത്തിച്ചു. വളർച്ചയുടെയും ഉയർച്ചയുടെയും ധാരാളം പടവുകൾ ഞങ്ങൾക്കിനിയും കയറിത്തീർക്കാനുണ്ട്. സർവശക്തനായ ദൈവത്തിൽ വിശ്വാസമർപ്പിച്ച് പ്രാർത്ഥനയോടെ ഇവിടുത്തെ അധ്യാപക സമൂഹം വിദ്യാർത്ഥികളെ കൈപിടിച്ച് നടത്തുന്നു. സ്കൂളിന്റെ നല്ല നടത്തിപ്പിന് തിരുവനന്തപുരം അതിരൂപതയിൽ മാറിമാറിവരുന്ന കോർപ്പറേറ്റ് മാനേജർമാരും കമ്മിറ്റി അംഗങ്ങളും പിടിഎയും പ്രധാന അധ്യാപകരും മുഖ്യപങ്കുവഹിക്കുന്നു. ഇനിയും ചരിത്രത്തിന്റെ മുഖ്യധാരയിൽ നന്മയുടെ പൊൻതൂവൽ ചാർത്താൻ ഈ വിദ്യാലയത്തിന് കഴിയും.











# കൊടുങ്കാറ്റ്

ഒരു പൂന്തെന്നലായി നീ
എന്നെ തലോടി
ആർദ്രമാം എൻ നെഞ്ചിലെ
പൊൻതൂവലായി നീ എന്നെ
പുണർന്നു.
അലകടലിലെ ഓളമേ നീ
ഞാൻ അതിൽ വെറും ചെറുമീനായി
നീന്തിത്തുടിക്കവേ
ഇളംകാറ്റുമായി അവൻ വന്നു
പിന്നെ മൂർച്ചയുള്ള കൊടുങ്കാറ്റായി നീ
ഒന്നുമേ അവശേഷിക്കാത്ത ഇവിടെ
എന്തിനെന്നറിയാതെ ഞാൻ നില്പൂ.
അവശേഷിപ്പിച്ചതെന്തു നീ
സ്പർദ്ധയും നോവും മാത്രമോ
ഞാനും എന്റെ ചിന്തയും
എന്റെ മൗനവും ബാക്കിയായി.

- ഫിദ ഫാത്തിമ
പ്ലസ്-ടു

ജെ. സി



# വല്ലാർപാടം നൽകുന്ന പാഠം

ഇക്കഴിഞ്ഞ ഒക്ടോബർ 6,7,8 തീയതികളിൽ പന്ത്രണ്ട് ലത്തീൻ കത്തോലിക്ക രൂപതകളിൽ നിന്നായി 3500 ഓളം പ്രതിനിധികൾ പങ്കെടുത്ത വല്ലാർപാടം സമ്മേളനം, ലത്തീൻ കത്തോലിക്കാസമൂഹത്തിന്റെ ചരിത്രത്തിലെ ഒരു നാഴിക കല്ലായിമാറി. ഇതൊരു പ്രേഷിതസംഗമമായിരുന്നു. ലത്തീൻ സഭയെ ഒരേ വീക്ഷണവും സംവിധാനവുമുള്ള ഒരു പങ്കാളിത്തസഭയാക്കാൻ സ്വപ്നം കാണുന്ന ഒരു ജനതയുടെ കൂടിവരവ്. ഇതൊരു സാംസ്കാരിക സംഗമം കൂടിയായിരുന്നു. ലത്തീൻ പാരമ്പര്യങ്ങളെയും തനിമകളെയും സംസ്കാരത്തിൽ ആഴത്തിൽ വേരോടുന്ന ലത്തീൻ സമ്പ്രദായങ്ങളെയും പഠിക്കാനുള്ള അവസരംകൂടിയായി മാറി.

സഭാസംവിധാനത്തിൽ അല്മായ പങ്കാളിത്തം ഉറപ്പാക്കുക മാത്രമല്ല സഭയുടെ ദൗത്യനിർവഹണത്തിൽ അല്മായർക്ക് വലിയൊരു നേതൃത്വം വഹിക്കാനുണ്ട് എന്ന തിരിച്ചറിവാണ് ഈ സമ്മേളനം നൽകുന്നത്. സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നൽകിയ അലക്സാണ്ടർ ജേക്കബ് ഐപിഎസ് ഇപ്രകാരം പറഞ്ഞത് ശ്രദ്ധേയമാണ്. "സഭയുടെ ഏറ്റവും നല്ല പ്രവർത്തനം മിഷൻ പ്രവർത്തനമാണ്. ഏത് പ്രൊഫഷനിൽ നിന്നുകൊണ്ടായാലും നാം അനുഷ്ഠിക്കുന്ന പ്രവർത്തനങ്ങളിലൂടെ നാമൊരു കത്തോലിക്കനാണെന്നും ഇതാണ് ക്രിസ്തീയ സഭയെന്നും മറ്റുള്ളവർ തിരിച്ചറിയണം. അതുവഴി സഭയിലേക്കും വിശ്വാസത്തിലേക്കും എത്തിച്ചേരണം." അടിസ്ഥാനപരമായി സദാ ചലിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് ക്രൈസ്തവസഭ. ആയിരിക്കുന്നിടത്ത് ആയിരിക്കുന്ന അവസ്ഥയിൽ യേശുവിന് സാക്ഷ്യം വഹിച്ച് ജീവിച്ചുകാണിക്കുകയാണ് നാം ചെയ്യേണ്ടത്.

മിഷൻ കോൺഗ്രസിന്റെ രണ്ടാംദിനം പ്രതിനിധികളെ സംബന്ധിച്ചിടത്തോളം അവിസ്മരണീയമായ ഒരനുഭവമായിരുന്നു. താമസസൗകര്യം വീടുകളിൽ ഒരുക്കിയത് ഊഷ്മളമായ സ്നേഹാനുഭവമായിമാറി. 22 സെക്ടറുകളിലായി നടന്ന കൂടിച്ചേരലുകൾ നല്ലൊരുപഠനത്തിന് അവസരമൊരുക്കിയെന്നതിനേക്കാൾ ഓരോ രൂപതയിലെയും അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ പ്രവർത്തനം പങ്കുവയ്ക്കുന്ന വേദികൂടിയായിമാറി. വരാപ്പുഴ, ആലപ്പുഴ, കൊച്ചി, കോട്ടപ്പുറം രൂപതകളിലെ വിവിധ ഇടവകകൾ പ്രതിനിധികളെ വാദ്യമേളത്തോടെ സ്വീകരിച്ചത് ഒരു പുത്തൻ അനുഭവമായി പ്രതിനിധികൾക്ക് മാറി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവരുടെ സംഘാടക പാടവത്തിന്റെ മികവ് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

മിഷൻ കോൺഗ്രസിൽ അവതരിപ്പിച്ച മിഷൻ ലിങ്കേജ് പ്രോഗ്രാം ഏറെ കാലിക പ്രസക്തിയുള്ളതായി മാറി. കേരളത്തിലെ 12 ലത്തീൻ രൂപതകൾ ഉത്തരേന്ത്യയിലെ പന്ത്രണ്ട് രൂപതകളിലെ പ്രവർത്തനങ്ങൾ അടുത്തറിയുകയും അവരുമായി വിഭവങ്ങൾ പങ്കുവയ്ക്കലും ചെയ്യുന്ന ഈ പരിപാടി വൈദികരും സന്യസ്ഥരും മാത്രമല്ല അതിലേറെ അല്മായ മിഷണറിമാരെ രൂപപ്പെടുത്താൻ കേരള ലത്തീൻ സഭയ്ക്ക് കിട്ടുന്ന വലിയൊരു അവസരംകൂടിയാണ്. ഭാരതത്തിലെ ലത്തീൻ സഭയെ ഊർജ്ജിതമാക്കാൻ കേരള ലത്തീൻസഭയ്ക്ക് കിട്ടുന്ന ഒരു സുവർണാവസരം കൂടിയാണ്. കേരളത്തിൽ നിന്ന് വിദേശരാജ്യങ്ങളിൽ സഭാ പ്രവർത്തനത്തിന് അനേകം വൈദികരെയും സന്യസ്ഥരെയും നാം അയക്കുന്നുണ്ട്. അതിലേറെ പ്രാധാന്യം നാം നൽകേണ്ടത് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് നമ്മുടെ വൈദികരെയും സന്യസ്ഥരെയും മിഷണറിമാരായി അയക്കാനാവണം. വല്ലാർപാടം സമ്മേളനം കേരള ലത്തീൻ സഭയെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ ഒരു വഴിത്തിരിവായി മാറട്ടെ.

# കൗൺസലിംഗ് സേവനങ്ങൾ

തിരുവനന്തപുരം അതിരൂപതാ കുടുംബ പ്രേഷിത ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ

Latin Archdiocese of Trivandrum - Samanwaya, Vellayambalam
Phone : +91471 2724001, +91 9397296213

| ക്രമ നം. | കൗൺസലിംഗ് സെന്ററുകൾ | ലഭ്യമാകുന്ന ദിവസങ്ങൾ | ബന്ധപ്പെടേണ്ട നമ്പർ |
|---|---|---|---|
| 1 | Samanwaya, Vellayambalam | All Days | 94001 01044 |
| 2 | Jubilee Hospital, Palayam | All Days | 0471 2334561 |
| 3 | Loyola Extension service, Sreekaryam | All Days | 0471 2595097 |
| 4 | Don Bosco Clinical Counselling & Psycho Therapy Centre, Monvila | All Days | 98475 44788<br>94959 13481 |
| 5 | Deva Matha Counselling Centre, Valiyathoppu | All Days | 85476 13879 |
| 6 | St. Jude's Church, Killipalam | Thursday | 0471 2343306 |
| 7 | Madre De Deus Church, Vettucaud (Christ the King Pilgrim Centre) | Friday | 0471 2503067 |
| 8 | St. Mary Magdalena Church, Pallithura | 2nd & 4th Saturday | 95269 76110 |
| 9 | Rosmini Convent, Cheriyathura | All Days | 94970 09857 |
| 10 | FMM Convent, Palayam | All Days | 94977 93344 |
| 11 | Kripalaya, Erayummanthurai | All Days | 94868 83423 |
| 12 | Nirmalalayam, Monvila - Kulathoor | All Days | 82811 23941 |
| 13 | Holy Spirit Convent, Poonkulam | All Days | 94951 24446<br>88480 75794 |
| 14 | Madona Bhavan, Kochupally | All Days | 96037 50520 |
| 15 | S.H Convent, Mongode | All Days | 96459 26459 |
| 16 | Patheksha IRCA, Shangumugham (Alcohol - Drug related counselling) | All Days | 0471 2504266 |
| 17 | Sneha counselling and training centre Ursuline Convent, Vizhinjam | All Days | 97443 62665 |

കൗൺസലിംഗ് മുൻകൂട്ടി ബുക്കുചെയ്യുന്നവർക്കുമാത്രം

## FAMILY HELPLINE
## 94 00 10 10 44

*Fr. A R John*
*Director*
*Family Apostolate*

Total Page 44
Pub. Date : 01.11.2017
RNI Registered NO. 36056/81 REG NO. KL/TV(S)266/2015-2017. WPP NO. KL/TV(S)WPP/171/2015-17 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Sterling Print House 9847900555, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor: Fr. Melkon.